# അഭയം - 2015

വാർഷികപ്പുസ്തകം

അഭയം–2015
വാർഷികപ്പുസ്തകം

പ്രസാധക
എ.ആർ. സിന്ധു (മാനേജിംഗ് ട്രസ്റ്റി)

ചീഫ് എഡിറ്റർ
അഡ്വ. ഗിരീഷ് എസ്. നായർ
(പ്രസിഡന്റ്, അഭയൻ സ്മാരകേന്ദ്രം ട്രസ്റ്റ്)

വർക്കിംഗ് എഡിറ്റർ
അർജുൻരാജ് പാലാഴി

പത്രാധിപസമിതി
ബി. സുനിൽ (സെക്രട്ടറി)
എ.ആർ. സാബു
ടി.എസ്. ബാബുരാജ്
പി.എസ്. രാജേഷ്
രാഹുൽ രാധാകൃഷ്ണൻ
രാഹുൽ പ്രസാദ്
അമൽ ജി കൃഷ്ണ

കവർ
രാഹുൽ രാധാകൃഷ്ണൻ

അച്ചടി
കളർവിഷൻ, കാഞ്ഞിരപ്പള്ളി

അഭയൻസ്മാരകകേന്ദ്രം ട്രസ്റ്റ്
രജിസ്റ്റർ നമ്പർ 3/14 Bk No.4
സാവിത്രി വീട്, പാട്ടുപാറ, പൊൻകുന്നം പി.ഒ.
കോട്ടയം – 686 506
ഫോൺ: 04828 -223920, 9495637757

e-mail: mailtoabhayan@gmail.com
website: www.abhayansmarakakendram.org

Not for sale : free of cost

# മുഖക്കുറിപ്പ്

അഭയന്റെ ജീവിതം അപൂർണമാണ് എന്ന തോന്ന ലല്ല അഭയൻസ്മാരകകേന്ദ്രത്തിന്റെ (ASK) പിറവിക്ക് കാരണം. 22 വർഷത്തെ ചുരുങ്ങിയ കാലഘട്ടംകൊണ്ടു തന്നെ സ്വന്തം ജീവിതത്തിന്റെ അർത്ഥം കണ്ടെത്താനും സമൂഹത്തിന് വെളിച്ചമാവാനും അഭയന് കഴിഞ്ഞിരുന്നു. അതുകൊണ്ടുതന്നെ അപൂർണമായതിന്റെ പൂർത്തീകരണ മല്ല ASK-ന്റെ ലക്ഷ്യം; പൂർണതയുടെ തുടർച്ചയാണ്. അഭ യൻ എന്ന ഊർജ്ജസ്വലനായ യുവാവ് കൈവച്ച മേഖല കളും ഉയർത്തിക്കൊണ്ടു വന്ന പ്രതിഭകളും അവിടവിടങ്ങ ളിൽ സൃഷ്ടിച്ചെടുത്ത സുഹൃദ്വലയങ്ങളും നിരവധിയാണ്. അഭയൻ ചെയ്തിരുന്നതുപോലെതന്നെ ഈ സുഹൃദ്വലയ ങ്ങളുടെ കണ്ണിപൊട്ടാതെ കാത്ത്, സമൂഹത്തിനും നല്ല നാളേയ്ക്കും വെളിച്ചമാവുന്ന ക്രിയാത്മകവും സർഗ്ഗാത്മക വുമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ASKന് കഴിയേണ്ട തുണ്ട്.

വർഷത്തിലൊരിക്കൽ നടക്കുന്ന ഒത്തുചേരലിൽ അവസാനിക്കേണ്ടതല്ല ASKന്റെ പ്രവർത്തനങ്ങൾ. അതിന് തുടർച്ചയുണ്ടാവണം. കല, സാഹിത്യം, ഭാഷ, ചരിത്രം, സാമൂഹികപഠനം, രാഷ്ടീയം, ഉത്പാദന, സേവനമേഖല കൾ തുടങ്ങിയ മേഖലകളിലൊക്കെ പഠനങ്ങളും സക്രിയ മായ ഇടപെടലുകളും നടത്താൻ നമുക്കാവണം. 'അഭയം 2015' ഇത്തരത്തിലുള്ള നിരവധി വിഷയങ്ങൾ ചർച്ചചെയ്യാ നുള്ള വേദികൂടിയാണ്.

ഈ പ്രസിദ്ധീകരണം 'അഭയം-2014'ന്റെയും തുടർന്നുള്ള ഒരു വർഷത്തെ ട്രസ്റ്റിന്റെ പ്രവർത്തനങ്ങളു ടെയും ഒരു റിപ്പോർട്ടാണ്. നമ്മുടെ പ്രവർത്തനങ്ങളുടെ രേഖനത്തിനും പുനർവായനയ്ക്കും ഇത് ഉപകരിക്കുമെന്ന് കരുതുന്നു.

ചീഫ് എഡിറ്റർ

# ഉള്ളടക്കം

1 പ്രഭാഷണങ്ങൾ
കെ.എൻ. രവീന്ദ്രനാഥ് - (അദ്ധ്യക്ഷപ്രസംഗം) ...... 6
പ്രഭാത് പട്നായിക് - (അനുസ്മരണപ്രഭാഷണം) ..... 17

2. ബദലന്വേഷണങ്ങൾ
ചരമദിനാചരണം പോലും രാഷ്ട്രീയ പ്രവർത്തനമാണ് .... 30
തീയറ്റർ ഹട്ട് .... 32
ഹാർട്ട് അറ്റാക്ക് ബാൻഡ് .... 34
വായനശാലകൾ കമ്പോളസംസ്കാരത്തിനെതിരെ .... 36
മലബാർ മീറ്റ്സ്, വയനാട് .... 39
പ്രകൃതികൃഷി എന്ന പ്രതിരോധം .... 43
മൈ പേപ്പർ ഫോർ എ മിഷൻ .... 46
ഒരു ബദൽമാധ്യമം എന്നനിലയിൽ PAG .... 48
ബദലിന്റെ രാഷ്ട്രീയം .... 53
അഭയനെ അവർ ഓർത്തപ്പോൾ .... 57
അഭയം 2014 .... 60
ബദൽരാഷ്ട്രീയത്തിന്റെ സാദ്ധ്യതകൾ .... 63

3. അഭയന്റെ തൂലികയിൽ നിന്ന്
കുതിര .... 68
മോണോ ആക്ട് .... 69

4. ഓർമ്മ
ഒരു കത്ത് - രഞ്ജിത്ത് .... 74
ജോവാൻ .... 78
9 ways to peacefully run the hall .... 82
അസ്സീസ്സി മാസിക .... 83

5. അഭയൻ സ്മാരക കേന്ദ്രം (ASK)
2014-15 വർഷത്തെ റിപ്പോർട്ടും വരവുചെലവുകണക്കും .... 86

Abhayan
Smaraka
Kendram

# പ്രഭാഷണങ്ങൾ

# ബദൽരാഷ്ട്രീയസാധ്യതയും നമ്മുടെ ബാദ്ധ്യതയും

## - കെ.എൻ. രവീന്ദ്രനാഥ്

(അഭയം 2014-ൽ നടത്തിയ അദ്ധ്യക്ഷപ്രസംഗം)

കോൺഗ്രസും ബി.ജെ.പിയും നമ്മുടെ രാജ്യത്ത് ഇന്നുള്ള രണ്ട് പ്രധാനപ്പെട്ട മുഖ്യധാരാരാഷ്ട്രീയ പാർട്ടികളാണ് (Mainstream Political Parties). കഴിഞ്ഞ മുപ്പത് വർഷമായി ഈ രണ്ട് പാർട്ടികൾക്കും ഒറ്റക്ക് ഭരിക്കുവാനുള്ള ഭൂരിപക്ഷം കിട്ടിയിരുന്നില്ല. ആ സാഹചര്യത്തിൽ അവർ രണ്ട് മുന്നണികൾ ഉണ്ടാക്കിക്കൊണ്ടാണ് കഴിഞ്ഞ മൂന്ന് പതിറ്റാണ്ടും ഇന്ത്യ ഭരിച്ചത്. എന്നാൽ, ഡോ. പ്രഭാത് പട്നായിക് ചൂണ്ടിക്കാട്ടിയതുപോലെ, നവലിബറൽ (Neo-liberal Policies) നയങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന ഇരുമുന്നണികളുടെയും സാമ്പത്തികനയം (Economic Programme) ഒന്നുതന്നെയാണെന്നതാണ് വാസ്തവം. കഴിഞ്ഞ മുപ്പത് വർഷത്തെ ഇടവേളയ്ക്കുശേഷം, ആദ്യമായി, ഒരൊറ്റ രാഷ്ട്രീയപാർട്ടിക്ക് ഒറ്റക്ക് ഭരിക്കുവാനുള്ള ഭൂരിപക്ഷം ലഭിക്കുന്ന സാഹചര്യം 2014 ലോക്സഭാ തിരഞ്ഞെടുപ്പോടുകൂടി ഇന്ത്യയിൽ ഉണ്ടായി.

280-ലേറെ സീറ്റുകൾ നേടിക്കൊണ്ട്

ബി.ജെ.പി. ഈ തിരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്തി. എങ്കിൽപ്പോലും, തിരഞ്ഞെടുപ്പിന് മുൻപ് അവരുണ്ടാക്കിയ രാഷ്ട്രീയസഖ്യങ്ങൾക്കുകൂടി പ്രാതിനിധ്യം നൽകിയാവും ഭരണം നടത്തുകയെന്ന് ബി.ജെപി. പ്രഖ്യാപിച്ചിട്ടുണ്ട്. അതനുസരിച്ച്, ഗവൺമെന്റ് രൂപീകരണ സമയത്ത് ചില പ്രാതിനിധ്യങ്ങൾ വന്നിട്ടുമുണ്ട്. മറുവശത്ത്, കോൺഗ്രസ് അവരുടെ ചരിത്രത്തിലില്ലാത്തതുപോലുള്ള വലിയ ഒരു തകർച്ചയെയാണ് അഭിമുഖീകരിക്കുന്നത്. ആ തകർച്ചയുടെ ഫലമായി ലോകസഭയിൽ ഒരു ഔദ്യോഗികപ്രതിപക്ഷം എന്ന സ്ഥാനംപോലും നഷ്ടപ്പെടുന്ന സ്ഥിതിയിൽ അവരെത്തിനിൽക്കുന്നു. എന്നാൽ, ഇടതുപാർട്ടികളും ഈ തിരഞ്ഞെടുപ്പിൽ വലിയ തിരിച്ചടിനേരിട്ടു എന്നതാണ് യാഥാർത്ഥ്യം. ഇടതുകക്ഷികളിലെ പ്രമുഖരാഷ്ട്രീയപാർട്ടിയായ സി. പി. ഐ (എം) ന് ലോകസഭയിലെ പ്രാതിനിധ്യം വീണ്ടും കുറഞ്ഞു. ഇത്തരമൊരു രാഷ്ട്രീയ സാഹചര്യമാണ് രാജ്യത്ത് ഇന്ന് നിലനിൽക്കുന്നത്.

ലോകസഭാതിരഞ്ഞെടുപ്പുഫലങ്ങൾ സൂക്ഷ്മമായി വിശകലനം ചെയ്താൽ ഒരുകാര്യം വ്യക്തമാവും. യു. പി. എ ഗവൺമെന്റിനോട് സഹകരിച്ച നിരവധി പാർട്ടികൾ ഇത്തവണയും കോൺഗ്രസിനൊപ്പംനിന്ന് തിരഞ്ഞെടുപ്പിനെ നേരിട്ടു. അവരിൽ ജാതിയെ ഊന്നി നിൽക്കുന്ന പാർട്ടികളുമുണ്ട്. ഇത്തരം കക്ഷികളൊക്കെ തകർന്നടിയുന്ന കാഴ്ചയാണ് നാം കണ്ടത്. ഉത്തർപ്രദേശിൽ മുലായംസിംഗ് യാദവിന്റെ സമാജ്‌വാദി പാർട്ടി (SP), മായാവതിയുടെ ബഹുജൻ സമാജ്‌വാദിപാർട്ടി (BSP), ബീഹാറിൽ ജനതാദൾ യുണൈറ്റഡ് (JDU) എന്നിവയൊക്കെ നേരിട്ട കനത്ത പരാജയം ഉദാഹരണങ്ങളാണ്. അതേസമയം ബി.ജെ.പി.യെ എതിർത്ത് തിരഞ്ഞെടുപ്പിൽ മത്സരിച്ച് 3 പ്രാദേശികപാർട്ടികൾ മികച്ച വിജയം നേടിയതും നാം കണ്ടു. തമിഴ്നാട്ടിൽ ജയലളിതയുടെ എ.ഐ.എ.ഡി.എം. കെ. (AIADMK)യും ബംഗാളിൽ മമതാ ബാനർജിയുടെ ത്രിണമൂൽ കോൺഗ്രസും (TC) ഒറീസയിൽ ബിജു ജനതാദളും (BJD) ഇത്തരത്തിൽ അവരവരുടെ സ്വാധീനശക്തി നിലനിർത്തിയ പ്രാദേശികകക്ഷികളാണ്.

ആന്ധ്രയിൽ തെലുങ്കാന സംസ്ഥാനരൂപീകരണത്തോടനുബന്ധിച്ചുണ്ടായ സംഭവവികാസങ്ങളെത്തുടർന്ന് തെലുങ്കുദേശം പാർട്ടി (TDP) ബി.ജെ.പിയുമായി ഐക്യമുണ്ടാക്കി മത്സരിച്ചു. ഇതേത്തുടർന്ന് തെലുങ്കുദേശം പാർട്ടിക്ക് വിശാല ആന്ധ്ര സംസ്ഥാനത്ത് അവരുടെ സ്വാധീനശക്തി നിലനിർത്താനും കഴിഞ്ഞു. തിരഞ്ഞെടുപ്പിനുശേഷം റ്റി.ഡി.പി നേതാവ് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞചെയ്ത് അധികാരമേറ്റെടുക്കുന്നതും നാം കണ്ടു. ഇങ്ങനെ, ഇന്ത്യയുടെ രാഷ്ട്രീയഭൂപടത്തിൽ വലിയ മാറ്റങ്ങൾക്ക് വഴിവച്ച തിരഞ്ഞെടുപ്പാണ് കടന്നുപോയത്.



അഭയം 2014 ന്റെ സദസ്സ്

ബി.ജെ.പി. ഭരിക്കുവാനുള്ള ഭൂരിപക്ഷം ഒറ്റക്ക് നേടിയത് എങ്ങനെയാണെന്നും നാം പരിശോധിക്കേണ്ടതുണ്ട്. ഇന്ത്യ ഇൻകോർപ്പറേറ്റ്സ് (India Incorporates) എന്ന് മാധ്യമങ്ങൾ വിശേഷിപ്പിക്കുന്ന ഇന്ത്യയിലെ കുത്തക കമ്പനികളുടെ അറിവോടും ആശിർവാദത്തോടും കൂടിയാണ് അവർ തിരഞ്ഞടുപ്പിനെ നേരിട്ടത്. ഇതിൽ ശ്രദ്ധേയമായ ഒരു വസ്തുത ഒളിഞ്ഞുകിടപ്പുണ്ട്. ഇന്ത്യ ഇൻകോർപ്പറേറ്റ്സ് ബി. ജെ. പി. ക്ക് അനുകൂലമായ നിലപാട് കൈക്കൊണ്ടപ്പോൾ ഇതുവരെ ഇന്ത്യൻ രാഷ്ട്രീയത്തിൽ സ്വീകരിച്ച നയസമീപനങ്ങളിൽ നിന്നും അവർ വ്യതിചലിക്കുകയാണ് ഉണ്ടായത്.

മുമ്പുള്ള തിരഞ്ഞെടുപ്പുകളിൽ, ബുദ്ധിപൂർവ്വം ഒരു ദ്വികക്ഷിസംമ്പ്രദായ (Two Party System) ത്തിന് അനുകൂലമായ സാഹചര്യം ഇവർ സൃഷ്ടിച്ചിരുന്നു. ഇരുപാർട്ടികളെയും, അവർ നേതൃത്വം നൽകുന്ന ഇരുമുന്നണികളെയും കോർപ്പറേറ്റ് ഇന്ത്യ ഒരുപോലെ പിന്താങ്ങി. ഇവയിൽ ഏത് പാർട്ടി അധികാരത്തിലെത്തിയാലും നവലിബറൽ നയങ്ങൾ നടപ്പിലാക്കാൻ ഇവർ ഒരു സമ്മർദ്ദശക്തിയായി നിലകൊള്ളുകയും ചെയ്തിരുന്നു. ഒരു കക്ഷി അധികാരത്തിലിരിക്കുന്നതിന്റെ ഫലമായി ജനവികാരം അവർക്കെതിരായാൽ, പ്രതിപക്ഷത്തിരിക്കുന്ന കക്ഷി അടുത്ത തിരഞ്ഞെടുപ്പിൽ ഭരണം കയ്യാളും. അപ്പോഴും കോർപ്പറേറ്റ് ഇന്ത്യയുടെ താത്പര്യങ്ങൾ സംരക്ഷിക്കപ്പെടും.

എന്നാൽ, ഈ തിരഞ്ഞെടുപ്പിൽ ഇരുകക്ഷികളെയും പിന്താങ്ങുന്ന

പതിവുസമീപനത്തിൽ നിന്നും വ്യത്യസ്തമായി, ബി.ജെ.പിക്കും അവരുടെ മുന്നണിക്കും അനുകൂലമായ നിലപാടാണ് ഇന്ത്യ ഇൻകോർപ്പറേറ്റ്സ് കൈക്കൊണ്ടത്. അതിന് നിരവധി കാരണങ്ങളുണ്ട്. രണ്ടാം യു.പി.എ ഗവൺമെന്റിന്റെ അവസാനനാളുകളായപ്പോഴേക്കും ഗവൺമെന്റിനും പാർട്ടിക്കും എതിരെ ശക്തമായ ജനവികാരം ഉയർന്നുവന്നു. രാജ്യത്ത് 2004 മുതൽ 2010- 11 വരെയുള്ള വർഷങ്ങളിലുണ്ടായ ജി.ഡി.പി.[1] വളർച്ച (G D P Growth) തുടരാൻ കഴിയാത്ത സാഹചര്യം വന്നു. അതിൽ നിന്നും ഇപ്പോഴും നാം മുക്തമായിട്ടില്ല. യു.പി.എ. ഗവൺമെന്റിനെയും കോൺഗ്രസിനെയും സാരമായി ബാധിച്ച മറ്റൊന്ന് അഴിമതിയാണ്. വിവിധ അഴിമതി കേസുകളിലായി പല യു.പി.എ മന്ത്രിമാരും പ്രതികളായി കോടതികയറി. ഇതുവരെ രാജ്യം കണ്ടിട്ടില്ലാത്ത വിധത്തിൽ ലക്ഷക്കണക്കിന് കോടി രൂപയുടെ അഴിമതി ആരോപണങ്ങൾവരെ ഉന്നയിക്കപ്പെട്ടു. ഇതിലൊക്കെ ഗുണഭോക്താക്കളുടെ നിരയിലായിരുന്നു കോർപ്പറേറ്റ് ഇന്ത്യ. എന്നാൽ അഴിമതിക്കും ദുർഭരണത്തിനുമെതിരെ ജനരോഷമുയർന്നപ്പോൾ ഇവർതന്നെ ആ ജനരോഷത്തെ ആളിക്കത്തിക്കുന്നതിനുള്ള സഹായങ്ങളും ചെയ്തുകൊടുത്തു.

രാഷ്ട്രീയനേതൃത്വം മാത്രമല്ല ഉദ്യോഗസ്ഥവൃന്ദത്തിലും (Bureaucracy) അഴിമതിയുടെ കറപുരണ്ടു. സെക്രട്ടറിതലത്തിലുള്ളവർപോലും കേസുകളിൽപ്പെട്ടു. ചില വ്യവസായപ്രമുഖരും ഇവരോടൊപ്പം ആരോപണവിധേയരായി. ഇത്തരം ഒരു സാഹചര്യം വന്നതോടെ യു.പി.എ. ഭരണത്തിന്റെ അവസാനവർഷങ്ങളിൽ അവർക്ക് ഭരണത്തിന്മേലുള്ള പിടിതന്നെ നഷ്ടപ്പെട്ടു. ഗവൺമെന്റ് പല നയപരമായ തീരമാനവും കൈക്കൊള്ളാതെ, ഭരണം മരവിച്ച അവസ്ഥയിലായി എന്ന് കോർപ്പറേറ്റ് ഇന്ത്യയും മാധ്യമങ്ങളും ബി.ജെ.പിയുമെല്ലാം ആരോപണമുന്നയിച്ചത് ഈ പശ്ചാത്തലത്തിലാണ്.

രണ്ടാം യു.പി.എ. ഗവൺമെന്റിന്റെ അവസാനകാലഘട്ടത്തിൽ മുതിർന്ന ഉദ്യോഗസ്ഥർ പലരും അഴിമതിക്കേസുകളിൽ പ്രതികളായി വരുന്ന സാഹചര്യം പതിവായി. അതോടെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും കുറച്ചൊക്കെ നിസ്സഹകരണമനോഭാവവും ഉണ്ടായി. ഇത് കേന്ദ്രഭരണത്തിൽ മരവിപ്പ് വരാൻ ഇടയാക്കി. ദുർഭരണം മാത്രമല്ല; ഭരണമേ ഇല്ല എന്ന സാഹചര്യം വരെയെത്തി കാര്യങ്ങൾ. ഇതിന്റെയൊക്കെ ഫലമായി ജനങ്ങൾക്കിടയിൽ നാനാവിധത്തിലുള്ള എതിർപ്പും ഉയർന്നു.

1. Gross Deomestic Production (GDP): മൊത്ത ആഭ്യന്തര ഉത്പാദനം - ഒരു രാജ്യത്ത് ഒരു സാമ്പത്തികവർഷം ഉത്പാദിപ്പിക്കുന്ന സാധനസേവനങ്ങളുടെ ആകെ തുക.



അഭയം 2014

ക്രമേണ അതൊരു പൊട്ടിത്തെറിയുടെ അവസ്ഥയിലെത്തി. മാധ്യമങ്ങൾ Spontaneous[2] എന്ന് പറയുന്ന കാര്യങ്ങൾ വരുന്നത് ഈ പശ്ചാത്തലത്തിലാണ്. ഡൽഹി കൂട്ടബലാത്സംഗത്തിന്റെ സമയത്തും അഴിമതിവിരുദ്ധ പ്രക്ഷോഭങ്ങളുടെ സമയത്തുമൊക്കെ നമ്മൾ ഈ അവസ്ഥ കണ്ടതാണ്. ജനങ്ങൾ പലപ്പോഴും ഭരണകൂടത്തിനെതിരെ രോഷാകുലരായി പൊട്ടിത്തെറിച്ചു.

ഇതിന്റെയൊക്കെ ഫലമായാണ് ഇരുമുന്നണികളെയും ഒരുപോലെ സഹായിക്കാം എന്ന മുൻനിലപാട് ഇന്ത്യ ഇൻകോർപ്പറേറ്റ്സ് തിരുത്തുന്നതും തികഞ്ഞ ഒരു വലതുപക്ഷവീക്ഷണമുള്ള ബി.ജെ.പിയെ അധികാരത്തിലെത്തിക്കാൻ അതിശക്തമായ ഇടപെടലുകൾ നടത്തുന്നതും. ഇതിന് വിദേശപണവും (INTERNATIONAL FINANCE) ഒരുപരിധിവരെ കാരണമായിട്ടുണ്ട്. ഫാക്ടിൽ (FACT) നടന്ന സമരംതന്നെ ഉദാഹരണമായെടുക്കാം. ആ ഫാക്ടറിയുടെ നിലനിൽപ്പുമായി ബന്ധപ്പെട്ട സമരമാണ് അവിടെ നടന്നത്.

2. Spontaneous: Of one's free will; voluntry, സ്വമനസ്സാലെയുള്ള, പരപ്രേരണ കൂടാതെയുള്ള.

## പുന:സംഘടിപ്പിക്കപ്പെടുന്ന വലതുപക്ഷശക്തികൾക്കെതിരെ സംഘടിതമായി പ്രതികരിക്കണം

ആർ.എസ്.എസ്സിനുള്ളിലും വലിയ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന സമയമാണിത്. ഇതിന് നേതൃത്വം നൽകുന്നതാവട്ടെ ആർ. എസ്. എസ്സിന്റെ പ്രമുഖ നേതാവ് മോഹൻ ഭഗ്വത് ആണ്. 'കാരവെൻ' എന്ന പ്രസിദ്ധീകരണത്തിൽ ആർ.എസ്സ്. എസ്സിനുള്ളിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന നല്ലൊരു ലേഖനം അടുത്തിടെ പ്രസിദ്ധീകരിച്ചിരുന്നു. ആ ലേഖനത്തിൽ, ആർ എസ്. എസ്സ് ഇന്ന് നേരിടുന്ന പ്രതിസന്ധികളെ എങ്ങനെയാണ് അതിജീവിക്കേണ്ടത് എന്നതിൽ മോഹൻ ഭഗതിനുള്ള കാഴ്ചപ്പാടും വിശദമാക്കിയിട്ടുണ്ട്.

പഴയ ഹൈന്ദവരാജാക്കന്മാരുടെയും ഹൈന്ദവ ഫ്യൂഡലിസത്തിന്റെയും മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്ന സംഘടനയാണ് ആർ.എസ്.എസ്. എന്നാൽ, മുതലാളിത്തശക്തികൾ ഇന്ത്യയിൽ വേരുറപ്പിക്കുന്നതിനായി പിന്തുടരുന്നത് മുതലാളിത്ത മൂല്യങ്ങളും കമ്പോള സമ്പദ്‌വ്യവസ്ഥയുടെ (Market Economy) മൂല്യവ്യവസ്ഥയുമാണ്. ഇവ തമ്മിൽ വലിയ പൊരുത്തക്കേടുകളുണ്ട്. ഇത് സംഘടനക്ക് ഉള്ളിലും വളരെ വ്യക്തമായി പ്രതിഫലിക്കുന്നുണ്ട്. മുതലാളിത്തവികാസം മുന്നോട്ട് പോകുംതോറും കമ്പോള സമ്പദ്ഘടനയുടെ മൂല്യവ്യവസ്ഥ, ആർ.എസ്.എസ്. പതിറ്റാണ്ടുകളായി പിന്തുടർന്നിരുന്ന മൂല്യവ്യവസ്ഥയെ പതിയെ പിന്നോട്ട് തള്ളുന്ന പ്രക്രിയയും പ്രകടമാണ്. ഇങ്ങനെ വൈരുദ്ധ്യങ്ങൾക്കിടയിലൂടെയാണ് രാഷ്ട്രീയ സ്വയം സേവക് സംഘ് മുന്നോട്ടുപോവുന്നത്.

ആർ.എസ്.എസ്. എന്ന പ്രസ്ഥാനത്തിന്റെ ചരിത്രം എന്താണെന്ന് എല്ലാവർക്കുമറിയാം. 1925-ൽ ബ്രിട്ടീഷ്ഭരണകാലത്താണ് ഹെഡ്ഗവാർ ഈ സംഘടന സ്ഥാപിക്കുന്നത്. പ്രാരംഭകാലഘട്ടത്തിൽതന്നെ ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തെ ഭിന്നിപ്പിക്കാനും അട്ടിമറിക്കാനുമുള്ള സംഘടിതശ്രമങ്ങൾ അവരുടെ ഭാഗത്തുനിന്നുമുണ്ടായി. അതിന്റെ ഭാഗമായിട്ട് അന്ന് അവർ ഉയർത്തിപ്പിടിച്ച വർണ്ണാശ്രമതത്വങ്ങളും ആർ.എസ്.എസ്സിന്റെ മൂല്യവ്യവസ്ഥയിലുണ്ട്. ന്യൂനപക്ഷത്തിനെതിരെ ആർ.എസ്.എസ് നടത്തിയിട്ടുള്ള അക്രമങ്ങൾ എല്ലാവർക്കുമറിയാം. ദളിത് തുടങ്ങിയവർ അവരുടെ താൽപര്യങ്ങൾക്കനുസരിച്ച് നിന്നുകൊടുത്തിട്ടുമുണ്ട്. ഇങ്ങനെയൊക്കെയുള്ള ചരിത്രമുള്ള ആർ.എസ്.എസ്സാണ് ആഗോളവത്കരണത്തിന്റെ ഈ കാലഘട്ടത്തിൽ 'പുതുതായി പുന:സംഘടിപ്പിക്കാൻ' ഒരുങ്ങുന്നത്.

'പുതുതായി പുന:സംഘടിപ്പിക്കുക' എന്ന പദം മോഹൻ ഭഗ്വത് തന്നെ ഒരു അഭിമുഖത്തിൽ പറഞ്ഞിട്ടുള്ളതാണ്. ബി.ജെ.പിയെയും ആർ.എസ്. എസ്സിനെയും പുന:സംഘടിപ്പിക്കുക എന്ന ജോലിയാണ് അദ്ദേഹം ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഈ പുന:സംഘടനാക്രിയ

യിലൂടെ (REFORM PROCESS) നവ-ലിബറൽ സിദ്ധാന്തങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഒരു തികഞ്ഞ വലതുപക്ഷരാഷ്ട്രീയ-സാമൂഹികശക്തിയായി ആർ.എസ്.എസ്. മാറാൻ പോവുകയാണ്. ആ ശക്തിയെയാണ് നമ്മൾ എതിർക്കേണ്ടതെന്ന കാഴ്ചപ്പാടും ബോധ്യവും ഇടതുപക്ഷപാർട്ടികൾക്കും ജനാധിപത്യ വിശ്വാസികൾക്കും തൊഴിലാളിസംഘടനകൾക്കും കർഷകരുടേതടക്കമുള്ള അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ പ്രസ്ഥാനങ്ങൾക്കും ഉണ്ടാവേണ്ടതുണ്ട്.

നരേന്ദ്രമോദി സമ്പദ്‌വ്യവസ്ഥയെ സംബന്ധിച്ച് എടുക്കുവാൻ പോകുന്നത് പ്രായോഗിക (PRAGMATIC) നയങ്ങളാവുമെന്ന് അദ്ദേഹംതന്നെ വ്യക്തമാക്കിയിട്ടുണ്ട്. പ്രായോഗിക സമീപനം കൈക്കൊള്ളും എന്ന വാദത്തിനർത്ഥം വലിയ സൈദ്ധാന്തികനിലപാടുകളിലേക്കൊന്നും പോവുന്നില്ല എന്നതാണ്. പക്ഷേ, ഈ പ്രായോഗികവാദത്തിന്റെ മറവിൽ നവ-ലിബറൽ[3] നയങ്ങൾ ഫലപ്രദമായി നടപ്പാക്കാനാണ് മോദി ശ്രമിക്കുന്നത്. ഈ നയങ്ങളാവട്ടെ സാധാരണ ജനങ്ങളുടെ താത്പര്യങ്ങൾക്ക് കടകവിരുദ്ധമായിവരാൻ പോവുകയാണ്. അത് ഈ ജനവിഭാഗങ്ങളിൽ വലിയ അസംതൃപ്തിയുണ്ടാക്കും എന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ അസംഘടിതമായി നിൽക്കുന്ന ഈ ജനവിഭാഗങ്ങൾക്ക് സംഘടിതമായി നിലകൊള്ളുന്ന കോർപ്പറേറ്റ് ഇന്ത്യയെ ചെറുത്ത് തോൽപ്പിക്കാനാവില്ല. തികഞ്ഞ വലതുപക്ഷപാർട്ടിയായി മാറിക്കൊണ്ടിരിക്കുന്ന ബി.ജെ.പി.കൂടി ഈ പക്ഷത്ത് ചേരുമ്പോൾ എതിർചേരി സുശക്തമാവും. ആ ശക്തികളെ ചെറുക്കത്തക്ക വിധത്തിൽ ഇടതുപക്ഷസംഘടനകളും സ്ത്രീസംഘടനകളും യുവജനപ്രസ്ഥാനങ്ങളുമൊക്കെ ഒറ്റക്കെട്ടായി മാറേണ്ടതുണ്ട്. അവരുടെ താത്പര്യങ്ങൾക്കെതിരായിവരുന്ന നയങ്ങളെ സംഘടന കൂട്ടായി എതിർത്താൽ മാത്രമേ ഈ സാഹചര്യത്തിൽ ഫലപ്രദമായ ഒരു ബദൽ സൃഷ്ടിക്കാൻ നമുക്കാവൂ.

ഈ ബദലുമായി ബന്ധപ്പെട്ട് കൈക്കൊള്ളേണ്ട സാമ്പത്തികനയങ്ങളുണ്ട്. അത് നിലവിലെ ഡിഫ്ളേഷണറി നയങ്ങൾക്ക് (DEFLATIONARY POLICY)[4] എതിരെയുള്ളതാവണം. തൊഴിലാളികളും ചെറുകിട ഉത്പാദകരും കർഷകരുമടങ്ങുന്ന സാമൂഹികമായി ദുർബലരായ ജനവിഭാഗങ്ങളെ സഹായിക്കുന്ന നയം നമ്മൾ ഉയർത്തിപ്പിടിക്കേണ്ടതുണ്ട്. ഇതിന്റെയൊക്കെ ഭാഗമായി ഉയർന്നുവരുന്ന പ്രത്യയശാസ്ത്രപരമായ കാര്യങ്ങളുമുണ്ട്.

3 Neo-liberalism- – നവഉദാരീകരണം
4 Deflationary ploicy- – പണശോഷണ നയങ്ങൾ

സാധാരണക്കാരായ ജനവിഭാഗങ്ങൾ സംഘടനയിലേക്ക് വരണം. അവരുടെ ജീവൽപ്രശ്നങ്ങൾക്കെതിരായ ശക്തമായ പോരാട്ടങ്ങൾ നടത്തുകയും വേണം. അതോടൊപ്പം, ഈ പോരാട്ടങ്ങൾ ഇന്നത്തെ ആഗോള-ദേശീയ സാഹചര്യങ്ങളിൽ ഫലപ്രദമാക്കാൻ കഴിയത്തക്ക വിധത്തിലുള്ള താത്വിക ചർച്ചകളിലേക്കും നാം സജീവമായി കടന്നുചെല്ലേണ്ടതുണ്ട്. ചരിത്രാനുഭവങ്ങൾ അവലോകനം ചെയ്യുകയും പുതിയ അനുഭവങ്ങൾ വരുമ്പോൾ അതിൽ ശക്തമായി ഇടപെടുകയും വേണം. പ്രശ്നങ്ങളും പ്രതിസന്ധികളും വരുമ്പോൾ അതിൽ എങ്ങനെ ഇടപെടണമെന്നും ഏത് സമീപനം കൈക്കൊള്ളണമെന്നതുമൊക്കെ സംബന്ധിച്ച് വിശാലമായ ചർച്ചകളിലൂടെ ഒരു യോജിപ്പും ഐക്യവും ഉണ്ടാക്കിക്കൊണ്ട് വരേണ്ടതുണ്ട്.

മോദി അധികാരമേറ്റെടുത്തശേഷം ആദ്യമെടുത്ത ഏതാനും തീരുമാനങ്ങൾ ശ്രദ്ധേയമാണ്. അദ്ദേഹത്തിന്റെ സത്യപ്രതിജ്ഞാചടങ്ങിൽ പാക്കിസ്ഥാനെയും ബംഗ്ലാദേശിനെയും അഫ്ഗാനിസ്ഥാനെയും മറ്റ് സാർക്ക് രാജ്യങ്ങളെയുമൊക്കെ ക്ഷണിച്ചു. ഇതിനോടനുബന്ധിച്ച് ഇന്ത്യയും ഈ രാജ്യങ്ങളും തമ്മിലുള്ള ബന്ധങ്ങൾ മെച്ചപ്പെടുത്താൻ ശ്രമം നടന്നുകൊണ്ടിരിക്കുന്നു. ഇതിനൊന്നും ഇടതുപക്ഷം എതിരല്ലെന്ന് മാത്രമല്ല, ഇത്തരം നീക്കങ്ങളെ അനുകൂലിക്കുകയും ചെയ്യുന്നു. എന്നാൽ, മോദിയുടെ ഇപ്പോഴത്തെ ഈ നീക്കം കോർപ്പറേറ്റ് ഇന്ത്യയുടെ താത്പര്യങ്ങളെ സംരക്ഷിക്കാൻ കൂടിയാണെന്ന സംശയവും ബലപ്പെടുന്നുണ്ട്. അതിന് കാരണങ്ങളുമുണ്ട്. പ്രധാനമായും ഇതിനെ ഇന്ന് നമ്മുടെ വ്യാവസായികരംഗത്ത് വന്നിട്ടുള്ള തകർച്ചയുടെ പശ്ചാത്തലത്തിൽ വിലയിരുത്തണം. വ്യവസായികരംഗത്ത് ഉണർവ്വുണ്ടാകണമെങ്കിൽ ഉത്പന്നങ്ങൾക്ക് കമ്പോളം (MARKET) ലഭ്യമാവണം. ചിലവുചുരുക്കൽ നടപടികളുടെ ഫലമായി ഇന്ത്യയിലെ മാർക്കറ്റ് ഇന്ന് മുരടിച്ച് നിൽക്കുകയാണ്. ഈ അവസരത്തിൽ വിദേശമാർക്കറ്റ് പിടിക്കുക എന്ന ലക്ഷ്യത്തിലേക്ക് അവർ കടന്നുചെന്നതിന്റെ ഫലമാവണം ഈ നീക്കങ്ങളൊക്കെയും. ഇത് എത്രത്തോളം വിജയിക്കുമെന്ന് ഭാവിയിൽ കണ്ടറിയേണ്ടതാണ്. ഇപ്പോൾ ഗവൺമെന്റ് കൈക്കൊണ്ടിരിക്കുന്ന നയത്തിന്റെ ഭാഗമായി ഈ രാജ്യങ്ങളൊക്കെയായി വ്യാപാരബന്ധങ്ങളിലും കരാറുകളിലും ഏർപ്പെടാനാണ് നീക്കം. മറ്റ് രാജ്യങ്ങളുമായി നമ്മുടെ സൗഹാർദ്ദം മെച്ചപ്പെടുമെന്ന നേട്ടം ഈ നീക്കത്തിനുണ്ട്.

ആഗോളമുതലാളിത്ത പ്രതിസന്ധി ഒരു പുതിയ മേഖലയിലേക്ക് പ്രവേശിക്കുന്നതിന്റെ ഫലമായി ലോകരാഷ്ട്രീയക്രമത്തിൽ വലിയ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന ഒരു സമയമാണിത്. ധനപ്രതിസന്ധിയിൽനിന്നും പുറത്തുവരണമെങ്കിൽ മുതലാളിത്ത രാജ്യങ്ങൾക്ക് കൂടുതൽ കമ്പോളം കൈയ്യടക്കേണ്ടതുണ്ട്. അതിന് രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധം

നിലവിലെ സ്ഥിതിയിൽ നിന്നും മാറ്റി അവർക്കനുകൂലമായ പരിതസ്ഥിയിൽ എത്തിക്കാനുള്ള ശ്രമമാണ് മുതലാളിത്ത ശക്തികൾ നടത്തുന്നത്. ഭീകരവാദത്തിനെതിരായി യുദ്ധം പ്രഖ്യാപിച്ചുകൊണ്ട് അമേരിക്ക നടത്തുന്ന നീക്കങ്ങളെ ഈ പശ്ചാത്തലത്തിൽ വായിക്കണം. ഭീകരവാദം എന്ത്, എങ്ങനെ, ആര് എന്നൊക്കെ നിർണയിക്കുന്നത് അമേരിക്ക തന്നെയാണ്. ജനങ്ങളെ കൂട്ടത്തോടെ കൊല്ലാനുള്ള മാരകായുധങ്ങൾ തയ്യാറാക്കിവച്ചിരിക്കുന്നുവെന്ന ആരോപണമുന്നയിച്ചാണ് അവർ ഇറാഖിൽ സദ്ദാം ഹുസൈനെതിരെ അക്രമണമഴിച്ചുവിട്ടത്. ഇറാഖിൽ ഒരു ഭരണമാറ്റം (REGIME CHANGE) കൊണ്ടുവരികയെന്നതായിരുന്നു അവരുടെ ലക്ഷ്യം. അത് വിജയകരമായി നടപ്പാക്കിയ അമേരിക്ക ഷിയ വിഭാഗത്തിന് പ്രാതിനിധ്യമുള്ള ഒരു ഗവൺമെന്റിനെ അവിടെ അവരോധിച്ചു. ഇതോടെയാണ് അവിടെ ഷിയ, സുന്നി തർക്കം കൂടുതൽ രൂക്ഷമായത്. ഇപ്പോൾ, ഷിയ വിഭാഗത്തിന്റെ കൈയ്യിലുള്ള ബാഗ്ദാദ് അടക്കമുള്ള പ്രദേശങ്ങളിലേക്ക് സുന്നി റിബലുകൾ പ്രവേശിക്കുന്നതായുള്ള വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്.

വെനസ്വലയിലും സ്ഥിതി മറ്റൊന്നല്ല. അവിടെ ഹ്യൂഗോ ഷാവേസിന്റെ മരണത്തെ തുടർന്ന് പുതിയൊരു ഗവൺമെന്റ് അധികാരത്തിലെത്തിയിരുന്നു. ജനകീയപ്രക്ഷോഭങ്ങൾ ഉയർത്തിവിട്ട് അവിടെ വീണ്ടുമൊരു അട്ടിമറി സംഘടിപ്പിക്കാനുള്ള ശ്രമമാണ് ഇപ്പോൾ മുതലാളിത്തശക്തികൾ നടത്തുന്നത്. ഇതേ സാഹചര്യമാണ് ബ്രസീലിലും നിലനിൽക്കുന്നത്. ഈജിപ്ത്, ലിബിയ, സിറിയ തുടങ്ങിയ രാജ്യങ്ങളിലൊക്കെ അതത് പ്രദേശങ്ങളിലെ സാഹചര്യങ്ങൾക്കനുസരിച്ചുള്ള ഇടപെടലുകൾ നടത്താനും ഇവർ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇത്തരത്തിൽ തങ്ങൾക്കനുകൂലമായ നിലപാട് കൈക്കൊള്ളാൻ മടിക്കുന്ന ഭരണകൂടങ്ങളെ മാറ്റുക എന്ന പ്രക്രിയയിലേക്ക് ഇംപീരിയലിസം (IMPERIALISM) വളരെ സൂക്ഷ്മമായി കടന്നുചെല്ലുന്ന സാഹചര്യം നിലവിലുണ്ട്.

ഉക്രെയിനിലുണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങളും ഇതേ സ്വഭാവമുള്ളതാണ്. അവിടെ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്തിയ ഒരു ഗവൺമെന്റായിരുന്നു ഭരണം നടത്തിയിരുന്നത്. ആ ഭരണകൂടം റഷ്യൻ അനുകൂല (PRO-RUSSIAN) നിലപാടുകളായിരുന്നു കൈക്കൊണ്ടിരുന്നതും. തുടർന്ന്, അട്ടിമറിയിലൂടെ അധികാരത്തിലെത്തിയ ഫാസിസ്റ്റ് നിലപാടുകൾ പിന്തുടരുന്ന ഭരണകൂടം ഭാഷാടിസ്ഥാനത്തിൽ വിവേചനപരമായ നിരവധി നടപടികൾ കൈക്കൊണ്ടു. റഷ്യൻ ഭാഷ സംസാരിക്കുന്ന ജനവിഭാഗങ്ങൾക്ക് നിരവധി പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നു. നിലവിൽ, ഉക്രെയിൻ ഭാഷ സംസാരിക്കുന്നവരും റഷ്യൻ ഭാഷ സംസാരിക്കുന്നവരും തമ്മിൽ ഇവിടെ സംഘർഷം മൂർച്ഛിച്ച് വരുന്നുണ്ട്. ഈ പ്രശ്ന

ത്തിൽ റഷ്യ ഇടപെടാൻ നിർബ്ബന്ധിതമാവുകയാണ് ഉണ്ടായത്. മാത്രമല്ല, റഷ്യയുടെ പ്രകൃതിവാതകവും മറ്റും ഉക്രെയിനൂടെ കടന്നുപോവുന്ന കുഴലുകൾവഴിയാണ് യൂറോപ്പിലെത്തുന്നത്. റഷ്യയുടെ യൂറോപ്യൻ മർക്കറ്റ് ഇതിലൂടെ തകർക്കുക എന്ന ഗൂഢലക്ഷ്യത്തോടുകൂടിയാണ് അമേരിക്ക ഉക്രെയിനിൽ ഇടപെടുന്നത്. റഷ്യയുടെ യൂറോപ്യൻ കമ്പോളം നിലനിർത്താനുള്ള ശ്രമത്തിന്റെ ഭാഗമായി യൂറോപ്യൻ രാജ്യങ്ങളുമായി ബന്ധങ്ങൾ ഉണ്ടാക്കിവരുന്നുണ്ട്. ഇതിന്റെ ഫലമായി അമേരിക്കയും യൂറോപ്യൻ രാജ്യങ്ങളും തമ്മിലുള്ള ബന്ധം വഷളാവുന്നതും ആ സാഹചര്യം ഫലപ്രദമായി വിനിയോഗിക്കാൻ റഷ്യ ശ്രമിക്കുന്നതുമാണ് നാം കാണുന്നത്.

ചൈനയെ വളയുക എന്നതാണ് അമേരിക്കയുടെ മറ്റൊരു തന്ത്രം. എന്നാൽ, അമേരിക്കയുടെ ഈ പരിപാടിയെ പ്രതിരോധിക്കാൻ ചൈനയുടെ പുതിയ ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്. ചൈനീസ് പ്രസിഡന്റ് അധികാരമേറ്റെടുത്തശേഷം യൂറോപ്പ് സന്ദർശിക്കുകയും യൂറോപ്പ് ഇപ്പോൾ നേരിടുന്ന മാന്ദ്യത്തിൽ നിന്നും കരകയറാൻ തങ്ങൾക്കാവുന്നതൊക്കെ ചെയ്യാമെന്ന് ഉറപ്പു നൽകുകയും ചെയ്തു. പകരം ചൈനക്കനുകൂലമായ നിലപാട് യൂറോപ്യൻ രാജ്യങ്ങളുടെ ഭാഗത്തുനിന്നുണ്ടാവണമെന്നതായിരുന്നു അദ്ദേഹത്തിന്റെ ആവശ്യം.

റഷ്യയും ചൈനയും തമ്മിലുണ്ടാക്കിയ ഒരു വ്യാപാരക്കരാർ അന്താരാഷ്ട്ര രാഷ്ട്രീയസമവാക്യങ്ങളെ പൊളിച്ചെഴുതാൻ ശേഷിയുള്ള ഒന്നാണ്. റഷ്യൻ പ്രസിഡന്റ് പുടിനും ചൈനീസ് പ്രസിഡന്റ് സിങ് ജിംങ് പിങും ഷാംങ് ഹായിയിൽ വച്ച് ഉണ്ടാക്കിയ കരാർ പ്രകാരം റഷ്യയുടെ പ്രകൃതിവാതകം ചൈനക്ക് നൽകാമെന്ന ധാരണയിലെത്തി. 4500 കോടി ഡോളറിന്റെ ആ കരാർപ്രകാരം ചൈന പ്രതിഫലം നൽകുന്നത് അവരുടെ കറൻസിയായ യുവാനിൽ ആവും. നിലവിൽ എണ്ണയടക്കമുള്ള ഉത്പന്നങ്ങളുടെ ക്രയവിക്രയം നടക്കുന്നത് അന്താരാഷ്ട്ര കറൻസിയായ അമേരിക്കൻ ഡോളറിലാണ്. ചൈനയും റഷ്യയും ചേർന്ന് ഒപ്പിട്ട ഈ കരാറിലൂടെ അമേരിക്കക്ക് അതുകൊണ്ട് തന്നെ വലിയൊരു തിരിച്ചടിയാണ് അവർ നൽകിയത്.

യൂറോപ്പ്, 18 മധ്യ ഏഷ്യൻ റിപ്പബ്ലിക്കുകൾ, റഷ്യ, അഫ്ഗാനിസ്ഥാൻ, പാക്കിസ്ഥാൻ, ബംഗ്ലാദേശ്, ചൈന, ഇന്ത്യ, കിഴക്കനേഷ്യൻ റിപ്പബ്ലിക് എന്നിവയൊക്കെ ഉൾക്കൊള്ളിച്ച് വിശാലമായ ഒരു യൂറേഷ്യൻ മാർക്കറ്റ് സൃഷ്ടിച്ചെടുക്കുന്നതിലേക്കാണ് ചൈനയും റഷ്യയും നീങ്ങുന്നത്. ഇങ്ങനെ, ആഗോളതലത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളുടെ ഫലമായിട്ട് ഇന്ത്യ എവിടെയാണ് നിലയുറപ്പിക്കുകയെന്നുള്ള പ്രശ്നമാണ് മോദിയും കോർപ്പറേറ്റ് ഇന്ത്യയും അഭിമുഖീകരിക്കാൻ പോവുന്നത്. നില

വിൽ ഇന്ത്യ രണ്ട് വഞ്ചിയിലും കാലുവയ്ക്കുന്ന സമീപനമാണ് സ്വീകരിച്ച് വരുന്നത്. സമീപഭാവിയിൽതന്നെ ഇന്ത്യയ്ക്ക് വ്യക്തമായ ഒരു നിലപാട് ഈ രംഗത്ത് സ്വീകരിക്കേണ്ടിവരും.

ഇങ്ങനെ, സാർവ്വദേശീയതലത്തിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളെന്തൊക്കെയാണെന്നും ആ മാറ്റങ്ങളോട് മോദി ഗവൺമെന്റെടുക്കുന്ന നയമെന്താണെന്നും അത് ഇന്ത്യയുടെ സാഹചര്യങ്ങളിലുണ്ടാക്കുന്ന അനുരണനങ്ങളെന്തൊക്കെയാണെന്നും നാം പഠിക്കുകയും അവലോകനം ചെയ്യുകയും ചെയ്യേണ്ടതുണ്ട്. ഇത് ഏതൊക്കെ ജനവിഭാഗങ്ങളെ അനുകൂലമായി ബാധിക്കുമെന്നും ഏതൊക്കെ വർഗ്ഗങ്ങൾക്ക് തിരിച്ചടിയുണ്ടാകുമെന്നും മനസിലാക്കി അതിനോട് പ്രതികരിക്കാൻ നമുക്കാവണം. അങ്ങനെ പ്രതികരിക്കാനുള്ള ശേഷി നമ്മുടെ സംഘടിത ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിനുണ്ട്.

എന്നാൽ, സാധാരണ തൊഴിലാളികൾക്ക് ഈ പ്രശ്നങ്ങളൊക്കെ മനസിലാക്കാനും പ്രതികരിക്കാനും ശേഷിയുണ്ടാവണമെന്നില്ല. അതുകൊണ്ട് ഈ സാഹചര്യങ്ങളൊക്കെ അവരെ പഠിപ്പിക്കുക എന്ന ജോലി സംഘടനകൾക്കുണ്ട്. എല്ലാ വർഗ്ഗസംഘടനകളും ബഹുജനപ്രസ്ഥാനങ്ങളും ആ കടമ നിറവേറ്റേണ്ടതുണ്ട്. അതിനുള്ള ശേഷിയും ആർജ്ജവവും നാം കാട്ടുന്നുണ്ടോ എന്ന് ആത്മപരിശോധന നടത്തിവേണം മുമ്പോട്ട് നീങ്ങാൻ. അതിനുവേണ്ട അറിവും കഴിവും സ്വയം ആർജ്ജിച്ചെടുക്കാൻ തയ്യാറായി മുമ്പോട്ടുവരാനുള്ള ബാധ്യതയും ഉത്തരവാദിത്വവും നമുക്കോരോരുത്തർക്കുമുണ്ട്.

# ഒരു ബദൽ തീർച്ചയായും സാദ്ധ്യമാണ്

- പ്രഭാത് പട്നായിക്

(അഭയം 2014-ൽ നടത്തിയ അനുസ്മരണ പ്രഭാഷണം)

അകാലത്തിൽ പൊലിഞ്ഞ സഖാവ് അഭയന്റെ ചരമവാർഷികത്തിന്റെ ഭാഗമായ സെമിനാറിൽ പങ്കെടുക്കാൻ എന്നെ ക്ഷണിച്ചതിൽ വളരെ നന്ദിയുണ്ട്.

ഇവിടെ ചെറുപ്പക്കാർ ഏറെയുള്ളതുകൊണ്ട് ഞാൻ എന്താണ് പറയാൻ പോകുന്നതെന്ന് മുൻകൂട്ടിപ്പറയാൻ അൽപ്പം ബുദ്ധിമുട്ടാണ്. ഞാൻ ഇത്തിരി പഴയ തലമുറയിൽപ്പെട്ടയാളാണ്. ഞാൻ ഉപയോഗിക്കുന്ന ഭാഷ ഇക്കാലത്ത് ആരും ഉപയോഗിക്കുന്നതല്ലെന്ന് എന്റെ മകൻതന്നെ എന്നോട് പറഞ്ഞിട്ടുണ്ട്. അത്തരത്തിലുള്ള ഭാഷ ഇനിയുള്ള കാലത്ത് ആർക്കും മനസിലാകില്ല. അതുകൊണ്ട് ഒരു പ്രഭാഷണം നടത്തുന്നതിനുപകരം ഏതാനും വിഷയങ്ങളിൽ ഞാൻ എങ്ങനെയാണ് ചിന്തിക്കുന്നതെന്ന് നിങ്ങളോട് തുറന്നുപറയാൻ ശ്രമിക്കാം. മറെറാരുതരത്തിൽ പറഞ്ഞാൽ എന്നോടൊപ്പം ചിന്തിക്കുന്നതിന് ഞാൻ നിങ്ങളെ ക്ഷണിക്കുന്നു.

ഇക്കാലത്ത് വികസനത്തെപ്പറ്റി നാം നാരാളം കേൾക്കുന്നുണ്ട്. വികസനത്തിന്റെ പേരിലാണ് മോഡി അധികാരത്തിലേറിയത്. എന്താണ് ഈ വികസനം അർഥമാക്കുന്നത്. ആഭ്യന്തര മൊത്തം ഉൽപ്പാദനത്തിന്റെ (ജിഡിപി) ഉയർന്ന തോതാണ് വികസനമെന്നാണ് കൂടുതൽപേരും പറയുന്നത്. വികസനത്തെ ഈ രൂപത്തിൽ കാണുന്നതിനെ ഒരിക്കൽ ഡോ. അമർത്യാ സെൻ വിളിച്ചത് ധനവിഭവത്തിൽ മാത്രം ശ്രദ്ധകേന്ദ്രീകരിക്കൽ എന്നാ




അഭയം 2014–ൽ  പ്രഭാത് പട്നായിക്
അനുസ്മരണ പ്രഭാഷണം നടത്തുന്നു

ണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ധനമായും സേവനമായും സമൂഹത്തിൽ ലഭ്യമാകുന്ന വിഭവങ്ങൾ കണക്കിലെടുക്കൽ. വിഭവവിപുലീകരണമാണ് വികസനത്തിന്റെ കാമ്പെന്നാണ് ഈ ആശയം.

ഇപ്പോൾ എല്ലാവരും പറയുന്നത് ഇന്ത്യയിൽ പെട്ടെന്നുള്ള വികസന നിരക്ക് അടുത്തകാലത്ത് ഇടിഞ്ഞുവെന്നാണ്. വികസനത്തിലെ ഈ ഇടിവ് താൻ മാറ്റാൻ പോകുന്നുവെന്നുപറഞ്ഞാണ് മോഡി അധികാരത്തിൽ വന്നത്. കാര്യമായ വികസനം നടന്ന കഴിഞ്ഞകാലത്തെ കണക്ക് നമുക്ക് പരിശോധിക്കാം. 2004– 05 മുതൽ 2010–11 വരെയുള്ള കാലത്ത് രാജ്യത്ത് ഉയർന്ന വളർച്ചാനിരക്ക് ആയിരുന്നു. ഓരോവർഷവും എട്ടുശതമാനത്തിലേറെ വളർച്ച. ഇക്കാലയളവിൽ ആഭ്യന്തര മൊത്ത ഉൽപ്പാദനവും ഉയർന്നു. ചരക്കുകളുടെയും സേവനങ്ങളുടെയും ഉൽപ്പാദനം വഴിയായുള്ള വിഭവങ്ങളുടെ മൊത്തം തുകയും വർധിച്ചു.

നമുക്ക് 2004–05നും 2009–10നും ഇടയിലുള്ള സ്റ്റാറ്റിസ്റ്റിക്സ് പരിശോധിക്കാം. ഇന്ത്യൻ സ്ഥിതിവിവരപ്പട്ടികയിൽ യൂഷ്വൽ സ്റ്റാറ്റസ് എംപ്ലോയ്മെൻറ്(യുഎസ്ഇ) എന്ന് അർഥമാക്കുന്നത് എതെങ്കിലും തരത്തിലുള്ള തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെയാണ്. നമ്മൾ ഇക്കാലത്തെ യു എസ് ഇ പരിശോധിച്ചാൽ പ്രതിവർഷം ആഭ്യന്തര മൊത്ത വരുമാനം പ്രതിവർഷം 8 ശതമാനം വർധിച്ചപ്പോൾ യുഎസ്ഇ 0. 8 ശതമാനം വർധിച്ചുവെന്നു കാണാം. ജനസംഖ്യ പ്രതിവർഷം 1.5 എന്ന നിരക്കിൽ വളരുന്നുണ്ടായിരുന്നു. ഇതിന്റെ ഫലമായി തൊഴിൽശക്തിയും ഈ നിരക്കിൽ വർധിച്ചുവെന്നു കരുതണം. യുഎസ്ഇയുടെ 0.8 ശതമാനം വളർച്ച തൊഴിൽശക്തിയിലേക്കു കൂടുതലായി ഓരോവർഷവും വരുന്നതാണ്. അത് യൂഷ്വൽ സ്റ്റാറ്റസ് എംപ്ലോയ്മെൻറ് (യുഎസ്ഇ) ആണെന്ന് പറയാനാവില്ല.

എന്താണ് അവർ ചെയ്യുന്നത്? അവർ അനൗദ്യോഗിക മേഖലയിലെ തൊഴിലാളികളായി മാറുന്നു. എന്തുതൊഴിലാണോ ലഭ്യമായിട്ടുള്ളത് അത് പങ്കിടുകയാണ് അവർ ചെയ്യുന്നത്. എന്നു പറഞ്ഞാൽ പാർട്ട് ടൈം ജീവനക്കാരനായോ താൽക്കാലിക ജീവനക്കാരനായോ മാറുന്നു. ഇതിനെയാണ് സാമ്പത്തിക ശാസ്ത്രജ്ഞർ പ്രച്ഛന്ന തൊഴിലില്ലായ്മയെന്നു വിളിക്കുന്നത്.

എനിക്ക് ദിവസം 4 മണിക്കൂർ ജോലി ലഭിക്കുന്നുണ്ട്. എനിക്ക് 8 മണിക്കൂർ ജോലി ചെയ്യണം. പക്ഷെ എനിക്ക് അത് ലഭിക്കുന്നില്ല. നരേന്ദ്രമോഡിയുടെ അടുത്തയിടെ പുറത്തിറങ്ങിയ ജീവചരിത്രത്തിൽ പറയുന്നത് അദ്ദേഹത്തിന്റെ സാമ്പത്തിക കാഴ്ചപ്പാട് ചിദംബരത്തിന്റേതിൽനിന്ന് വ്യത്യസ്തമല്ലെന്നത് നിങ്ങളിൽ പലർക്കും അറിയാം. അതുകൊണ്ടുതന്നെ ചിദംബരത്തിന്റെ വികസന കാഴ്ചപ്പാടുതന്നെയാണ് മോഡിക്കും. ചുരു

ക്കത്തിൽ ഇക്കാലയളവിൽ പ്രച്ഛന്നമായ അനൗദ്യോഗിക തൊഴിലും ഇടവിട്ടുമാത്രം ലഭിക്കുന്ന തൊഴിലും നിലനിൽക്കുന്ന രാജ്യത്ത് അക്ഷരാർഥത്തിൽ തൊഴിലില്ലായ്മ കാര്യമായി വർധിക്കുകയാണ് ചെയ്തത്.

ഞാൻ കേരളത്തിൽ ആസൂത്രണബോർഡ് ഉപാധ്യക്ഷനായിരിക്കെ ആറുമാസത്തെ കരാർ ജോലിക്ക് കമ്പ്യൂട്ടർ ടെക്നീഷ്യൻ തസ്തികയിലേക്ക് പരസ്യം നൽകി. ആ ഒരു തസ്തികയിലേക്ക് 86 പേരാണ് ഇന്റർവ്യൂവിന് വന്നത്. മനുഷ്യശേഷിയുടെ അധിക ലഭ്യതയും പരിമിതമായ ജോലി ഒഴിവുകളും ഉണ്ടാക്കുന്ന സമ്മർദം ഇതിൽനിന്ന് വ്യക്തമാകും.

ഇതിന്റെ അനന്തരഫലമെന്താണെന്നു ചിന്തിക്കുക. തൊഴിൽരഹിതരായി നിരവധി ആളുകളുണ്ടെങ്കിൽ അവരുടെ വരുമാനം വളരെ കുറവായിരിക്കും. യൂണിയനിൽ അംഗങ്ങളായ സംഘടിതമേഖലാ തൊഴിലാളികളെയും ഇത് ദുർബ്ബലപ്പെടുത്തും. തൊഴിലില്ലാത്തവർ ഏറെയുണ്ടെങ്കിൽ അത് തൊഴിലാളികളെ താൽക്കാലികക്കാരാക്കാനുള്ള പ്രവണതയും വർധിപ്പിക്കും. ദില്ലിയിൽ താൽക്കാലിക തൊഴിലാളികളുടെ എണ്ണം വർധിക്കുകയാണ്. അവിടെ ഒരു താൽക്കാലിക തൊഴിലാളി തന്റെ അവകാശങ്ങൾക്കുവേണ്ടി നിലകൊണ്ടാൽ അയാൾ പിരിച്ചുവിടപ്പെടും. ദില്ലിയിലുള്ള നമ്മുടെ സിഐടിയു സഖാക്കൾ ഫാക്ടറി ഗേറ്റിൽ പോകുകയും താൽക്കാലിക തൊഴിലാളികളോട് സംസാരിക്കുകയും ലഘുലേഖകൾ കൊടുക്കുകയും ചെയ്യാറുണ്ട്.

ഇന്ന് ഏതെങ്കിലും താൽക്കാലിക തൊഴിലാളി ലഘുലേഖ വാങ്ങുന്നതുകണ്ടാൽ അടുത്തദിവസം അവന്റെ ജോലി പോകും. കാരണം ഒരു തൊഴിൽ സുരക്ഷിതത്വവും അവനില്ല. സ്വാഭാവികമായും ഇത് ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളെയും ദുർബ്ബലപ്പെടുത്തുന്നു. സംഘടിതതൊഴിലാളികളുടെ വിലപേശൽ ശക്തിയെയും ഇത് കുറയ്ക്കുന്നു. ഇത് ഇവരുടെ ശമ്പളം വർധിക്കാതിരിക്കാൻ കാരണമാകുമെന്നു മാത്രമല്ല കുറയാനും ഇടയാക്കുന്നു. ഉദാരവൽക്കരണത്തിനു തൊട്ടുമുൻപുള്ള 80കളും ഇപ്പോളത്തെ സാഹചര്യവും താരതമ്യപ്പെടുത്തിയാൽ സംഘടിത തൊഴിലാളികൾക്ക് ഇപ്പോഴുണ്ടായിട്ടുള്ള തകർച്ച മനസിലാകും. ഞാൻ ഇന്ത്യയെപ്പറ്റി പറയുന്നത് ലോകത്തിനുമൊത്തം ബാധകമായ സാഹചര്യമാണ്.

മുതലാളിത്തത്തിന്റെ ഹൃദയഭൂമിയായ അമേരിക്കയിൽ വ്യവസായ തൊഴിലാളികളുടെ ഇപ്പോഴത്തെ ശരാശരി വേതനം മൂന്നു പതിറ്റാണ്ടു മുൻപുള്ള ശരാശരി വേതനവുമായി താരതമ്യം ചെയ്യുമ്പോൾ കാര്യമായ വ്യത്യാസം വന്നിട്ടില്ലെന്ന് ജോസഫ് സ്റ്റിഗ്ലിസ് ചൂണ്ടിക്കാട്ടുന്നു.

ജനസംഖ്യ വർധന മൂലം തൊഴിൽ ശക്തി വർധിക്കുന്നു. അതേ സമയം വിവിധ പദ്ധതികൾ മൂലവും കൃഷി ലാഭകരമല്ലാത്തതുമൂലവും കർഷകരും ചെറുകിട ഉൽപ്പാദകരും പുറന്തള്ളപ്പെട്ടുപോകുന്നു.

2013 ആഗസ്തിൽ രൂപയുടെ മൂല്യം കുത്തനെ ഇടിഞ്ഞു. അതിനു

ശേഷം വളരെ ചെറിയ ഉയർച്ച മാത്രമേ ഉണ്ടായിട്ടുള്ളൂ. രൂപയ്ക്ക് ഡോളറുമായുള്ള വിനിമയനിരക്ക് ഇടിഞ്ഞു. രൂപയുടെ മൂല്യം ഇടിയുകയാണെങ്കിൽ സ്വഭാവികമായും ഇറക്കുമതി ചെയ്യുന്ന എണ്ണയുടെ വില ഉയരും.

പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർധിക്കുമ്പോൾ ഡീസൽ വില ഉയരുന്നു. കേരളത്തിലെ മീൻപിടുത്തക്കാരെപ്പറ്റി ചിന്തിക്കുക. അവർക്ക് മീൻപിടിക്കുമ്പോൾ കിട്ടുന്ന വരുമാനം വർധിച്ചിട്ടില്ല. പക്ഷെ മീൻ പിടിക്കുന്നതിനു ചെലവാകുന്ന തുക വർധിച്ചിരിക്കുന്നു. കാരണം അവർ ഇന്ധനമായി ഡീസൽ ഉപയോഗിക്കുന്നവരാണ്. അതുകൊണ്ട് അവരുടെ ലാഭം കുറയുന്നു.

സംഘടിത മേഖലയിലെ തൊഴിലാളികളുടെ വരുമാനത്തിൽ പോലും വൻ ഇടിവാണ് ഉണ്ടായികൊണ്ടിരിക്കുന്നത്. തൊഴിലാളികൾക്കിടയിൽ ജോലി പങ്കുവെയ്ക്കേണ്ടിവരുന്നത് തൊഴിൽ ദിനങ്ങളുടെ എണ്ണത്തിൽ കുറവുണ്ടാക്കുന്നു. ഇത് കൂലിയിലും കുറവുണ്ടാക്കുന്നു. വ്യാവസായിക മേഖലയിലും നഗരങ്ങളിലും മറ്റിടങ്ങളിലുമുള്ള തൊഴിലാളികളുടെ ശരാശരി കൂലിയിലാണ് ഇത്തരത്തിൽ താഴ്ചയുണ്ടാകുന്നത്. സമ്പദ്വ്യവസ്ഥയിൽ ഉയർന്ന നിരക്കിലുള്ള വളർച്ചയുണ്ടായിട്ടും കുലി കുറവ് മൂലം വരുമാന പിഴിച്ചിൽ അതായത് ഉള്ള വരുമാനത്തെ പിഴിഞ്ഞ് ഉപയോഗിക്കേണ്ടി വരുന്നു.

കൂലി യഥാർഥത്തിൽ വർധിക്കുന്നില്ല. എന്നാൽ തൊഴിൽക്ഷമത വർധിക്കുന്നതായി കാണാം. അതായത് ഉൽപാദനം കുന്നു കൂടി സമ്പത്ത് വ്യവസ്ഥയിൽ മിച്ചം വർധിക്കുന്നു. ഈ മിച്ചം പല രൂപത്തിലാണ് വിനിയോഗിക്കപ്പെടുന്നത്. ദൽഹിയിലുള്ള ഒരു ധനികന് നിങ്ങൾ ഒരു രൂപ നൽകി എന്ന് കരുതുക. ബ്രസീലിൽ ലോക കപ്പ് കാണാനോ ഫ്രാൻസിൽ ഹോളിഡേ ആഘോഷിക്കാനുമായിരിക്കും അയാൾ ആ പണം വിനിയോഗിക്കുക. അമിതാബ് ബച്ചനും കുടുംബവും ഹോളിഡേ ആഘോഷിച്ചത് ലണ്ടനിലാണെന്ന് ഞാൻ ഒരു പത്രത്തിൽ കണ്ടു (കഴിഞ്ഞ ദിവസത്തെ പത്രം എന്ന് നൽകുന്നില്ല). അതായത് ധനികർ ഇത്തരത്തിലാണ് പണം ചെലവഴിക്കുന്നത്. അത് ഇന്ത്യയിൽ പൂജ്യം തൊഴിലാണ് സൃഷ്ടിക്കുന്നത്. ആരെങ്കിലും ലോകകപ്പ് കാണാൻ ബ്രസീലിൽ പോയാൽ അത് ഇന്ത്യയിൽ ഒരു തൊഴിലും സൃഷ്ടിക്കുന്നില്ല. ഞാൻ പ്ലാനിങ് ബോഡിലായിരുന്ന സമയത്ത് സ. കൃഷ്ണപ്രസാദിനൊപ്പം വയനാട് ഉൾപ്പെടെയുള്ള ജില്ലകളിലെ തൊഴിലുറപ്പ് പദ്ധതി സ്ഥലങ്ങൾ സന്ദർശിക്കുമായിരുന്നു. ഇത്തരം സ്ഥലങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ തൊഴിൽ ഉണ്ടായതായി കാണാൻ കഴിയും.

തൊഴിലുറപ്പ്തൊഴിലാളികൾ അവർക്ക് ലഭിച്ച കൂലികൊണ്ട് ദോശമാവുണ്ടാക്കുന്ന അരകല്ല് വാങ്ങിയെന്നിരിക്കട്ടെ. ആ അരകല്ല് നിർമിക്കുന്നത്

തൊട്ടടുത്തുള്ള ഗ്രാമത്തിലായിരിക്കും. ഇത്തരത്തിൽ അവർക്ക് ലഭിച്ച കൂലി തദ്ദേശീയമായി തൊഴിലും വസ്തുക്കൾക്ക്ആവശ്യമുണ്ടാക്കുന്നു. ഈ പ്രതിഭാസത്തെ സാമ്പത്തിക വിദഗ്ദ്ധർ മൾട്ടിപ്ലെയർ ഇഫക്ട് എന്ന് വിശേഷിപ്പിക്കുന്നു. കൂലിയിലുണ്ടാകുന്ന വർധക്കനുസരിച്ച് ഉൽപാദനക്ഷമത വർധിക്കുന്നില്ലെങ്കിൽ സംഖ്യയിൽ അഥവാ തുകയിൽ വർധനയുണ്ടാകുക മാത്രമാണ് ചെയ്യുന്നത്. (കൂലി വർധിക്കുന്നില്ല). അതായത് തൊഴിലാളികളുടെ കൈയ്യിൽ നിന്നും പണം മുതലാളിമാരുടെയോ ധനികരുടെയോ കൈകളിലെത്തുക മാത്രമാണ് നടക്കുന്നത്.

തൊഴിലാളികളുമായി ബന്ധപ്പെട്ട് ഡിമാന്റ കുറയ്ക്കുന്ന സാഹചര്യമാണ് നമ്മുടെ സമ്പത്ത് വ്യവസ്ഥയിലെ ഓരോ കാര്യത്തിലും ഉണ്ടാകുന്നത്. വളരെ കുറച്ച് മാത്രം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നവയാണ് ധനികർ ചെലവഴിക്കുന്ന പണം. അവർ വാങ്ങിക്കുന്ന ഓരോ ഉൽപന്നവും തൊഴിലധിഷ്ഠിതമല്ല. ദോശയുണ്ടാക്കുന്ന കല്ല് ഓരോ രൂപയ്ക്കും കൂടുതൽ തൊഴിൽ സൃഷ്ടിക്കുന്നു. അതിനാൽ ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കപ്പെടുന്നതിൽ അത്തരം ഒരു മാറ്റം വരണം. ഇത്തരം ഉൽപന്നങ്ങൾ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു. അതേ സമയം ആഡംബര വസ്തുക്കൾ കുറഞ്ഞ തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നു.

തൊഴിലവസരങ്ങൾ കുറയുന്നത് തീർച്ചയായും തൊഴിലാളികളുടെ മിച്ചം സൃഷ്ടിക്കുന്നു. ഇത്തരത്തിൽ തൊഴിലാളികൾ മിച്ചം വരുന്നത് തൊഴിലാളികളുടെ കരുതൽ ശേഖരം തന്നെ ഉണ്ടാക്കുന്നു. ഇത് കൂലിയിൽ വൻ ഇടിവുണ്ടാക്കുന്നു. അതായത് ഉൽപാദനം കൂടികൊണ്ടിരിക്കുകയും തൊഴിലാളികളുടെ യഥാർഥ വരുമാനം കുറയുകയും ചെയ്യുന്നു. തുടർച്ചയായി ഇങ്ങനെ സംഭവിക്കുമ്പോൾ വരുമാന വിതരണത്തിൽ മാറ്റം ഉണ്ടാക്കുന്നു. അതായത് തൊഴിലാളികളുടെ കൈകളിലെത്തേണ്ട പണം മുതലാളിയുടെ അഥവാ മൂലധനം ഇറക്കുന്നവന്റെ കൈകളിലെത്തുന്നു. ഇത് ആവർത്തിക്കപ്പെടുകയും തൊഴിൽ സൃഷ്ടിക്കപ്പെടാതിരിക്കുകയും ചെയ്യുന്നു. ഈ അവസ്ഥ തുടരുമ്പോൾ തൊഴിലാളികളുടെ കരുതൽ ശേഖരത്തിന്റെ വലിപ്പം വർധിക്കുന്നു. രാജ്യത്ത് കഷ്ടപ്പാടും ദുരിതവും നിലനിൽക്കുമ്പോൾ മൊത്തം ഉൽപാദനം ഏറ്റവും ഉയർന്ന നിരക്കിലാകുന്നു. രാജ്യത്തെ ജനസംഖ്യയുടെ കണക്കെടുത്താൽ തൊഴിലാളികളുടെ കരുതൽ ശേഖരവും ഉയർന്നതാകുന്നു. ഈ തൊഴിലാളിപ്പടയ്ക്ക് കാര്യമായ വരുമാനമൊന്നുമില്ല. എന്നുമാത്രമല്ല, അവരുടെ സാന്നിധ്യം സംഘടിത തൊഴിലാളികളുടെ കൂലി വെട്ടിക്കുറയ്ക്കുന്നതിന് ഇടയാക്കുകയും ചെയ്യുന്നു.

രാജ്യത്ത് ഒരു വശത്ത് ദരിദ്ര്യം ഉടലെടുക്കുമ്പോൾ മറുവശത്ത് വളർച്ച ഉയർന്ന നിരക്കിലുള്ളതാകുന്നു. ഘടനാപരമായ പ്രതിഭാസമാണിത്.

രാജ്യത്ത് നിലനിൽക്കുന്ന വികസനമാതൃകയുടെ സത്തയാണ് മുകളിൽ വിവരിക്കപ്പെട്ടത്. ഇത്തരത്തിലുള്ള ഒരു വികസനമാതൃകയാണ് മോഡി സർക്കാർ വളർത്തിയെടുക്കാൻ ശ്രമിക്കുന്നത്.

കൃഷി, മത്സ്യബന്ധനം മുതലായ മേഖലകളിൽ നിന്ന് മുതലാളിത്തം തൊഴിലാളികളെ നക്കിയെടുത്ത് വ്യവസായ തൊഴിലാളികളാക്കുമെന്നാണ് സിദ്ധാന്തം. അങ്ങനെ കർമോത്സുകരായ തൊഴിലാളിവർഗം സൃഷ്ടിക്കപ്പെടുമെന്നും. എന്നാൽ ആ പ്രക്രിയ എന്തുകൊണ്ട് നമ്മുടെ രാജ്യത്ത് നടക്കുന്നില്ല. ഇംഗ്ലണ്ടിൽ കൈത്തൊഴിലുകാർവളരെ കുറവാണെന്ന് നമുക്ക് കാണാം. അമേരിക്കയിലും ഇതേ സാഹചര്യമാണുള്ളത്. ജനസംഖ്യയിൽ നല്ലൊരുപങ്കും വൻ വ്യവസായങ്ങളിലെ തൊഴിലാളികളും ജീവനക്കാരുമാണ്. നമ്മുടെ വ്യവസായ സംരംഭകർ എന്തുകൊണ്ട് കൂടുതൽ തൊഴിലാളികൾക്ക് അവസരം നൽകുന്നില്ല. ഇവിടെ 8% വളർച്ചാനിരക്കുള്ളപ്പോൾ തൊഴിൽവളർച്ചാനിരക്ക് 0.8% മാത്രമായിരിക്കുന്നു. എന്തുകൊണ്ട്? മുതലാളിത്തത്തിൽ സാമ്പത്തിക വളർച്ചയ്ക്കൊപ്പം തൊഴിലവസരങ്ങളും വർധിക്കുമെന്നതിന് ചരിത്രപരമായ തെളിവൊന്നുമില്ല.

പാശ്ചാത്യ മുതലാളിത്ത രാജ്യങ്ങളുടേത്തികച്ചും തനതായ, വ്യത്യസ്തമായ അനുഭവങ്ങളാണ്. യൂറോപ്യൻ രാജ്യങ്ങളിൽനിന്ന് അമേരിക്ക, കാനഡ, ആസ്ത്രേലിയ, ന്യൂസിലാൻഡ് എന്നിവിടങ്ങളിലേക്ക് വൻതോതിൽ കുടിയേറ്റം നടന്നിരുന്നു. 1815ൽ 12 ദശലക്ഷം ആയിരുന്നു ബ്രിട്ടനിലെ ജനസംഖ്യ. 1815നും 1910നുമിടയിൽ 15 ദശലക്ഷംപേർ മറ്റുരാജ്യങ്ങളിലേക്ക് കുടിയേറി. ഓരോ വർഷവും ജനസംഖ്യയിലുണ്ടാകുന്ന വർധനയുടെ പകുതി മറ്റു രാജ്യങ്ങളിലേക്ക് കുടിയേറിപ്പോയി എന്നർഥം. ഈ വസ്തുതയെ ഇന്ത്യയുമായി താരതമ്യം ചെയ്യുക. ഇതേ തോതിൽ ഇന്ത്യയിൽനിന്ന് കുടിയേറ്റം നടന്നിരുന്നുവെങ്കിൽ, സ്വാതന്ത്ര്യത്തിനു ശേഷം ഇതുവരെ 50 കോടി ഇന്ത്യക്കാർ മറ്റു രാജ്യങ്ങളിലേക്ക് കുടിയേറേണ്ടിയിരുന്നു. അവർ എവിടെപോകും? അവർക്ക് പോകാൻ സ്ഥലമില്ല. അതായത് പണ്ട് മുതലാളിത്ത വ്യവസായവൽക്കരണം നടന്ന രാജ്യങ്ങൾ നേരിടേണ്ടി വന്നിട്ടില്ലാത്ത പ്രതിസന്ധി അടുത്തകാലത്ത് മുതലാളിത്ത വ്യവസായവൽക്കരണം നടക്കുന്ന രാജ്യങ്ങൾ അഭിമുഖീകരിക്കേണ്ടിവരുന്നു- തൊഴിലില്ലായ്മ. ഇവിടെ വ്യവസായവൽക്കരണം മൂലം തൊഴിലല്ല സൃഷ്ടിക്കപ്പെടുന്നത്, തൊഴിലില്ലായ്മയാണ്.

തൊഴിലില്ലായ്മ, അതായത് അനൗദ്യോഗികമായും സാധാരണമായും പരോക്ഷമായും കാണുന്ന തൊഴിലില്ലായ്മയാണ് നടമാടുന്നത്. മുതലാളിത്ത വികസനം വരുമ്പോൾ പഴയ ഫ്യൂഡൽ സമ്പദ്വ്യവസ്ഥ നശിപ്പിക്കപ്പെടുന്നുവെന്നാണ് പാരമ്പര്യമായി നാം വിശ്വസിച്ച് പോരുന്നത്. പഴയ ഫ്യൂഡൽ സംവിധാനത്തിൽനിന്ന് ആളുകൾ നഗരങ്ങളിലേക്ക് കുടി

യേറുന്നുവെന്നതാണ് നമ്മുടെയൊക്കെ കാഴ്ചപാട്.

സ്വാഭാവികമായും അവർക്ക് അവിടെ തൊഴിലൊന്നും ലഭിച്ചെന്നുവരില്ല. പാശ്ചാത്യ രാജ്യങ്ങളിൽ അവർ പുറംരാജ്യങ്ങളിലേക്ക് കുടിയേറിപ്പാർത്തു. അങ്ങനെ മുതലാളിത്തപൂർവ (ഫ്യൂഡൽ) സമൂഹത്തിന്റെ ബലതന്ത്രം തകർക്കപ്പെട്ടു. അതേസമയം നഗരങ്ങളിൽ എന്തുസംഭവിച്ചു? വിവിധ നാട്ടിൻപുറങ്ങളിൽനിന്ന് ജനങ്ങൾ തൊഴിലന്വേഷിച്ച് നഗരങ്ങളിലെത്തി. അവർ പരസ്പരം അപരിചിതരായിരുന്നു.പുതിയൊരു സമൂഹത്തെ സൃഷ്ടിച്ചെടുക്കാനുള്ള അവബോധം അവർക്ക് ഉണ്ടായിരുന്നില്ല. പക്ഷേ, ഇവിടെയാണ് ദാരിദ്ര്യത്തെക്കുറിച്ചും തൊഴിലാളിവർഗ ഐക്യ(ട്രേഡ്യൂണിയൻ) ത്തെക്കുറിച്ചുമുള്ള മാർക്സിന്റെ സിദ്ധാന്തം പ്രസക്തമാകുന്നത്.

പ്രത്യക്ഷത്തിൽ സമാനതകൾ ഒന്നുമില്ലാത്തവരോട് ഒന്നിക്കാനും പൊതുവായ താൽപര്യങ്ങൾക്കായി പോരാടാനും ട്രേഡ് യൂണിയൻ ആഹ്വാനംചെയ്തു. അങ്ങനെ ആ പുതിയ സമൂഹത്തിന്റെ കേന്ദ്രബിന്ദു ട്രേഡ് യൂണിയനായി മാറി. ഇവിടെ മാർക്സ് പറഞ്ഞ ഒരു കാര്യം ഇംഗ്ലീഷ് ധനശാസ്ത്രജ്ഞരെ കുഴക്കി. അവരെ കുഴക്കിയ പ്രതിഭാസം ഇതാണ്. തൊഴിലാളികൾ യൂണിയനിൽ ചേരുന്നത് കൂലിക്കൂടുതലിനുവേണ്ടി മാത്രമാണെന്നാണ് അവർ കരുതിയിരുന്നത്. യഥാർഥത്തിൽ, കാലാകാലങ്ങളായി തുടർച്ചയായ സമരങ്ങൾ നടന്നിട്ടും അവർക്ക് കൂടിയ കൂലിയൊന്നും ലഭിച്ചിട്ടില്ല. എങ്കിലും കിട്ടുന്ന തുച്ഛമായ കൂലിയിൽ ഒരുഭാഗം അവർ യൂണിയനെ നിലനിർത്താൻ ബലികഴിച്ചു.

ശമ്പളത്തെക്കാൾ മുഖ്യമാണ് യൂണിയനെ നിലനിർത്തുന്നത് എന്നുവരുമ്പോൾ ബോധനിലവാരത്തിലുണ്ടായ മാറ്റം മനസ്സിലാക്കാം. ജനങ്ങൾ യോജിക്കുന്നത് സ്വകാര്യ നേട്ടത്തിനാണ്. എന്നാൽ യോജിച്ചുനിൽക്കൽ എന്ന യാഥാർഥ്യം അവരിൽ തങ്ങളുടെ കൂട്ടായ നേട്ടങ്ങളെ സംരക്ഷിക്കണം എന്ന വികാരം ഉണ്ടാക്കുന്നു. അങ്ങനെയാണ് സ്വകാര്യ നേട്ടങ്ങൾ ബലികഴിക്കാൻ അവർ തയ്യാറാകുന്നത്.

രൂപീകരിക്കപ്പെട്ട ഘട്ടത്തിൽ ജനങ്ങൾ അവരുടെ സ്വകാര്യ താൽപര്യങ്ങൾക്കായി മാത്രമാണ് യൂണിയനിൽ നിന്നതെങ്കിലും പിന്നീട്, യൂണിയൻ അവരുടെ ജീവിതത്തിന്റെ ഭാഗമായിത്തന്നെ മാറുന്നു. അതുകൊണ്ടാണ്, മുതലാളിത്ത വികസനം പഴയ നാടുവാഴിത്തത്തെ നശിപ്പിച്ച് പുതിയ സമൂഹത്തിന് രൂപംനൽകും എന്ന് മാർക്സിസം കാണുന്നത്.

മുതലാളിത്ത സമൂഹത്തിൽ ഓരോ വ്യക്തിയുടെയും താൽപര്യങ്ങൾ പരിധിയില്ലാത്തതാണ്. ഈ അവസ്ഥയെ ഒരു സമൂഹത്തിനും അതിജീവിക്കാൻ കഴിയില്ല. മുതലാളിത്ത മൂല്യങ്ങൾ അതിനുതന്നെ നാശംകുറിക്കും.

എന്നിട്ടും മുതലാളിത്ത സമൂഹം അതിജീവിക്കുന്നത് മുതലാളിത്തമല്ലാത്ത കാര്യങ്ങൾകൊണ്ടാണ്. മുതലാളിത്ത താൽപ്പര്യങ്ങൾക്ക് വിരുദ്ധമായി

, അധ്വാനിക്കുന്ന ജനവിഭാഗം കൂട്ടായ സംരംഭങ്ങൾക്ക് രൂപംനൽകി. അവിടെ, സ്വാർഥതയ്ക്കും ഉപരി കൂട്ടായതാൽപര്യങ്ങൾക്ക് പ്രാമുഖ്യംനൽകി. അങ്ങനെ കൂട്ടായ ജീവിതവും നിലനിൽപ്പും സാധ്യമാക്കി.

ബ്രിട്ടൺ പോലുള്ള വികസിതരാജ്യങ്ങളിൽ, തൊഴിലാളികൾ എല്ലാ വൈകുന്നേരങ്ങളിലും പബ്ബുകളിൽ ഒത്തുചേരുന്നു. അവിടവിടെയായി ട്രേഡ് യൂണിയനും മറ്റു സംഘടനകളും പ്രവർത്തിക്കുന്നു. അവിടെ ഒരു സാമൂഹിക ജീവിതമുണ്ട്, കൂട്ടായ്മയുണ്ട്. മുതലാളിത്തം പഴയ സമൂഹത്തെ നശിപ്പിച്ച് ചരിത്രദൗത്യം നിർവഹിച്ചു. പഴയ ജന്മി നാടുവാഴിത്ത സമ്പ്രദായം പുതിയൊരു സമൂഹത്തിന് രൂപംകൊടുക്കുന്നു. ഈ പുതിയ സമൂഹം സോഷ്യലിസത്തിലേക്ക് നയിക്കുമെന്നായിരുന്നു മാർക്സിയൻ കാഴ്ചപ്പാട്.

എന്നാൽ നമ്മുടേ സമൂഹത്തെക്കുറിച്ചു ചിന്തിക്കാം. യഥാർഥ തൊഴിലാളിവർഗത്തിന്റെ പദവിയിലെത്താൻ നമുക്ക് കഴിഞ്ഞില്ല. നമ്മിൽ ഏറെപ്പേരും തൊഴിലന്വേഷകരാണ്. മുതലാളിത്തത്തിൽ പോലും കുറെയൊക്കെ തൊഴിലവസരങ്ങളുണ്ട്. ലഭ്യമായ കുടിയേറ്റ സാധ്യതകൾ പോലും നാം ഉപയോഗപ്പെടുത്തിയില്ല. അതിനാൽ താൽക്കാലിക , അനൗപചാരിക തൊഴിലുകൾ പെരുകി.

അതിനാൽ തൊഴിലാളിവർഗ ബോധമോ സംഘടനാരൂപങ്ങളോ ഉണ്ടായില്ല. അങ്ങനെ വല്ലപ്പോഴും തൊഴിൽ ലഭിക്കുന്ന താൽക്കാലിക തൊഴിലാളികളുടെ അംഗസംഖ്യ പെരുകി. മാർക്സ് ലുംപൻ പ്രോലിറ്റേറിയറ്റ് എന്ന് വിശേഷിപ്പിക്കുന്ന, വർഗസ്വഭാവത്തിൽ എത്തിച്ചേരാൻ കഴിയാത്ത, കരാർ തൊഴിലാളികളായി അധഃപതിച്ചു. അവർക്ക് കൂട്ടായ്മയുടെ അവബോധം, അഥവാ വർഗബോധം ഉണ്ടായില്ല. അവർ കുറ്റകൃത്യങ്ങളിലും വഞ്ചനയിലും ഏർപ്പെടുന്നു.

അങ്ങനെ, ഒരുഭാഗത്ത് നഗരങ്ങളിൽ ലുംപൻ തൊഴിലാളികൾ പെരുകിവരുന്നു. മറുഭാഗത്ത് ഗ്രാമങ്ങളിലെ സ്ഥിതിയോ? അവിടെ ജന്മിസമ്പ്രദായം അവസാനിച്ചുകഴിഞ്ഞു. കാരണം, നഗരങ്ങളിലേക്ക് കുടിയേറിയവർ തികഞ്ഞ കഷ്ടപ്പാടിലാണ്.അതിനാൽ കൂടുതൽപേരും ഗ്രാമങ്ങളിൽതന്നെ കഴിഞ്ഞു. അവരുടെ ജീവിതം ദാരിദ്ര്യത്തിൽനിന്ന്ദാരിദ്ര്യത്തിലേക്ക് നീങ്ങി. അങ്ങനെ പഴയ സമൂഹത്തിനെ തകർക്കാനോ പുതിയതൊന്ന് സൃഷ്ടിക്കാനോ കഴിയാതായി. ഇതാണ് മുതലാളിത്ത വികസന പാതയിൽ നീങ്ങുന്ന രാജ്യങ്ങളുടെ സ്ഥിതി.

ഇവിടെ, ഒരു വശത്ത് ഇപ്പോഴും ജന്മി നാടുവാഴിത്ത സമൂഹഘടന (സ. ഇ എം എസ് വിശേഷിപ്പിച്ചത് ജാതിയിൽ അധിഷ്ഠിതമായ ജന്മി സമ്പ്രദായം) തുടരുന്നു. മറുവശത്ത്, പുതിയൊരു സമൂഹം ഉദയംകൊള്ളുന്നുമില്ല. അങ്ങനെ നഗരങ്ങളിൽ ലുംപൻ സംസ്കാരം നിലവിൽവരുന്നു.

ഒരുവശത്ത് വൻതോതിലുള്ള ഉൽപ്പാദനം, മറുവശത്ത് ജനസംഖ്യയിൽ

നല്ലൊരുപങ്കും പട്ടിണിയിൽ. അതാണ് നമ്മുടെ സ്ഥിതി. വികസിത മുതലാളിത്ത രാജ്യങ്ങൾ സ്വയമേവ പ്രകടമാക്കിയ പുരോഗമനസ്വഭാവംപോലും ആർജിക്കാൻ നമുക്ക് കഴിഞ്ഞില്ല.

നമ്മുടെ നാട്ടിലെ ദാരിദ്ര്യത്തിന്റെ സ്ഥിതി വ്യക്തമാക്കുന്നതിന് ഞാൻ ചില സ്ഥിതിവിവരക്കണക്കുകൾ ഹാജരാക്കാം. നഗരങ്ങളിൽ ഒരാൾ ഒരുദിവസം കുറഞ്ഞത് 2100 കലോറി ഊർജം ലഭിക്കേണ്ട ഭക്ഷണം കഴിക്കണം എന്നാണ് കണക്ക്. ഗ്രാമങ്ങളിൽ 2200കലോറി നൽകുന്ന ഭക്ഷണവും. നഗരത്തിൽ 2100 കലോറി ലഭിക്കുന്ന ഭക്ഷണം കഴിക്കാൻ സാധിക്കാത്തവർ 2004–05ൽ 56 ശതമാനമായിരുന്നത് 2009–10 ൽ 63% ആയി വർധിച്ചു. ഗ്രാമപ്രദേശങ്ങളിൽ ഈ കാലയളവിൽ 2200 കലോറി ഊർജം ലഭിക്കുന്ന ഭക്ഷണം കഴിക്കാൻ കഴിവില്ലാത്തവർ 69 ശതമാനത്തിൽനിന്ന് 76% ആയി. അതായത്, 76 ശതമാനം പേർ ദാരിദ്ര്യത്തിൽ. അങ്ങനെ, വളർച്ചയുടെ ഈ കാലഘട്ടം വിശപ്പിന്റെയും പട്ടിണിയുടെയും ക്ഷാമത്തിന്റെയുംകൂടി കാലഘട്ടമായിരുന്നുവെന്ന് അറിയുക.

ഒരു വശത്ത് ജാതി പഞ്ചായത്തുകൾ ആണിനും പെണ്ണിനും ജീവിത പങ്കാളിയെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യംപോലും നിഷേധിക്കുന്നു. മറുവശത്ത് ലുംപൻ മുതലാളിത്ത മാതൃകയിലുള്ള (മുതലാളിത്തത്തിന്റെ ഗുണങ്ങൾപോലുമില്ലാത്ത) വികസനം നടക്കുന്നു. സ്ത്രീകൾക്കെതിരായ അതിക്രമമാണ് ഈ വികസനമാതൃകയുടെ പ്രധാന സവിശേഷതയെന്നും അറിയുക.

ഇനിയെന്ത്? കാര്യങ്ങൾ ഈ സ്ഥിതിയിൽ അധികകാലം തുടരാനാകില്ല. സന്തുലിതമായ വികസനമാതൃക നിലവിൽവന്നേ തീരൂ. രാജ്യത്ത് നടപ്പിലുള്ള മുതലാളിത്തവികസനം അസമത്വവും ദാരിദ്ര്യവും ക്ഷാമവും വർധിപ്പിക്കുന്നു. ഉടനെ അല്ലെങ്കിൽ അൽപം കഴിഞ്ഞ് രാഷ്ട്രീയമായ അടിച്ചമർത്തലിലേക്ക് ഈ സ്ഥിതിവിശേഷം നയിച്ചേക്കാം. ജനാധിപത്യസംവിധാനത്തെ അട്ടിമറിക്കാതെ ഈ നില തുടർന്നുകൊണ്ടുപോകാൻ കഴിയില്ല. എന്തുകൊണ്ട്? സമൂഹത്തിലെ തങ്ങളുടെ അവസ്ഥ ഏറെ ദയനീയമെന്ന് അടിച്ചമർത്തപ്പെട്ടവർ മനസിലാക്കുന്ന ഒരു സാഹചര്യം ഉണ്ടായാൽ കലാപം ഉറപ്പ്. എപ്പോഴാണത് സംഭവിക്കുക? ജനങ്ങൾ തങ്ങളുടെ ദയനീയസ്ഥിതി അധികാരികളെ ബോധ്യമാക്കാൻ ശ്രമിച്ചുഎന്നുവയ്ക്കുക. ഒരുരക്ഷകൻ നിങ്ങൾക്കായി അവതരിക്കുംഎന്നാവും മറുപടി. എന്തുകൊണ്ട് ജനങ്ങളുടെ അവസ്ഥ മോശമായി? അതു നാം നടപ്പാക്കിപ്പോന്ന സാമ്പത്തികനയങ്ങൾകൊണ്ടാണെന്ന് പറയുകവയ്യ. കാരണം എല്ലാ ബൂർഷ്വാ ഭരണസംവിധാനങ്ങളും ഇതേ സാമ്പത്തികനയം തന്നെയാണ് നടപ്പാക്കുന്നത്. ഇക്കാര്യത്തിൽ മോഡി, ചിദംബരത്തിൽനിന്നോ മൻമോഹൻസിംഗിൽനിന്നോ വ്യത്യസ്തനല്ല. അവരെല്ലാവരും ഒരേ സാമ്പത്തിക നയത്തി

ന്റെ വക്താക്കളും പ്രയോക്താക്കളുമാണ്.

ഈ സാമ്പത്തിക നയങ്ങൾ നടപ്പാക്കുന്നതിന് മോഡി ഗവർമെന്റ് ആശ്രയിക്കുന്നത് ഭൂരിപക്ഷ മതരാഷ്ട്രീയത്തെയാണെന്നത്പ്രതിസന്ധിയുടെ ആക്കംകൂട്ടുന്നു. അവർ സംരക്ഷിക്കുന്നത് ഭൂരിപക്ഷ ഹിന്ദുപ്രതിലോമ രാഷ്ട്രീയത്തെയാണ്. അത് സാമ്പത്തിക അസന്തുലിത വളർച്ചയ്ക്ക് മാത്രമല്ല കാരണമാകുക. സാമൂഹിക സമത്വത്തിനായി രാജ്യത്ത് നടക്കുന്ന സാമൂഹിക വിപ്ലവത്തെ അത് പിന്നോട്ടടിക്കുകയും ചെയ്യും.

കേരളത്തിന്റെ ഉദാഹരണമെടുത്താൽ ദളിതരുടെ സ്ഥിതി ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിനെ അപേക്ഷിച്ച് ഏറെ മാറിയിട്ടുണ്ടെന്ന് കാണാം. കേരളത്തിന്റെ ഒപ്പം ഇല്ലെങ്കിലും രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലും ദളിതരുടെ അവസ്ഥയിൽ ഗണ്യമായ പുരോഗതി ഉണ്ടായി. സ്വതന്ത്ര പരമാധികാര ഇന്ത്യയിൽ പഴയ ജന്മി, നാടുവാഴിത്ത സമ്പ്രദായത്തിന് തകർച്ച ഉണ്ടായി. ദളിതർക്ക് വോട്ടവകാശംകിട്ടി. ഭരണത്തിലും രാഷ്ട്രീയത്തിലും അവർക്ക് പങ്കാളിത്തം കിട്ടി. വിവിധ പ്രസ്ഥാനങ്ങളുടെയും നേതാക്കളുടെയും ശ്രമഫലമായി, ജാതിയുടെയും ലിംഗത്തിന്റെയും പേരിലുള്ള അസമത്വങ്ങളും അനീതികളും ഇല്ലാതായി. സാമ്രാജ്യത്വവിരുദ്ധപ്രക്ഷോഭം, നവോത്ഥാന പ്രസ്ഥാനം, ജാതിവിരുദ്ധപ്രസ്ഥാനം, അയിത്തോച്ചാടനം, പന്തിഭോജനം തുടങ്ങിയവയൊക്കെ ഈ സാഹചര്യത്തിൽ ഓർക്കാവുന്നതാണ്. എന്നാൽ ഇപ്പോൾ ഹിന്ദു വലതുപക്ഷ രാഷ്ട്രീയത്തിന്റെ ഉദയത്തോടെ പഴയ ഉച്ചനീചത്വങ്ങളിലേക്ക് തിരിച്ചുപോകുന്നതിനുള്ള പ്രവണത കണ്ടുതുടങ്ങിയിരിക്കുന്നു.

വിദ്യാഭ്യാസത്തിലും ഉദ്യോഗങ്ങളിലും ദളിതർക്ക് ലഭിക്കുന്ന സംവരണത്തിന് എതിരെ സവർണസംഘടനകൾ സംസാരിച്ചുതുടങ്ങിയിരിക്കുന്നു. ഒരുസാമൂഹിക പ്രതിവിപ്ലവം നടക്കുന്നു. എല്ലാ മേഖലയിലും അതിവേഗം സ്വകാര്യവൽക്കരണം നടപ്പാക്കുന്നു. അവിടെ ഒരുതരത്തിലുമുള്ള സംവരണം സാധ്യമല്ല. സമൂഹത്തിലെ അടിച്ചമർത്തപ്പെട്ടവർ വീണ്ടും നിലനിൽപ്പിനായി പൊരുതേണ്ടിവരുന്നു. രാഷ്ട്രീയമായി അവർ ഇപ്പോഴും മറ്റുള്ളവർക്ക് തുല്യർതന്നെ. ദളിതർക്കും പിന്നോക്കവിഭാഗങ്ങൾക്കും വോട്ടവകാശം ഉണ്ട്. പക്ഷേ, അവരുടെ സാമ്പത്തിക അവസരങ്ങൾ ഇല്ലാതാകുന്നു. ദളിതർക്കെതിരായ പ്രത്യേകിച്ച് ദളിത്സ്ത്രീകൾക്ക് എതിരായ അതിക്രമങ്ങൾ വർധിക്കുന്നു.

അസന്തുലിത വികസനമാണ് ഇവിടെ നടക്കുന്നത്. അത് ജനങ്ങളുടെ ജനാധിപത്യ അവകാശങ്ങളെ ഹനിക്കും.

ഈ അവസ്ഥയ്ക്ക് എന്തെങ്കിലും പരിഹാരമുണ്ടോ എന്നതാണ് പ്രസക്തമായ ചോദ്യം. ഗവൺമെന്റ് ദരിദ്രരുടെ ഉന്നമനത്തിനായി പണം ചെലവഴിച്ചാൽ അതിന് പല മടങ്ങ് ഫലമുണ്ടാകും. പ്രാദേശികമായ ആവശ്യ

ങ്ങൾ വർധിക്കും. അത് തൊഴിലവസരങ്ങൾ സൃഷ്ടിക്കും.

വികസനത്തിലെ ഗുജറാത്ത് മാതൃക നാം ഏറെ ചർച്ച ചെയ്ത് കഴിഞ്ഞു. 2004–2005നും 2011–2012നുമിടയിലുണ്ടായ ഗുജറാത്തിലെയും കേരളത്തിലെയും വളർച്ചാ നിരക്ക് ഞാൻ താരതമ്യം ചെയ്യുകയുണ്ടായി. ഗുജറാത്തിൽ ഈ കാലയളവിലെ വളർച്ചാനിരക്ക് 8.19 ശതമാനമായിരുന്നു. കേരളത്തിന്റേത് 7.91 ശതമാനവും. കേരളം ഭരിച്ചിരുന്ന എൽഡിഎഫ് ഗവൺമെന്റ് സാമ്പത്തിക സഹായത്തിനായി ഏതെങ്കിലും ബഹുരാഷ്ട്രകമ്പനികളെ ക്ഷണിച്ചിരുന്നില്ല. നിക്ഷേപത്തിനായി ടാറ്റയെയോ അംബാനിയേയോ സമീപിച്ചിരുന്നില്ല. പിന്നെ എങ്ങനെ ഈ വളർച്ചാനിരക്ക് കൈവരിക്കാനായി. നാം സാമൂഹിക ക്ഷേമപദ്ധതികൾ പുനരുജ്ജീവിപ്പിച്ചു. പാവപ്പെട്ട ജനങ്ങളുടെ കൈവശം പണം വന്നുചേർന്നു. സാധാരണക്കാരുടെ വാങ്ങൽശേഷി വർധിപ്പിച്ചു. അവർ പണം ചെലവഴിക്കാൻ തുടങ്ങിയപ്പോൾ ചെറുകിട കച്ചവടങ്ങളും വ്യവസായങ്ങളും നിലവിൽ വന്നു.

ഇതൊരു വികസന മാതൃകയാണ്. സാധാരണക്കാരുടെ വാങ്ങൽശേഷി സാമ്പത്തികവളർച്ചയെ പുനരുജ്ജീവിപ്പിക്കും. ഗവൺമെന്റ് ഈ മാതൃക തുടർന്നാൽ ഉൽപാദന വളർച്ചയ്ക്കൊപ്പം ജനോപകാരപ്രദമായ ഗുണപരമായ വളർച്ച കൂടി സാധ്യമാകും. ജനങ്ങൾക്ക് അത് ആശ്വാസമാകും. മറ്റു സംഘടനകളെ അപേക്ഷിച്ച് കേരളത്തിൽ ക്ഷേമസൂചികകൾ മുന്നിലാണ്.

പൂർണമായല്ലെങ്കിലും കേരളത്തിൽ ഭൂപരിഷ്കരണം നടന്നു. രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലും ഭൂപരിഷ്കരണം നടക്കേണ്ടതുണ്ട്. സാമ്പത്തിക അസമത്വം നിലനിൽക്കുന്നിടത്ത് ജനാധിപത്യം പുലരില്ല. സമ്പത്ത് പുനർവിതരണം ചെയ്യേണ്ടതുണ്ട്. കൃഷിയിൽ അധിഷ്ഠിതമായ വികസനം വീണ്ടെടുക്കണം.

അസമത്വത്തിന് കാരണമാകാതെ വളർച്ചയും വികസനവും സാധ്യമാണ്. നാം ചർച്ച ചെയ്ത ബദൽ മാതൃക അസമത്വം കുറച്ച്കൊണ്ടുവരും. തൊഴിലില്ലായ്മയും പരിഹരിക്കാം. കൂലിയിൽ വർധനയുണ്ടാകും. ഭക്ഷണത്തിനും തൊഴിലിനുമുള്ള അവകാശം, സൗജന്യ ആരോഗ്യസംരക്ഷണം എന്നിവ നടപ്പിൽ വരുത്തണം. വിദ്യാഭ്യാസത്തിനുള്ള അവകാശവും ഭിന്നശേഷിയുള്ളവർക്കുള്ള അവകാശങ്ങളും ഉടൻ ഉറപ്പ് വരുത്തണം.

ഇന്ത്യയിൽ ഒരു ഇടതുപക്ഷ ഗവൺമെന്റ് നിലവിൽ വന്നാൽ സമ്പന്നരിൽ കെട്ടികിടക്കുന്ന പണം ജനങ്ങളിലേക്ക് ഒഴുകും. ഒരുപക്ഷേ ഓഹരിവിപണികൾ തകർന്നേക്കാം. മാറ്റത്തിന് വേണ്ടിവരുന്ന ചെറിയ വിലയാണത്. പക്ഷേ, ഒരു ബദൽ തീർച്ചയായും സാധ്യമാണ്.

(2014 ജൂൺ 15 ന് പ്രഭാത് പട്നായിക് നടത്തിയ അനുസ്മരണ പ്രഭാഷണത്തിന്റെ ഏകദേശ പരിഭാഷ)

# ബദലന്വേഷണങ്ങൾ

(‘അഭയം 2014’ ൽ നടന്ന അവതരണങ്ങളെക്കുറിച്ച് PAG
മാസിക പ്രസിദ്ധീകരിച്ച റിപ്പോർട്ട്)

# ചരമദിനാചരണം പോലും രാഷ്ട്രീയ പ്രവർത്തനമാണ്.

- അജയ് ഘോഷ്

അഭയന് കാലം അനുവദിച്ചുനൽകിയത് കേവലം 22 സംവത്സരങ്ങളായിരുന്നു. അതിനോടകം കണ്ടുമുട്ടുകയോ ഇടപഴകുകയോ ചെയ്തവരുടെ യെല്ലാം സുഹൃത്തും സഖാവും മാർഗ്ഗദർശകനും ആയിതീർന്നുവത്രെ അവൻ! ഒരു പിഞ്ചുകുട്ടിയായി പൊൻകുന്നത്തെ എൽ.പി സ്കൂളിൽ നിന്നു തുടങ്ങി മദ്രാസ് ക്രിസ്ത്യൻ കോളേജിലെ പോസ്റ്റ് ഗ്രാജു വേറ്റ് വിദ്യാർത്ഥിവരെ ആയി. അവൻ 'ജീവിച്ചു തീർത്ത' ഒരു പുരുഷായുസ്സിന്റെ വളരെ ചെറി യൊരു ഇടവേളയിൽ അവൻ എന്താണ് ചെയ്ത തെന്ന കേട്ടറിവുകളും, 'അഭയൻ അഭയൻ' സ്മര ണിക തന്ന വിവരങ്ങളും മാത്രമായാണ് ഈ ലേഖ കൻ 2014 ജൂൺ 14 ന് പൊൻകുന്നത്തെ ലീലാമ ഹൽ ഓഡിറ്റോറിയത്തിൽ എത്തിച്ചേർന്നത്. പി. എ.ജി യുടെ ഒരു ചെറുസംഘവുമായി ഞങ്ങളവിടെ

എത്തുമ്പോൾ അൽപ്പം മാത്രമെ ഞങ്ങൾ വൈകിയിട്ടുള്ളൂ എന്നായിരുന്നു മനസ്സിൽ കരുതിയത്. എന്നാൽ ആ ഹാളിൽ നിറയെ ചെറുപ്പക്കാരും മുതിർന്നവരും കുട്ടികളും ഇടകലർന്നിരിക്കുന്നുണ്ടായിരുന്നു. ഔപചാരികതയുടെ കെട്ടുപാടുകളൊന്നുമില്ലാതെ, വേദിയും സദസ്സും ഇടകലർന്നു കിടക്കുന്നു. അദ്ധ്യക്ഷവേദിയും പരിവാരങ്ങളുമില്ല. പക്ഷേ വളരെ ഗൗരവമേറിയ അവതരണമാണ് അവിടെ നടന്നുകൊണ്ടിരുന്നത്. സ്ലൈഡും വീഡിയോക്ലിപ്പുകളുമൊക്കെ ഇടക്ക് കടന്നുവന്നുകൊണ്ടിരുന്നു. 200–ൽ അധികം വരുന്ന കേൾവിക്കാർ അതിൽ മുഴുകിയിരിക്കുന്നു. 'അഭയം 2014' എന്ന് പേരിട്ട്, 2013 മെയ് 27 ന് ലോകത്തോട് വിടപറഞ്ഞ അഭയന്റെ ഒന്നാം ചരമദിനാചരണത്തിനെത്തിയ അവന്റെ സുഹൃത്തുക്കളും സഖാക്കളുമാണവിടെ ഒത്തുകൂടിയിരിക്കുന്നത്. 2 നാൾ നീളുന്ന ചരമദിനാചരണത്തിന്റെ ആദ്യദിനത്തിലെ ആദ്യപരിപാടിയാണ് 'വിജയകരമായ ബദലുകളുടെ അവതരണം. എ.എസ്.കെ (അഭയൻസ്മാരകകേന്ദ്രം) തെരഞ്ഞെടുത്ത ബദൽ ആവിഷ്ക്കാരങ്ങളിലൊന്ന് പി.എ.ജി ആയതുകൊണ്ട് പി.എ. ജി യെ പരിചയപ്പെടുത്തുക എന്ന കടമയുമായാണ് ഞങ്ങളവിടെ എത്തിയത്.

# തീയറ്റർ ഹട്ട്

വിജയകരമായ ബദലുകളിൽ അവർ കണ്ടെത്തിയ 'തീയറ്റർ ഹട്ട്' എന്ന സാംസ്കാരികസംഘടനയുടെ മുഖ്യസംഘാടകരിലൊരാളാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. കോട്ടയം ജില്ലയിലെ പുലിയന്നൂർ ഗ്രാമം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന 'തീയേറ്റർ ഹട്ട്, പാലാ', നവീനവും വ്യത്യസ്തവുമായൊരു സാംസ്കാരിക ഇടപെടലാണോ എന്ന് 'നിങ്ങൾ' തീരുമാനിക്കുവാനാണ് ആ ചെറുപ്പക്കാരൻ സദസ്സിനോട് ആവശ്യപ്പെട്ടത്. സർഗ്ഗാത്മകതയുടെ 'പ്രായവും' 'കാലവും' 'നിറ' വും 'വേദിയും' 'ഇടവും' വരച്ചിടാതെ 'സംസ്കാരം ജനങ്ങളാൽ' എന്ന സങ്കല്പം അക്ഷരാർത്ഥത്തിൽ നെഞ്ചിലേറ്റുന്ന ഒരു കൂട്ടായ്മയാണത്. 2004 –ൽ ആരംഭിച്ച തീയറ്റർഹട്ട് രംഗാവതരണങ്ങൾ, പ്രയോഗാധിഷ്ഠിതമായ ബോധനപ്രവർത്തനം, സർഗ്ഗസഹവാസ ക്യാമ്പുകൾ, വായന, ചർച്ച, സംവാദം, 'ഇടം' എന്ന മാസികയുടെ പ്രസിദ്ധീകരണം തുടങ്ങി നിരവധി കാര്യങ്ങൾ

ചെയ്യുന്നു. ഈ ചെറുകൂട്ടായ്മ വരണ്ടുണങ്ങുകയും കരിഞ്ഞുകരിവാളിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന കേരളത്തിന്റെ പൊതുസാംസ്കാരിക ഇടത്തിലെ തെളിനീരുറവയായി തീരുന്നുവെന്ന് അവർ പറയാതെതന്നെ ഞങ്ങൾക്കു ബോധ്യമായി. 'ബദൽ' വേണ്ടിവരുന്നത് നമ്മുടെ ചുറ്റുപാടുകളും സമൂഹവും ലോകവും നമുക്കന്യമാവുമ്പോഴാണ്. അത് നമ്മുടെമേൽ അധിനിവേശം ചെയ്യുമ്പോഴാണ്. അതുകൊണ്ടുതന്നെ അധിനിവേശവിരുദ്ധപോരാട്ടങ്ങളിലെ ജീവനുള്ള പ്രതിരോധങ്ങളാണ് ബദലകൾ. അതിന്റെ പരിമിതി അതിന്റെ ഇടം ചെറുതാണെന്നുള്ളതു മാത്രമാണ്. 14-ന് വൈകിട്ട് തിയേറ്റർ ഹട്ടിന്റെ 'പ്രേതഭാഷണം' എന്ന സി. അയ്യപ്പന്റെ കഥയെ ആസ്പദമാക്കി അവതരിപ്പിച്ച നാടകാവിഷ്കാരം അത്ഭുതകരമായ ജനകീയകൂട്ടായ്മയിൽ പിറവികൊണ്ട ഒരു കലാപ്രവർത്തനമായിരുന്നു. കൊച്ചുകുട്ടികൾ മുതൽ മാതാപിതാക്കൾവരെ അവരുടെ സർഗ്ഗാത്മകതയുടെ അംശങ്ങൾ അവിടവിടെ ചേർത്തുവെച്ചുണ്ടായ നാടകം. 50-ൽ അധികംപേരുടെ കൂട്ടായ്മയിൽ നിന്ന്, അവരുടെ മനസ്സും ശരീരവും ഒരുമിച്ചുചേർന്ന് നടത്തിയ രംഗാവിഷ്കാരം. 'സർഗ്ഗവസന്തം വിരിയുന്നു' എന്നൊക്കെ പറയുന്ന രാഷ്ട്രീയ-കലാ-സാംസ്കാരിക ഇടപെടലിന്റെ അർത്ഥശൂന്യതയുടെ ആഴം മനസ്സിലാക്കാൻ ഈ നാടകം തന്നെ മതി. അതായത് ജീവിതത്തിന്റെ സമസ്ത മേഖലകളിലും അധിനിവേശം ചെയ്തുകൊണ്ട് മുന്നേറുന്ന കമ്പോളവാഴ്ചക്കും സംസ്കാരത്തിനും എതിരെ പ്രതിരോധം ചമക്കാൻ നിയുക്തമായ ചില വലിയ സാംസ്കാരിക കലാസംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും കെട്ടുകാഴ്ചകൾക്ക് മുമ്പിൽ 'തീയറ്റർ ഹട്ട്' എന്ന പ്രകാശബിന്ദുവിന്റെ വിസ്ഫോടനശേഷി എത്രയെന്ന് ഞങ്ങൾ ഗൗരവപൂർവ്വം തിരിച്ചറിഞ്ഞു. അധിനിവേശകാലത്തെ സാംസ്കാരികപ്രവർത്തനം എങ്ങനെയെന്ന് നമ്മെ ബോധ്യപ്പെടുത്തുന്നവയായിരുന്നു എ.എസ്.കെ തെരഞ്ഞെടുത്ത മറ്റു ബദലാവിഷ്ക്കാരങ്ങളും.

# ഹാർട്ട് അറ്റാക്ക് ബാൻഡ്

കവികളെയും കവിതകളെയും അതിന്റെ ആഗോള പരിച്ഛേദത്തിൽ സ്വാംശീകരിച്ച സാംസ്കാരിക-രാഷ്ട്രീയപാരമ്പര്യമുള്ള നമുക്ക്, ഇന്നത് 'വിസ്മൃതമാകേണ്ട ഒരു അനാവശ്യം' എന്ന ധാരണയാണുള്ളതെന്നു പറയാം. കമ്പോളം വരച്ചിടുന്ന വരകളിലൂടെയും വഴികളിലൂടെയും സാംസ്കാരികഭൂമിക കെട്ടിപ്പൊക്കുമ്പോൾ കവിത ചത്തുപോകുകയോ, അരോചകമാവുകയോ ചെയ്യുക സ്വാഭാവികം. കവിതകളെ ഹൃദയത്തിലേറ്റിയ ഒരുകൂട്ടം ചെറുപ്പക്കാർ, ഫേയ്സ്ബുക്ക് പരിചയത്തിലൂടെ രൂപപ്പെടുത്തിയെടുത്ത മ്യൂസിക് ബാന്റാണ് 'ഹാർട്ട് അറ്റാക്ക്'. കവിതകളെ സംഗീതവും ഹൃദ്യമായ ഓർക്കസ്ട്രയുമാക്കി മാറ്റിക്കൊണ്ട്, എല്ലാം വാണിജ്യവത്ക്കരിക്കുന്ന കാലത്തോട് കലാപം കൂട്ടുകയാണ് ഈ കുട്ടികൾ. ഉച്ചക്കുശേഷം അതേഹാളിൽ ഈ കലാകാരന്മാർ നടത്തിയ കവിതകളുടെ സംഗീതാവിഷ്ക്കാരം അവരെക്കുറിച്ച് ഇവിടെ പറഞ്ഞ

വാക്കുകൾ അക്ഷരാർത്ഥത്തിൽ ശരിവെക്കുന്നതായിരുന്നു. ഓരോ ബദലും ഓരോ സർഗ്ഗാത്മക കലാപമാണ്. അത് ഒരു സമൂഹം മുഴുവനായി ഏറ്റെടുക്കുമ്പോൾ മാറ്റത്തിന്റെ കാഹളമായി തീരും. ഈ സത്യം ഓർമ്മിപ്പിക്കുന്ന 'ഹാർട്ട് അറ്റാക്ക്' ബാൻഡ് സംഘത്തെക്കുറിച്ചുള്ള അവതരണമാണ് പിന്നീട് നടന്നത്.

# വായനശാലകൾ കമ്പോളസംസ്കാരത്തിനെതിരെ

ASK തെരഞ്ഞെടുത്ത രണ്ട് വിജയകരമായ ബദലുകൾ ദേശീയവായനശാല, പനമറ്റവും ജനകീയവായനശാല, പൊൻകുന്നവുമായിരുന്നു. 1941 -ൽ എല്ലാ അർത്ഥത്തിലും കേരളത്തിലെ നവോത്ഥാന പ്രക്രിയയുടെ ചിറകിലേറി ആരംഭിച്ച പനമറ്റത്തെ ദേശീയവായനശാല, കേരളസംസ്ഥാനത്തിലെ ഏറ്റവും നല്ല മാതൃകാഗ്രാമീണവായനശാലക്കുള്ള പ്രഥമപുരസ്ക്കാരം നേടിയതാണ്. 2014 ലും ഈ അവാർഡ് അവർക്കാണ്. ചുറ്റുപാടുമുള്ള സർഗ്ഗാത്മക ഇടപെടൽ, ഈ 73-ാം വയസിലും നിർവ്വഹിക്കുന്ന ദേശീയവായനശാല ഒരു വലിയ ഓർമ്മപ്പെടുത്തലാണ്. കേരളസമൂഹത്തെ ആത്മാഭിമാനമുള്ള മനുഷ്യരുടെ സമൂഹമാക്കി പരിവർത്തനം ചെയ്യാൻ വളരെവലിയ പങ്കുവഹിച്ച ഇടതുപക്ഷത്തെ, ഒരു വികാരം പോലെ ഈ സമൂഹം ഏറ്റുവാങ്ങിയത് ഒട്ടും വിഭാഗീയമല്ലാതെ ഉയർന്നുവന്ന വായനശാലാ

പ്രസ്ഥാനത്തിന്റെകൂടി കരുത്തിലായിരുന്നു. അതൊരു ബ്രഹത്തായ രാഷ്ട്രീയ പ്രവർത്തനമാണെന്നുള്ള തിരിച്ചറിവ് കേരളത്തിലെ ഇടതുപക്ഷത്തിനുണ്ടായിരുന്നു. ഇന്ന് വായനശാലകൾ ചലനാത്മകമല്ല. ആഗോളവത്ക്കരണത്തിന്റെയും സോഷ്യലിസ്റ്റ് തകർച്ചയുടെയും ഫലമായി വിമോചനസങ്കല്പങ്ങളുടെ മാറ്റ് കുറയുകയും അവയെ കാലാനുസൃതമായി പുനർനിർമ്മിക്കാനുള്ള ശേഷി പൊതുവിൽ ഇടതുപക്ഷത്തിനില്ലാതാവുകയും ചെയ്യുമ്പോൾ സമൂഹം വഴിയറിയാതെ കമ്പോളം തുറന്നിടുന്ന ഹൈവേകളിലൂടെ നെട്ടോട്ടമോടുകയാണ്.

അങ്ങനെ സാങ്കേതികവിദ്യയുടെ ചിറകിലേറി കെട്ടുകാഴ്ചകളുടെ പൂരംകണ്ട് നാം മയങ്ങുമ്പോൾ, സർഗ്ഗാത്മകരാഷ്ട്രീയപ്രവർത്തനം എങ്ങനെ വേണമെന്ന് ദേശീയവായനശാല കാട്ടിത്തരുകയാണ്. ഒരു ഗ്രാമത്തിലെ മനുഷ്യജീവിതത്തിൽ കൃഷി, വിദ്യാഭ്യാസം, ആരോഗ്യം, കല, കായികം, ബോധനം, സാഹിത്യം, സേവനം, സംവാദം, നാടകം, സിനിമ, ഭക്ഷണശീലം തുടങ്ങിയ മണ്ഡലങ്ങളിലെല്ലാം സർവ്വതലസ്പർശിയായതും സൂക്ഷ്മവുമായ ഇടപെടൽ അവർ ഇപ്പോഴും നടത്തുന്നു! കെട്ടിടങ്ങളും അലമാരകളും തുറക്കപ്പെടാത്ത പുസ്തകങ്ങളും മാത്രമുള്ള വായനശാലകളായി, കേരളത്തിലെ 'മാറ്റത്തിന്റെ കേന്ദ്രങ്ങൾ' കെട്ടുപോകുമ്പോൾ ഇവർ നമ്മെ പഠിപ്പിക്കുന്നത് പ്രതിരോധത്തിന്റെ ഒരു പുതിയ പാഠമാണ്.

അത് നമ്മൾ പഠിക്കുമെങ്കിൽ എത്ര നന്നായിരുന്നു എന്ന് അടിവരയിടുകയാണ്. 2004-ൽ മാത്രം ആരംഭിച്ച ജനകീയവായനശാല, പൊൻകുന്നം. ആഗോളമുതലാളിത്തത്തിന്റെ പുതിയകാലത്തെ ഇന്ത്യൻ അധിനിവേശം അതിന്റെ പൂർണ്ണതയിലേക്കെത്തുമ്പോൾ, അൻപതോളം അംഗങ്ങളും 2000-ത്തിലധികം പുസ്തകങ്ങളുമായിട്ടാണവർ തുടങ്ങുന്നത്. ഇന്നവിടെ 15000 പുസ്തകങ്ങളുണ്ട്. 1100 അംഗങ്ങളുണ്ട്. അവരൊക്കെ പുസ്തകം എടുത്ത് വായിക്കുന്നുണ്ട്! (ഭാഗ്യം അവിടെ ടെലിവിഷനില്ല. പകരം വളരെ സജീവമായ ഒരു 'ഉണ്ണിയരങ്ങ്' അവിടെ ഉണ്ട്. 'രംഗയൗവനം' എന്ന പേരിൽ യുവാക്കളുടെ സർഗ്ഗാത്മകതയുടെ കെട്ടഴിക്കുന്ന അവതരണവേദിയുണ്ട്. ഒരു വനിതാ ലൈബ്രേറിയനാണവിടെ ഉള്ളത്. വനിതകൾക്ക് വായിക്കാനായി 4 മുതൽ 8 വരെയാണ് വായനശാലയുടെ പ്രവർത്തന സമയമെന്നതും, കൗതുകകരമാണ്. ചിത്രകല, യോഗ, സംവാദസദസുകൾ, സിനിമ, പാചകം, യാത്ര, ഉപകരണസംഗീതം, ആരോഗ്യബോധനം എന്നിങ്ങനെ പുസ്തകം തുറന്നിടുന്ന സമസ്തജാലകങ്ങളും ഈ സാംസ്കാരികകേന്ദ്രത്തിനുണ്ട്. 'ചർച്ചാവേദി'യെന്ന ത്രൈമാസികയും അവർ പ്രസിദ്ധീകരിക്കുന്നു. അഭയൻ ചെറുപ്രായത്തിൽ ഈ വായനശാലയുടെ പ്രവർത്തകനുമായിരുന്നു. അവന്റെ അതുല്യമായ സാമൂഹ്യബോ

ധത്തിന് അടിത്തറയിട്ട ഇടമെന്നതിനും അപ്പുറം അഭയനെപ്പോലെ തന്റെ സഹജീവികളെ നെഞ്ചിലേറ്റുന്ന ഒരു കൂട്ടം ചെറുപ്പക്കാർ ഈ വായനശാലയുടെ സംഭാവനയായുണ്ടെന്നത് ഞങ്ങളെ അത്ഭുതപ്പെടുത്തി. അടച്ചിട്ട മുറികളിലിരുത്തി, വിശ്വചക്രവാളം പിടിക്കാൻ മക്കളെ പരിശീലിപ്പിക്കുന്ന യഥാസ്ഥിതികത്വം കേരളത്തിലെ രക്ഷാകർത്താക്കളെ ആദേശം ചെയ്തു കഴിഞ്ഞിട്ട് 2 ദശാബ്ദമാകുന്നു. അപ്പോഴാണ് വിശ്വചക്രവാളത്തിലേക്ക് പറന്നുയരാൻ സാമൂഹ്യമായ സാധ്യതകൾ എന്തെന്ന് ഈ കൂട്ടായ്മകൾ തെളിയിക്കുന്നത്. നമ്മളിത് കാണുമോ?

# മലബാർ മീറ്റ്, വയനാട്

കൃത്യമായി പറഞ്ഞാൽ, ഒരു വർഷം മുമ്പ് വയനാട്ടിൽ രൂപപ്പെട്ട കർഷകരുടെ ഒരു കൂട്ടായ വ്യവസായ സംരഭമാണ് 'മലബാർ മീറ്റ്'. ഇടതുപക്ഷഗവണ്മെന്റ് കേരളത്തിൽ അധികാരത്തിലിരിക്കുന്ന (2006-2011) സന്ദർഭത്തിൽ ജന്മമെടുത്ത്, പ്രാഥമികമായ പ്രവർത്തനങ്ങൾ ആരംഭിച്ച വയനാട്ടിലെ 12270 കർഷകർ അംഗങ്ങളായ ബ്രഹ്മഗിരിഡെവലപ്പ്മെന്റ് സൊസൈറ്റിയാണ് 'മലബാർ മീറ്റ്' ആരംഭിക്കുന്നത്. കൃഷിക്കാരും കാർഷിക തൊഴിലാളികളും അംഗങ്ങളായുള്ള ആ സഹകരണപ്രസ്ഥാനം സഹകരണ നിയമത്തിനു കീഴിലല്ല രജിസ്റ്റർ ചെയ്തിട്ടുള്ളത്. വയനാട്ടിലെ മുഴുവൻ പഞ്ചായത്തുകളിലും ബ്രഹ്മഗിരി ഫാർമേഴ്സ് സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്. അതിന്റെ കേന്ദ്രബോഡിയാണ് മലബാർ മീറ്റ് എന്ന വ്യവസായ സംരംഭം ആരംഭിച്ചത്. കൃഷിക്കാർ ഉല്പ്പാദിപ്പിക്കുന്ന ഉരുക്കളെ ഇടത്തട്ടുകാരെ ഒഴിവാക്കി സഹകരണസംഘം സംഭരിക്കുകയും

അവയെ മാംസ ഉൽപ്പന്നങ്ങളാക്കി സംസ്ക്കരിച്ച് വിപണിയിൽ നേരിട്ട് ഉപ ഭോക്താക്കൾക്ക് നൽകുകയുമാണ് ചെയ്യുന്നത്. കൃഷിക്കാർക്ക് ഉരുക്കളെ വളർത്തുന്നതിനും തീററ ഉൽപ്പന്നങ്ങളുടെ വിതരണത്തിനും വൈദ്യപരി ശോധനക്കുമൊക്കെയുള്ള സഹായങ്ങൾ സൊസൈറ്റി ലഭ്യമാക്കും. വയ നാട് ഫുഡ് ആന്റ് വെജിറ്റബിൾസ് എന്ന പേരിൽ പച്ചക്കറി കർഷകരുടെ കൂട്ടായ്മ രൂപീകരിച്ച് ( Good Agricultural Practice- GAP) നിലവാരമുള്ള കാർഷിക ഉൽപ്പന്നങ്ങൾ ജനങ്ങൾക്ക് നൽകുന്നത് സൊസൈറ്റിയുടെ മറ്റൊരു സംരഭമാണ്. കർഷക സംഘത്തിന്റെ നേതാവ് കൂടിയായ മുൻ എം. എൽ.എ സ: കൃഷ്ണപ്രസാദ് ചെയർമാനായ മലബാർ മീറ്റിനെ സദ സ്സിന് പരിചയപ്പെടുത്തിയത്, സൊസൈറ്റിയുടെ സെക്രട്ടറി സി.കെ ശിവ രാമൻ ആണ്.  ഇടതുപക്ഷഭരണം ഈ സൊസൈറ്റിക്ക് കർഷകരെയും തൊഴിലാളികളെയും വ്യവസായവൽക്കരണ പ്രക്രിയയിൽ ഫലപ്രദമായി കണ്ണിചേർക്കുന്ന സംരംഭമെന്ന നിലയിൽ 14 കോടി രൂപ നൽകി സഹായി ച്ചു. വൻകിട കോർപ്പറേറ്റുകൾക്ക് പൊതുസ്ഥലം വെറുതെ കൊടുത്തും ഖജനാവിലേക്കുള്ള നികുതികൾ വേണ്ടെന്നുവെച്ചും 'രാജ്യത്തെ വളർത്തുന്ന' ആഗോളവത്ക്കരണനയങ്ങൾക്ക് ബദലായി, ചെറുകിട കർഷ കരെയും തൊഴിലാളികളെയും അവർ നൽകുന്ന നികുതിയുടെ ഒരു വിഹിതം തിരിച്ചുനൽകിക്കൊണ്ട് വളർച്ചയിലും വികസനത്തിലും ഉൾചേർക്കുന്ന നയത്തിന്റെ ഭാഗമായിരുന്നു ഈ സഹായം. ഏതാണ്ട് 30 കോടി രൂപ, കർഷകർ തന്നെ സംഭാവന ചെയ്തതാണ്. കർഷകരുടെ ആത്മഹത്യാമുനമ്പായി 2001 –2006 കാലത്ത് വയനാട് മാറിയപ്പോൾ ഇട തുപക്ഷഭരണകാലത്ത് ആത്മവിശ്വാസത്തോടെ ജീവിതത്തെ നേരിടാൻ അവർക്ക് ധൈര്യം ലഭിച്ചത് കമ്പോളത്തിന്റെ തേർവാഴ്ചക്കെതിരായി ബദൽ വികസന നടപടികൾ കൊണ്ടു വന്നതിന്റെ ഫലമായിട്ടാണ്. മല ബാർ മീറ്റും, ബ്രഹ്മഗിരി സൊസൈറ്റിയും കോർപ്പറേറ്റ് വാഴ്ചക്കും ഭരണ കൂടവും കോർപ്പറേറ്റുകളും ചേർന്ന് നടത്തുന്ന ചൂഷണത്തിനും എതിരെ യുള്ള ജനകീയബദലാണ്. അത്തരം ബദലുകൾ തേടുന്നതിനു പകരം ചങ്ങാത്തമുതലാളിത്തം മുന്നോട്ടുവയ്ക്കുന്ന പൊതുഖജനാവിന്റെ ചിലവിൽ ചിലവിൽ വൻകിടകുത്തകകളുടെ നേതൃത്വത്തിൽ സാധാരണകർഷകരു ടെയും ചെറുകിട വ്യവസായികളുടെയും ജീവസന്ധാരണത്തെ പരിഗണി ക്കാതെയുള്ള വളർച്ചാനയം ഇടതുപക്ഷം സ്വീകരിച്ചാൽ അവർക്ക് എന്തു സംഭവിക്കും എന്ന് ബംഗാൾ നമുക്ക് നിരന്തരം കാട്ടിത്തന്നുകൊണ്ടിരിക്കു കയാണ്. കടുത്ത മൂലധനചൂഷണത്തിനും, കമ്പോളവത്ക്കരണത്തിനും ബദൽ തീർക്കുവാൻ ഇടതുപക്ഷത്തിന് കഴിയുമ്പോൾ മാത്രമേ മഹാഭൂരി പക്ഷം വരുന്ന സാധാരണക്കാരെ സംരക്ഷിക്കാനും പ്രതിനിധീകരിക്കാനും അവർക്ക് കഴിയുകയുള്ളൂ. മൂലധനവാഴ്ചയിലൂടെയുള്ള വ്യവസായവത്ക്ക

രണം തൊഴിൽരഹിതസാമ്പത്തികവളർച്ചയും അസമത്വവുമാണ് നൽകുന്നതെന്ന വസ്തുതാപരമായ സത്യം മറന്നാൽ പിന്നെ ഇടതുപക്ഷമില്ല!

ബംഗാളിലെ തുടർച്ചയായ ഇടതുപക്ഷഭരണത്തിൽ, ആ സംസ്ഥാനം വൻ കാർഷികവളർച്ചയാണ് കൈവരിച്ചിരുന്നത്. 1996 –2008 കാലത്തെ കാർഷികവളർച്ചാനിരക്ക് രാജ്യത്ത് കേവലം 3% ആയിരുന്നെങ്കിൽ ബംഗാളിൽ 12% ആയിരുന്നു. വ്യവസായവത്ക്കരണം എന്ന ആവശ്യം ബംഗാളിന്റെ മുന്നോട്ട് പോക്കിന് അനിവാര്യമായിരുന്നു. അത് പക്ഷേ കർഷകരെയും കർഷകതൊഴിലാളികളെയുമൊക്കെ ഭാഗഭാക്കാക്കികൊണ്ടുള്ള, കുത്തക മൂലധനത്തെ പരിമിതമായ അളവിൽ മാത്രം ആശ്രയിച്ചുകൊണ്ടുള്ളതാവണം എന്ന കാഴ്ചപ്പാട് ബംഗാളിലെ ഇടതുപക്ഷം ശക്തമായി ഉന്നയിച്ചില്ല എന്നുള്ള ഡോക്ടർ പ്രഭാത് പട്നായിക്കിന്റെ വിമർശനം കാലം ശരിവയ്ക്കുകയാണ്. ബംഗാളിലെ ഇടതുപക്ഷപരാജയത്തിന് വേറെയും കാരണങ്ങൾ ഉണ്ടാവാം. പക്ഷേ ബദൽവികസനനയങ്ങൾ മുന്നോട്ടുവയ്ക്കുന്ന ഇടതുപക്ഷത്തിന് കമ്പോളം ചവച്ചുതുപ്പുന്ന വിഭാഗങ്ങളെയൊക്കെ കണ്ണിചേർത്തുകൊണ്ടല്ലാതെ അത് മുന്നോട്ടുകൊണ്ടുപോകാനാവില്ല. കൃഷിയുടെ വ്യവസായവത്ക്കരണത്തിന് വൻകിട വ്യവസായവർഗ്ഗത്തെ ആശ്രയിക്കുന്നതിനുപകരം, പ്രസ്തുത കടമ കർഷകരും തൊഴിലാളികളുമടങ്ങിയ സഹകരണപ്രസ്ഥാനം ഏറ്റെടുക്കുക എന്ന 'മലബാർമീറ്റ്' മാതൃക വളരെ വലിയൊരു രാഷ്ട്രീയബദൽ കൂടിയാവുന്നു എന്നാണ് സൂചിപ്പിച്ചത്. വിപണിയുടെ ഏകാധിപത്യത്തിനും കടുത്ത ഉപഭോക്തൃ ചൂഷണത്തിനും എതിരെയുള്ള ഇടപെടൽ കൂടിയാണ് മലബാർ മീറ്റും ബ്രഹ്മഗിരി സൊസൈറ്റിയും എന്നുകൂടി നമുക്ക് ഓർത്തുവയ്ക്കാം. അതുകൊണ്ടുതന്നെ ഇടതുപക്ഷം ഗൗരവപൂർവ്വം പരിഗണിക്കേണ്ട ബദൽ വികസനകാഴ്ചപ്പാടാണത്.



പലമതസാരവുമേകമെന്നു പാരാ-
തുലകിലൊരാനയിലന്ധരെന്നപോലെ
പലവിധയുക്തി പറഞ്ഞു പാമരന്മാ-
രലവതു കണ്ടലയാതമർന്നിടേണം.

ഒരു മതമന്യനു നിന്ദ്യമൊന്നിലോതും
കരുവപരന്റെ കണക്കിനൂനമാകും
ധരയിലിതിന്റെ രഹസ്യമൊന്നു താനെ-
ന്നറിവളവും ഭ്രമമെന്നറിഞ്ഞിടേണം.

പൊരുതുജയിപ്പതസാദ്ധ്യമൊന്നിനോടൊ-
ന്നൊരു മതവും പൊരുതാലൊടുങ്ങുവീല
പരമതവാദിയിതോർത്തീടാതെ പാഴേ
പൊരുതുപൊലിഞ്ഞിടുമെന്ന ബുദ്ധിവേണം.

– ആത്മോപദേശശതകം
ശ്രീനാരായണഗുരു

# പ്രകൃതികൃഷി എന്ന പ്രതിരോധം

കാർഷിക- വ്യവസായ കുത്തകകൾ സമസ്ത കാർഷിക പ്രവർത്തനവും പിടിച്ചടക്കിക്കൊണ്ടിരിക്കുകയാണ്. അതിന്റെ വേറൊരർത്ഥം, 60% ജനങ്ങളുടെ ഉപജീവനം 'നായ നക്കുന്നു' എന്നാണ്. അമിതമായ കീടനാശിനിപ്രയോഗം ഭക്ഷണത്തെ വിഷമാക്കുന്നു. രാസവളവും കീടനാശിനിയും നിങ്ങൾക്കു വെറുപ്പാണെങ്കിൽ, ജൈവകൃഷിയും ജൈവകീടനാശിനിയും റെഡി. എല്ലാം ഒരൊറ്റ മോൺസാന്റോ നിങ്ങൾക്കു തരും. ലോകത്തിലെ 25% ഭക്ഷ്യാവശ്യങ്ങൾ 'നിർവ്വഹിക്കുന്ന' മോൺസാന്റോ ശരിക്കും പുതിയ മുതലാളിത്തത്തിന്റെ മാതൃകയാണ്. ഇങ്ങനെയൊക്കെയാണ് കാര്യങ്ങൾ എന്നതുകൊണ്ടാണ്, കർഷകരുടെ സ്വയംപ്രതിരോധസംഘങ്ങളും കൂട്ടുകൃഷിയും അവരുടെ സഹകരണസംഘവും പ്രകൃതികൃഷിയുമൊക്കെ വിപ്ലവങ്ങളാവുന്നത്. കൃഷി ഒരു സംസ്ക്കാരമാണ് - ആ വാക്കിൽത്തന്നെ. പക്ഷേ അതൊരു വ്യവസായമാണിന്ന്. കൃഷി സംസ്ക്കാര



കാനം പാടത്ത് ഞാറു നടുന്ന വിദ്യാർത്ഥികൾ

വും അതിജീവനായുധവുമാണെന്ന് പറയുമ്പോൾ, പുച്ഛിക്കുന്നവരിൽ ഇട തുപക്ഷക്കാർ പോലുമുണ്ട്. നടക്കാത്ത കാര്യങ്ങൾ പറയുന്നവർ എന്ന താണ് ആ പുച്ഛത്തിന്റെ പിറകിലെ വികാരം. പക്ഷേ ഇവർ അറിയാത്ത കാര്യം, കൃഷിയെന്ന സംസ്കാരത്തെ തിരിച്ചുപിടിക്കാനുള്ള നിരവധിയായ പരിശ്രമങ്ങൾ മുതലാളിത്ത ലോകങ്ങളിൽപ്പോലും വളരെ സജീവമായി നടക്കുന്നു എന്ന കാര്യമാണ്. ആരോഗ്യജീവിതം പൗരാവകാശമാണെന്ന് പ്രഖ്യാപിച്ചുകൊണ്ട്, കാർഷിക കുത്തകകൾക്കെതിരായ പോരാട്ടമായാണ് അവയൊക്കെ ഉയർന്നുവരുന്നത്. ആരോഗ്യപ്രതിസന്ധി ആധുനിക കാർഷികകുത്തകകളുടെ സൃഷ്ടിയാണെന്നും അതൊരു തമാശപറച്ചില ല്ലെന്നും തിരിച്ചറിയുന്ന കൂട്ടായ്മകളാണ് പ്രകൃതികൃഷിയും ജൈവകൃ ഷിയുമൊക്കെ പരീക്ഷിച്ച് ബദൽ സൃഷ്ടിക്കുന്നവർ. അതിലൊന്നാണ് സ: ഹിലാലിന്റെ നേതൃത്വത്തിൽ കോട്ടയം ജില്ലയിൽ നടക്കുന്ന 'പ്രകൃതികൃഷി'. ഇതൊരു ബദലല്ല എന്ന് അവർ പറയും. കാരണം ഇതാണ് ശരിയായ കൃഷി; യഥാർത്ഥ കൃഷി. അപ്പോൾ കൃഷിക്കെതിരായ പ്രവർത്ത നങ്ങളെ യഥാർത്ഥ കൃഷികൊണ്ടു പ്രതിരോധിക്കുകയാണ് ഹിലാലും സംഘവും ചെയ്യുന്നത്. ഇതിനാണ് ബദൽ എന്നു പറയുന്നത്. വിജയകര മായ ബദലായി എ.എസ്. കെ തെരഞ്ഞെടുത്ത പ്രകൃതികൃഷിയുടെ രാഷ്ട്രീയമെന്താണെന്ന് വ്യക്തം.

നമുക്കറിയാം, 60% മനുഷ്യർ കാർഷികമേഖലയെ അവലംബിച്ച് ജീവിക്കുന്ന ഇന്ത്യയിൽ നിരവധി പുരോഗമന കർഷക- കർഷകതൊഴി

ലാളിസംഘടനകൾ ഉണ്ട്. എന്നാൽ അവർ ചെയ്യുന്ന പ്രധാനകാര്യം സർക്കാർ നയങ്ങളെ വിമർശിച്ച് വലിയ പ്രസ്താവന ഇറക്കുക എന്നതാണ്. ചടങ്ങുകളായി ചില കർഷകസമരങ്ങളും ഉണ്ടാവും. അതിൽ 'കർഷകർ' ഉണ്ടാവില്ലെന്നു മാത്രം. കുത്തകകളെയും കാർഷികരംഗത്തെ മൂലധനാധിനിവേശത്തെയും 'ചെറുക്കുന്ന' പ്രമേയങ്ങൾ വരും. പക്ഷേ, 'പ്രയോഗം' എന്ന സംഗതി കണികാണാൻ പോലും ഉണ്ടാവില്ല. എന്നാൽ ഇതിൽനിന്ന് വ്യത്യസ്തമായി കമ്പോളാധിനിവേശത്തെ ചെറുക്കുന്ന 'പ്രയോഗമാണ്' പ്രകൃതികൃഷി. അതീ സംഘടനകളുടെ അജണ്ടയല്ല. അതിനവർ കർഷകരെ പ്രേരിപ്പിക്കില്ല. അതിന് വേണ്ടി ഒരു വർക്ഷോപ്പും നടത്തില്ല. അങ്ങനെയൊക്കെ ചെയ്യുമ്പോൾ മാത്രമേ, മാരകകീടനാശിനി പ്രയോഗത്തിനും മോൺസാന്റോയെന്ന കുത്തകയ്ക്കും എതിരായ യഥാർത്ഥസമരം നടക്കുകയുള്ളൂ എന്നവർ മനസിലാക്കുന്നില്ല. അങ്ങനെ ചെയ്താൽ അവരുടെ സംഘടന ജനങ്ങളുടെ അവകാശത്തിനുവേണ്ടിയുള്ള ജനമുന്നേറ്റമാവും നടത്തുക. പുതിയ കാലത്തെ വർഗ്ഗസമരം ബദലുകളുടെ മേലാണ് കത്തിപ്പടരുന്നതെന്ന സത്യം മനസിലാക്കാതെയുള്ള ഈ യാത്ര, നിരർത്ഥകമായി തീരുമെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. ഹിലാൽ നേതൃത്വം കൊടുക്കുന്ന പ്രകൃതികൃഷിയെന്ന ബദൽ രാജ്യത്തെ ഇടതുപക്ഷ കർഷക-കർഷകതൊഴിലാളി സംഘടനകൾ അവരുടെ സംഘടനാപരിപാടിയായി വികസിപ്പിക്കേണ്ട രാഷ്ട്രീയബദലാണ്. "പ്രകൃതിയെ അനുസരിച്ചും ആദരിച്ചുമുള്ള കൃഷി മുതലാളിത്തത്തിനെതിരായ പ്രതിരോധവും പ്രത്യാക്രമണവും ആണെ" ന്നുള്ള സാക്ഷാൽ ഫെഡറിക് എംഗൽസിന്റെ നിരീക്ഷണം, അദ്ദേഹത്തെ തലങ്ങും വിലങ്ങും ഉദ്ധരിക്കുന്നവരുടെ രാഷ്ട്രീയപ്രയോഗത്തിലേക്ക് കടന്നുവരുന്നില്ല എന്ന വിമർശനം അവർ ശ്രദ്ധിക്കുമോ?

"കാടത്തത്തിനെതിരായി ഉയർത്തുന്ന ബദൽ സോഷ്യലിസമാണ്; ഇത് വെറും ആശയമല്ല. അതൊരു പ്രയോഗമാണ്. അത് ഞങ്ങൾക്കിങ്ങനെയാണ്" എന്ന് പ്രഖ്യാപിച്ച ഹ്യൂഗോ ഷാവോസ് ഇങ്ങനെ 'ബദൽ' സൃഷ്ടിക്കുന്നതിന്റെ അനിവാര്യതയാണ് ഊന്നിപ്പറഞ്ഞത്. ഹിലാലിന്റെ പ്രകൃതികൃഷിപോലെ ഒന്ന്. മാർക്സിസം പ്രയോഗശാസ്ത്രമാണ്; അതില്ലാതെ മാർക്സിസമില്ല എന്ന തത്വമാണ് ഇവിടെ 'പ്രകൃതികൃഷി' ആയി വികസിപ്പിക്കുന്നത്. 'പക്ഷേ സഖാവേ അതിന് നമുക്കാദ്യം മാർക്സിസ്റ്റാവണ്ടേ...' എന്നു ചോദിക്കുന്നവർക്ക്, 'ഞങ്ങൾ അതിന്റെ പ്രയോഗത്തിലൂടെ മാർക്സിസ്റ്റാവുകയാണ്' എന്ന പ്രഖ്യാപനമാണ് പ്രകൃതികൃഷിയിലൂടെ നാം കേൾക്കുന്ന സന്ദേശം. അതെ. സൃഷ്ടിപരമായ ബദലാണ് ബദൽ രാഷ്ട്രീയത്തെ സൃഷ്ടിക്കുന്നത്. അതിന്റെ ഒരു എളിയ പ്രയോഗമാണ് പ്രകൃതികൃഷി.

# മൈ പേപ്പർ ഫോർ എ മിഷൻ

വിദ്യാർത്ഥികൾ എന്ന നിലയിൽ സമൂഹത്തിന് എന്തു നൽകാനാവും എന്ന ചിന്തയിൽ നിന്നും ആണ് 'മൈ പേപ്പർ ഫോർ എ മിഷൻ' എന്ന ലഘു സംരംഭം തുടങ്ങുന്നത്. മദ്രാസ് ക്രിസ്ത്യൻ കോളേജിലെ ഒരു ചെറുകൂട്ടം വിദ്യാർത്ഥികൾ, അവരുടെ മുറികളിൽ വരുത്തുന്ന പേപ്പർ ശേഖരിച്ച് വിറ്റ് ലഭിക്കുന്ന പണം നിർദ്ധനരായ രോഗികൾക്കും ആരും സഹായിക്കാനില്ലാത്തവർക്കും നൽകുകയാണ് ചെയ്യുന്നത്. 2013 നവംബറിൽ മാത്രം ആരംഭിച്ച മിഷൻ ആ മാസം വിദ്യാർത്ഥികളിൽ നിന്നും 280 കിലോ പേപ്പർ സംഭരിച്ചുവത്രെ! താമ്പരത്തെ ഇമ്മാനുവേൽ മാർതോമാസംഘം ആണ് ഈ പരിപാടിക്ക് നേതൃത്വം നൽകുന്നത്. ഒരു വിദ്യാർത്ഥിക്ക് ശരാശരി 6 കിലോ പേപ്പർ ലഭിക്കുന്നുണ്ട്.

കോളേജിലെ മുഴുവൻ വിദ്യാർത്ഥികളിലേക്കും, തുടർന്നു മറ്റ് കോളേജുകളിലേക്കും 'മിഷൻ' വ്യാപി

ക്കുകയാണിപ്പോൾ... നൽകുന്ന പേപ്പറിനും ലഭിക്കുന്ന പണത്തിനും പാസ് ബുക്ക് നൽകാനും മിഷന് പരിപാടിയുണ്ട്. വിദ്യാർത്ഥികളുടെ സാമൂഹിക കടമയും ഉത്തരവാദിത്വവും പാഠമാവുന്ന വിഭവത്തെ മുൻനിർത്തി, പേപ്പർ വിഭവങ്ങൾ നിർമ്മിച്ച് പണം സംഭരിച്ച്, പാവങ്ങൾക്കെത്തിക്കുകയെന്ന പ്രക്രിയയിലൂടെ അടിവരയിടുകയാണ് ഈ ചെറുകൂട്ടായ്മ ചെയ്യുന്നത്. തീർച്ചയായും ഏതു വിദ്യാർത്ഥികൂട്ടായ്മക്കും ഏറ്റെടുക്കാവുന്ന ദൗത്യമാണ് മൈ പേപ്പർ ഫോർ എ മിഷൻ എന്നതാണ് സത്യം.

# ഒരു ബദൽ മാദ്ധ്യമം എന്ന നിലയിൽ പി.എ. ജി

ചർച്ചക്കായി വിതരണം ചെയ്ത ബ്രോഷറിൽ പി.എ.ജിയേക്കുറിച്ച് പറഞ്ഞിരുന്ന കാര്യങ്ങൾ ഏതാണ്ടിങ്ങനെയാണ്.

“പി.എ.ജി ബുള്ളറ്റിൻ 2000 ജൂൺ മാസത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു നാല് പേജുകളുള്ള ലിറ്റിൽ മാഗസിനായിരുന്നു. നാല് പേജിൽ നിന്ന് 18 പേജിലേക്കും, തുടർന്ന് 48 പേജിലേക്കും അത് വളർന്നു. ഇന്ന് 132 പേജുകളോടെ ത്രൈമാസിക ആയിട്ടാണ് പി.എ.ജി ഇറങ്ങുന്നത്. ആഗോളവത്ക്കരണവിരുദ്ധ തൊഴിലാളിസമരങ്ങൾക്കുള്ള സമരായുധങ്ങളാണതിൽ പ്രസിദ്ധീകരിക്കുന്നത്. സ്ഥിതിവിവരകണക്കുകളെ രാഷ്ട്രീയസമരായുധമാക്കുന്ന ഒരു സംസ്കരണമാണതിലൂടെ നടക്കുന്നത്. സ്ഥിതിവിവരങ്ങളും വസ്തുതകളും ആശയങ്ങളോട് കണ്ണിചേർക്കുകയും വിസ്ഫോടനശേഷിയുള്ള ആയുധമാക്കുകയും ചെയ്യുമ്പോൾ പി.എ.ജി മറ്റ് രാഷ്ട്രീയപ്രസിദ്ധീകരണങ്ങളിൽ നിന്ന് വ്യത്യസ്തമാകുന്നു. തുടക്കംമുതൽ ഈ ജോലിയാണ് പി.എ.ജി

ചെയ്തുവന്നത്. ഇപ്പോൾ അത് അൽപ്പം വലിയ ക്യാൻവാസിലാണെന്ന് മാത്രം. 103 ലക്കങ്ങളും 18 പ്രത്യേക പുസ്തകങ്ങളുമാണ് ഇതിനോടകം പി.എ. ജി പ്രസിദ്ധീകരിച്ചത്." ഒരു ബദൽ ഇടതുപക്ഷമാദ്ധ്യമം എന്ന രൂപത്തിൽ പി.എ.ജിയെക്കുറിച്ച് ഈ ലേഖകൻ വിശദീകരിച്ചത് ഇങ്ങനെയാണ്.

ഞങ്ങൾ സ്ഥിതിവിവരകണക്കുകളെ ആഗോളവൽക്കരണവിരുദ്ധ രാഷ്ട്രീയപ്രവർത്തനത്തിനുള്ള സമരായുധമാക്കി സംസ്കരിക്കുകയും സാമ്രാജ്യത്വവിരുദ്ധപോരാട്ടങ്ങൾക്കുള്ള ഉറവയാക്കുകയും ചെയ്യുന്നു. നിർജീവമായ കണക്കുകളും സ്ഥിതിവിവരങ്ങളും മാറ്റത്തെ സഹായിക്കില്ലെന്നും അവയിലേക്ക് രാഷ്ട്രീയ സാമൂഹിക മാനം ഉൾച്ചേരുമ്പോൾ അതേ വിവരങ്ങൾ സാമൂഹ്യമാറ്റത്തിന് കരുത്തുപകരുമെന്നുമാണ് പി.എ.ജി തെളിയിച്ചു കൊണ്ടിരിക്കുന്നത്.

ഇടതുപക്ഷങ്ങൾ പോലും ബദൽ വ്യവസ്ഥയുടെയും രാഷ്ട്രീയത്തിന്റെയും സംസ്ക്കാരത്തിന്റെയും സാധ്യതകളെ വേണ്ടവിധം മുന്നോട്ടുവയ്ക്കാൻ മടിച്ച ഒരു കാലത്ത് (2000 നു ശേഷം) ഇടതുപക്ഷത്തിന്റെ പ്രസക്തിയും പ്രാധാന്യവും സോഷ്യലിസ്റ്റ് ബദലിന്റെ പുതിയ കാലത്തെ പ്രത്യേകതകളുമൊക്കെ നിരന്തരം ചർച്ച ചെയ്യുകയാണ് പി.എ.ജി ചെയ്തത്. ഒരു നവ-ഇടതുപക്ഷത്തെ, അല്ലെങ്കിൽ നവലിബറലിസത്തിനെതിരെയുള്ള 'വിപ്ലവമായ പ്രതിരോധപ്രസ്ഥാനം' എന്ന പരിപ്രേക്ഷ്യത്തിൽ നിന്നുകൊണ്ടാണ് പി.എ.ജി ഇടതുപക്ഷരാഷ്ട്രീയവും കാടൻ മുതലാളിത്തവാഴ്ചയും ചർച്ചാവിധേയമാക്കുന്നത്. സവിശേഷമായ ഈ വ്യക്തിത്വം പി.എ.ജിയെ അത് അഡ്രസ് ചെയ്യുന്ന സംഘടനാപ്രവർത്തകരിലും ഇടതുപക്ഷ തൊഴിലാളി പ്രവർത്തകരിലും സ്വാധീനം ചെലുത്തുന്ന ശക്തിയായി നിലനിർത്തുന്നു.

പരസ്യവരുമാനങ്ങളില്ലാതെ, സമ്പൂർണ്ണമായും വായനക്കാരുടെയും വരിക്കാരുടേയും വിഹിതംകൊണ്ടു മാത്രം നിലനിൽക്കുന്നു എന്നത് പി.എ.ജിയുടെ ബദൽപരിവേഷത്തിന്റെ പ്രധാന കാരണങ്ങളിലൊന്നാണ്!

വ്യവസ്ഥാപിത ചട്ടക്കൂടുകളോ സമാനമായപ്രവർത്തകരോ അതിനില്ല. ഓരോ വിഷയത്തെ അടിസ്ഥാനമാക്കിയാണ് ഓരോ ലക്കങ്ങളും. ഒരു പ്രത്യേക വിഷയത്തെക്കുറിച്ച് അതിന്റെ രാഷ്ട്രീയവും സാമൂഹിക പ്രസക്തിയും കണ്ടെത്തുവാൻ ശേഖരിക്കേണ്ടിവരുന്ന സ്ഥിതിവിവരങ്ങളും, പഠനങ്ങളുമൊക്കെ വളരെ ആഴമുള്ള അന്വേഷണം അനിവാര്യമാക്കുന്നു. അതുകൊണ്ടുതന്നെ പി.എ.ജി.ക്കുവേണ്ടി അതിന്റെ പ്രവർത്തകർ വളരെയധികം സമയവും അധ്വാനവും ചെലവിടേണ്ടിവരുന്നുണ്ട്. യാതൊരു പ്രതിഫലവും വാങ്ങാതെ നടത്തുന്ന ഈ നിരന്തരപ്രവർത്തനത്തെ തങ്ങളുടെ രാഷ്ട്രീയ -സാമൂഹിക- പ്രവർത്തനമായി കാണുകയാണ് ഞങ്ങൾ ചെയ്യുന്നത്.

പി.എ.ജി മധ്യനിര ഇടതുപക്ഷസംഘടനാപ്രവർത്തകരെയാണ് അഭി സംബോധന ചെയ്യുന്നത്. അവർക്ക് മാത്രം മനസിലാവുന്ന ഭാഷയാണ തിന്റേത്. അതിന് മുകളിലേക്കോ വിശാലമായ ജനങ്ങളിലെക്കോ പി.എ.ജി ഈ രൂപത്തിൽ എത്താനും സാധ്യതയില്ല. ഇപ്പോൾ എത്തുന്നുമില്ല. ഒരു ബദൽമാധ്യമം എന്ന നിലയിൽ അത്തരം സാധ്യതകൾ ഉണ്ടെങ്കിലും അങ്ങനെ വികസിക്കാവുന്ന ഘടനയല്ല ഇപ്പോൾ പി.എ.ജി-ക്കുള്ളത്. അത് അതിന് ശേഷിയുള്ളവർ ചെയ്യട്ടെ എന്നാണ് ഞങ്ങൾ കരുതുന്നത്.

ഇടതുപക്ഷമാദ്ധ്യമരംഗത്തും തൊഴിലാളിസംഘടനകളുടെ മാദ്ധ്യമ ഇടപെടൽ രംഗത്തും ഒഴിഞ്ഞു കിടക്കുന്ന 'ഒരിടം' ആണ് പി.എ. ജി ഉപ യോഗിക്കുന്നത്. ആത്മവിശ്വാസത്തോടെ വ്യവസ്ഥാവിരുദ്ധരാഷ്ടീയം പറ യാനും പ്രചരിക്കാനും ഉള്ള ഊർജ്ജമാണത് വിതരണം ചെയ്യുന്നത്. അതു കൊണ്ടുതന്നെ പി.എ.ജി ഒരു ബദൽ ആവിഷ്ക്കാരവും പ്രയോഗവുമാണ് എന്ന് ഞങ്ങൾ കരുതുന്നു.

14 വർഷമായി തുടരുന്ന പി.എ.ജി യുടെ പ്രവർത്തനാനുഭവങ്ങൾ ആവേശകരമാണ്. അതിനുള്ള സ്വീകാര്യതയും അംഗീകാരവും ആ പ്രവർത്തനം തുടരുവാൻ വിരലിൽ എണ്ണാവുന്ന ഇതിന്റെ സംഘാടകർക്ക് പ്രചോദനമാണ്. 103 -ാം ലക്കം ഇംഗ്ലീഷിൽ തർജ്ജമ ചെയ്ത് അതിന്റെ സോഫ്റ്റ് കോപ്പി രാജ്യത്താകെയുള്ള സംഘടനാനേതൃത്വങ്ങൾക്ക് ഇ മെയിൽ ചെയ്യുവാൻ ഞങ്ങൾക്കുകഴിഞ്ഞു. "ബഹുജന വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ മഹനീയ മാതൃകയാണ് നിങ്ങളുടേത്. ഇങ്ങനെ ത്യാഗ പൂർണ്ണമായ ദൗത്യങ്ങൾ ഏറ്റെടുക്കുന്ന പി.എ.ജി ടീമിനെ അഭിനന്ദിക്കുന്നു" എന്ന് സി.ഐ.റ്റി.യു അഖിലേന്ത്യാ അദ്ധ്യക്ഷൻ സ: എ.കെ പത്മനാഭൻ ഞങ്ങൾക്കെഴുതിയത് വിനയപൂർവ്വം ഇവിടെ ഓർക്കട്ടെ.

ഒരു പി.എ.ജി പുസ്തകം അതിന്റെ വായനക്കാരനിലൂടെ, വായന ക്കാരിയിലൂടെ ആയിരക്കണക്കിനാളുകളുടെ മുമ്പിലേക്ക് എത്തിച്ചേരുന്നു ണ്ടെന്ന് ഞങ്ങൾക്കറിയാം. ഇത് മുന്നോട്ട് വയ്ക്കുന്ന വിവരങ്ങളും വസ്തു തകളും സംഘടനാനേതാക്കളുടെയും പ്രവർത്തകരുടേയും പ്രസംഗ ങ്ങൾക്കും പ്രചരണങ്ങൾക്കും സുപ്രധാനമായ വിഭവമാണ്. അതുകൊണ്ടു തന്നെ പി.എ.ജിയുടെ നിശ്ശബ്ദമായ സാന്നിദ്ധ്യം കേരളത്തിലെ ഇടതുപക്ഷ സംഘടനാരംഗത്ത് വ്യാപകമായുണ്ടെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. എന്നാൽ മറുവശത്ത് പി.എ.ജി പ്രസിദ്ധീകരിക്കുന്ന കുറിപ്പുകൾ അത് മുന്നോട്ടുവെയ്ക്കുന്ന വിശാല ഇടതുപക്ഷരാഷ്ട്രീയത്തിൽ നിന്ന് വേർപെ ടുത്തി വായിക്കുമ്പോൾ, അഥവാ പ്രചരിപ്പിക്കുമ്പോൾ സംഭവിക്കുന്നത് വെറും ഭ്രമാത്മകമായ സ്ഥിതിവിവരങ്ങളുടെ അവതരണം മാത്രമാണ്. അത് കേൾക്കുന്നവർക്കും വായിക്കുന്നവർക്കും കൗതുകകരമാവുമെന്നതി നപ്പുറം രാഷ്ട്രീയമായ ഊർജ്ജം സൃഷ്ടിക്കുമെന്ന് ഞങ്ങൾക്കഭിപ്രായമി

ല്ല. പി.എ.ജി. യിലെ രാഷ്ട്രീയകുറിപ്പുകൾ അതുപോലെ പുനഃപ്രസിദ്ധീകരിക്കുന്നതിന് പകരം, അതിൽ ഉൾപ്പെടുന്ന സ്ഥിതിവിവരക്കണക്കുകൾ മാത്രം എടുത്ത് പ്രസിദ്ധീകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നത് രണ്ട് കാരണങ്ങളാലാകാം. ഒന്ന് പി.എ.ജി യുടെ കുറിപ്പുകൾ പലപ്പോഴും സ്വതന്ത്രമായൊരു കാഴ്ചപ്പാട് മുന്നോട്ട് വയ്ക്കുന്നുണ്ട്. അത് അഡ്രസ് ചെയ്യുന്നത് ഒട്ടും സങ്കുചിതമല്ലാത്ത മാർക്സിസ്റ്റ് ഇടതുപക്ഷ ധാരണകളിലൂന്നിയിട്ടാണ്. അത് പലപ്പോഴും 'പ്രായോഗിക' സംഘടനാപ്രവർത്തനത്തിന് സ്വീകാര്യമാവുന്നില്ല. പി.എ.ജി കരുതുന്നതുപോലെ സ്ഥിതിവിവരക്കണക്കുകളുടെ പിറകിലെ ജീവിതം, അഥവാ രാഷ്ട്രീയം ഇടതുപക്ഷത്തിന്റെ പ്രചാരണായുധമാക്കണം എന്ന ധാരണയിലേക്ക് നമ്മുടെ മുഖ്യധാര മടിക്കുന്നുവെന്നതാവാം രണ്ടാമത്തെ കാരണം. ചുരുക്കത്തിൽ ആഴമുള്ള ഇടതുപക്ഷരാഷ്ട്രീയപ്രവർത്തനം ഉണ്ടാക്കുന്ന അസൗകര്യങ്ങൾ ഒഴിവാക്കുന്നതിന് 'പി.എ.ജി യുടെ രാഷ്ട്രീയം' വിട്ടുകളയുകയാണ് പലരും ചെയ്യുന്നത്. പകരം ഉപരിപ്ലവമായ പരിഷ്ക്കരണ സമരങ്ങൾക്കുള്ള അടിസ്ഥാന വിവരശേഖരമായി അതിനെ ഉപയോഗിക്കുന്നത് വളരെ എളുപ്പമുള്ള കാര്യമാണെന്ന് അവർ തിരിച്ചറിയുകയും ചെയ്യുന്നു.

ഈ പരിമിതി മറികടക്കാൻ പി.എ. ജി യുടെ വായനക്കാരായ സംഘടനാ രാഷ്ട്രീയപ്രവർത്തകർ മാത്രം വിചാരിച്ചാൽ കഴിയുമെന്ന് ഞങ്ങൾ കരുതുന്നില്ല. അത് ആഗോളവത്ക്കരണ കാലത്ത് പൊതുവിൽ പുരോഗമന രാഷ്ട്രീയത്തെ ബാധിച്ചിട്ടുള്ള ജീർണ്ണതയുടെ കൂടി സൃഷ്ടിയാണ്. മൂലധനവാഴ്ച ഉയർത്തിവിടുന്ന 'ഇടതുപക്ഷം' അപ്രസക്തമായെന്നുള്ള വാദങ്ങളെ സ്വാംശീകരിക്കുമ്പോഴുള്ള 'പൊതുസർവ്വസമ്മിതിയാണ് അതിനു പുറകിലുള്ളത്. ഇടതുപക്ഷത്തെ ഒരു സാധാരണ രാഷ്ട്രീയപാർട്ടി മാത്രമാക്കുമ്പോൾ അരിഞ്ഞുവീഴ്ത്തപ്പെടുന്നത് അതിന്റെ വ്യത്യസ്തവും വ്യതിരിക്തവുമായ അടിസ്ഥാനകാഴ്ചപ്പാടുകൾ തന്നെയാണ്. 'സാമൂഹ്യമാറ്റം' എന്ന ലക്ഷ്യവും അതിനുള്ള പരിപാടിയും പോരാട്ടങ്ങളും നിഷ്ഫലമാക്കുമ്പോൾ ഞങ്ങൾ കരുതുന്നത് ഈ പരിമിതി മറികടക്കാൻ വളരെയധികം ക്ലേശമുണ്ടെന്ന് തന്നെയാണ്. അത് പക്ഷേ സാധ്യമാണെന്ന് മാത്രമല്ല, അതുമാത്രമാണ് സാധ്യമായ പരിഹാരം എന്നും ഞങ്ങൾ കരുതുന്നു. ദേശീയ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷം നേരിട്ട പരാജയം അത്തരം ആഴമുള്ള ആത്മപരിശോധനയ്ക്കും തിരുത്തലുകൾക്കും വഴിവെക്കുമെന്ന് ഇന്ത്യയിലെ മുഖ്യധാരാഇടതുപക്ഷപാർട്ടികൾ സ്വയം വിലയിരുത്തിയിട്ടുണ്ട്. അവർ സാമൂഹ്യമാറ്റത്തെ മുഖ്യ അജണ്ടയാക്കി മാറ്റുമെങ്കിൽ, തതനുസൃതമായ മുൻഗണനകളും രീതികളും സ്വീകരിക്കുമെങ്കിൽ മുതലാളിത്തവിരുദ്ധരാഷ്ട്രീയവും അതിനുള്ള സ്ഥിതിവിവരക്കണക്കുകളും ആരോഗ്യകരമായ വിധം സംയോജിക്കുകയും സമ്മേളിക്കുകയും ചെയ്യും. അപ്പോൾ പി.എ.ജി എന്ന 'ബദൽ' അപ്രസക്തമാവും. ഞങ്ങൾ ചെയ്തുകൊണ്ടിരുന്ന

ജോലി മുഖ്യധാരാഇടതുപക്ഷ മാധ്യമങ്ങൾ വിശാലമായ ക്യാൻവാസിൽ അതിവിപുലമായി ജനങ്ങളിലേക്കെത്തുംവിധം ഏറ്റെടുക്കുമ്പോൾ പി.എ.ജി യുടെ ദൗത്യം പൂർത്തിയാവുക തന്നെ ചെയ്യും എന്നാണ് ഞങ്ങൾ കരുതുന്നത്. അതല്ലെങ്കിൽ, അപ്പോൾ വേറൊരു രൂപത്തിൽ അതിന് പുനർജ്ജനിക്കേണ്ടി വരും. എത്രയുംവേഗം അതുണ്ടാവണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഇത് പി.എ.ജി യുടെ സംഘാടകരുടെ മാത്രം ആഗ്രഹമല്ല. അതിന്റെ മഹാഭൂരിപക്ഷം വായനക്കാരുടെയും അഭിപ്രായമാണ്.

# ബദലിന്റെ രാഷ്ട്രീയം

യഥാർത്ഥത്തിൽ അഭയൻസ്മാരകകേന്ദ്രം പരിചയപ്പെടുത്തിയ എട്ട് ബദൽ ആവിഷ്ക്കാരങ്ങളും പുതിയകാലത്തിന്റെ അധിനിവേശങ്ങളെ പ്രതിരോധിക്കുകയും നിഷേധിക്കുകയും ചെയ്യുന്ന ഇടപെടലുകൾ തന്നെ ആയിരുന്നു. ആഗോളമൂലധനമേധാവിത്വത്തിന്റെ സാമ്പത്തിക സാമൂഹിക സാംസ്കാരിക മാദ്ധ്യമ അധിനിവേശത്തോടുള്ള പ്രതിഷേധങ്ങൾ. ഇതെല്ലാം സാമൂഹ്യമാറ്റത്തിന് വേണ്ടി തീവ്രമായി ആഗ്രഹിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ഉയർന്നുവരുന്ന ആവിഷ്ക്കാരങ്ങളാണ്.

എല്ലാ അർത്ഥത്തിലും യഥാർത്ഥ ഇടതുപക്ഷത്തിന്റെ ശബ്ദവും ശക്തിയും സാധ്യതകളും പുറത്തുകൊണ്ടുവരുന്ന പ്രവർത്തനങ്ങൾ ആണിത്. അന്വേഷിച്ചാൽ കേരളത്തിൽ തന്നെ ഇത്തരം ആയിരക്കണക്കിന് ബദൽ ആവിഷ്ക്കാരങ്ങൾ' നമുക്ക്

കണ്ടെത്താനാവും അവർ സൃഷ്ടിക്കുന്ന ഊർജ്ജത്തിന്റെ അളവെടുത്താൽ അതിൽ ചിലപ്പോൾ നമ്മുടെ മുഖ്യധാരാ രാഷ്ട്രീയവും സംസ്കാരവും ഒക്കെ മുങ്ങിത്താഴുകയും ചെയ്യും. എന്നിട്ടും നവോത്ഥാനത്തിന്റെയും പുരോഗമന രാഷ്ട്രീയത്തിന്റെയും പതാകയേന്തുന്ന നമ്മൾ ഈ ബദൽ ആവിഷ്ക്കാരങ്ങളെ ഏറ്റെടുക്കുകയോ, സ്വീകരിക്കുകയോ ചെയ്യുന്നതിന് പകരം മൂലധനത്തിന്റെ കറിക്കൂട്ടുകൾ കൊണ്ട് സദ്യയുണ്ടാക്കുന്ന തിരക്കിലാണ് എന്തുകൊണ്ടാണിങ്ങനെ സംഭവിക്കുന്നതെന്നുള്ള ഗൗരവതരമായ സാമൂഹികചർച്ചയും അന്വേഷണവും ഉണ്ടാവുമെന്ന് പ്രതീക്ഷിക്കാനേ കഴിയൂ. വ്യവസ്ഥാവിരുദ്ധ പോരാട്ടങ്ങളിൽ ഏർപ്പെടുന്നവർ, അവർ രാഷ്ട്രീയ-സാമൂഹിക- മാറ്റമെന്ന ലക്ഷ്യമാണ് നെഞ്ചേറ്റുന്നതെങ്കിൽ ബദൽ ജീവിതവും സംസ്കാരവും രാഷ്ട്രീയവും മുന്നിൽവെച്ചുകൊണ്ടല്ലാതെ വിജയം കണ്ട ചരിത്രം ലോകത്തിലില്ല. ഭരണകൂടത്തെ 'ബലപ്രയോഗത്തിലൂടെ' അട്ടിമറിച്ചിട്ടോ, ഗറില്ലാവിപ്ലവത്തിലൂടെ അധികാരം പിടിച്ചെടുത്തിട്ടോ പുതിയ കാലത്ത് രാഷ്ട്രീയ അധികാരം മഹാഭൂരിപക്ഷം വരുന്ന ജനങ്ങൾക്ക് ലഭ്യമാക്കാമെന്ന ധാരണകൾ അന്യം നിന്നുപോയിട്ട് ദശാബ്ദം 3 കഴിഞ്ഞു. അത്തരം ഒരു സാഹചര്യത്തിൽ ജനങ്ങളെ അണിനിരത്തിയും വിശ്വാസത്തിലെടുത്തും അവരുടെ വ്യവസ്ഥ. അതായത് പുതിയ നൂറ്റാണ്ടിലെ വർഗ്ഗ സമരങ്ങളുടെ കേന്ദ്രസ്ഥാനത്ത് ബദൽ ആവിഷ്ക്കാരവും ജീവിതവും ധൈര്യമായി കടന്നിരിക്കുന്നുവെന്ന് പറയാം. രണ്ടാമത്തെ കാരണം, നവലിബറിലിസം നമ്മുടെ ജീവിതം തന്നെ അതിനനുസൃതമായി നിരന്തരം 'പുതുക്കിപ്പണി' യുന്നുവെന്നതും നമ്മുടെ പ്രതിരോധത്തിനും പ്രത്യാക്രമണത്തിനും വരെ അവരുടെ മാതൃകകൾ സൃഷ്ടിക്കുന്നു എന്നതുമാണ്. അത് നാം അറിയാതെ പോകുന്ന സത്യമാണ്.

നമുക്കുവേണ്ടി മൂലധനം കഠിനാധ്വാനം ചെയ്യുകയാണ്1 സാമൂഹ്യ പ്രവർത്തനത്തിനും, ത്യാഗത്തിനും ധാർമ്മികതക്കും എന്തിന് രാഷ്ട്രീയത്തിന് പോലും നവലിബറലിസം 'മാതൃകകൾ' തീർത്തുകൊണ്ടിരിക്കുകയാണ് എൻ.ജി ഓകൾ മുതൽ സ്വത്വരാഷ്ട്രീയ പ്രയോഗങ്ങൾ വരെ ഈ സമസ്യകളുടെ പൂരണമാണ്. ഈ സർവ്വതല സ്പർശിയായ അധിനിവേശത്തെയും ആക്രമണങ്ങളെയും ബദൽ രാഷ്ട്രീയ സാംസ്ക്കാരിക -സാമൂഹിക പ്രവർത്തനമാതൃകകൾ സൃഷ്ടിച്ചകൊണ്ട് എതിരിടാതെ, അവയെ ജനങ്ങൾ വേർതിരിച്ചറിയില്ല. ഈ പ്രതിസന്ധി ലോകമാകെയുള്ള, പ്രതിരോധപ്രസ്ഥാനങ്ങളും വിമോചനരാഷ്ട്രീയക്കാരും നേരിട്ടനുഭവിക്കുന്നുവെന്നത് പകൽപോലെ വ്യക്തമാണ്. (അതുകൊണ്ടാണ് ജനാധിപത്യസോഷ്യലിസത്തിന്റെ പുത്തൻ പ്രയോഗസാധ്യതകൾ ഹ്യൂഗോ ഷാവേസും ലാറ്റിനമേരിക്കൻ നവ സോഷ്യലിസ്റ്റുകളും ഉയർത്തിയതും അത് വാഴ്ത്ത

പ്പെട്ടുകൊണ്ടിരിക്കുന്നതും) പഴയ സോഷ്യലിസ്റ്റു മാതൃകകളിലും ജനാധിപത്യരഹിതപ്രയോഗങ്ങളിലും സാമൂഹികവിശകലനങ്ങളിലും അഭിരമിക്കുന്നവർ പുതിയ കാലത്ത് വളരെ വേഗം 'അപ്രസക്തമാവും' എന്നതിന് കൂടുതൽ തെളിവ് നിരത്തേണ്ടതില്ല.

ഈ ദശാസന്ധിയിലാണ്, കാടൻ മൂലധനവാഴ്ചക്കും കീഴടങ്ങലുകൾക്കുമെതിരെയുള്ള ചെറുകൂട്ടങ്ങളുടെ ബദലാവിഷ്കരണങ്ങൾ' പിറക്കുന്നത് അതിൽ ചിലതിനെ കണ്ടെത്തുകയും പരിചയപ്പെടുത്തുകയുമാണ് അഭയൻ സ്മൃതിയിൽ ചെയ്തത്. ഈ അന്വേഷണം രാജ്യമാകെ വ്യാപിപ്പിക്കുകയും, മുഖ്യധാരാ ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങളുമായി അവയെ കണ്ണിചേർക്കുകയും വേണം. നവലിബറിലിസത്തിനെതിരെ ബദൽരാഷ്ട്രീയം മുന്നോട്ട് വയ്ക്കുന്ന ഏകരാഷ്ട്രീയ ശക്തി ഇടതുപക്ഷമാണെന്നതിനാൽ ബദൽ ആവിഷ്ക്കാരങ്ങളുടെ രാഷ്ട്രീയമായ പ്രയോഗം അവരുടെ കടമയാവുകയാണ്. ഈ വലിയ സത്യം ഓർമ്മപ്പെടുത്തുന്നതിനാണ്, അഭയന്റെ ചരമദിനാചരണം വഴിതുറന്നത്. അഭയനെ ഓർക്കാൻ, അവനുയർത്തിയ സംസ്കാരത്തെയും രാഷ്ട്രീയത്തെയും ഓർക്കുകയാണ് ഞങ്ങൾ ചെയ്യുന്നതെന്ന്" ബാലന്വേഷണങ്ങൾ" എന്ന ആദ്യദിനത്തിലെ ആദ്യപരിപാടികൊണ്ടു തന്നെ, അഭയൻട്രസ്റ്റ് പ്രഖ്യാപിക്കുകയാണ് ചെയ്തത്! തുടർന്നുവന്ന പരിപാടികൾ ഈ പ്രഖ്യാപനത്തിന് ആയിരം അടിവരകൾ ചാർത്തുകയും ചെയ്തു.



അന്യജനതയെ കീഴടക്കിയ
ജേതാവിനെപ്പോലെ, നമ്മൾ പ്രകൃതിയെ
അടക്കി ഭരിക്കുകയല്ലെന്നും, മാംസവും
രക്തവും തലച്ചോറുമെല്ലാമായി നമ്മൾ
പ്രകൃതിയുടെ വകയാണെന്നും,
അതിന്റെ ഒത്തനടുവിൽ
സ്ഥിതിചെയ്യുന്നവരാണെന്നും,
അതിന്റെ നിയമങ്ങൾ പഠിക്കാനും
ശരിയായി പ്രയോഗിക്കാനും കഴിവുണ്ടെന്ന
മെച്ചം മറ്റെല്ലാ ജന്തുക്കളേയും അപേക്ഷിച്ച്
നമുക്കുണ്ടെന്നതിലാണ് അതിന്റെമേലുള്ള
നമ്മുടെ എല്ലാ അധീശത്വവും
അടങ്ങിയിരിക്കുന്നതെന്നും ഓരോ
കാൽവയ്പും നമ്മെ അനുസ്മരിപ്പിക്കുന്നു.

-ഫ്രെഡറിക് എംഗൽസ്

# അഭയനെ അവർ ഓർത്തെടുത്തപ്പോൾ

അഭയൻ അനുസ്മരണ പരിപാടിയിലെ ആദ്യ ദിനത്തിൽ ഉച്ചക്കുശേഷം അഭയന്റെ കൂട്ടുകാരും സഹപാഠികളും അവനെ ഓർത്തെടുക്കുന്ന ഒത്തുചേരലാണ് നടന്നത്. നേതാക്കന്മാരുടെ അനുസ്മരണപ്രഭാഷണം എന്ന ചടങ്ങിനുപകരം അഭയന്റെ ഒന്നാം ചരമദിനമാചരിക്കാൻ മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നിന്നും പലയിടത്തായി ജോലി ചെയ്യുകയും പഠിക്കുകയുമൊക്കെ ചെയ്യുന്ന അവന്റെ 30 ഓളം സഹപാഠികൾ പൊൻകുന്നത്തെത്തി. അഭയന്റെ നാട്ടുകാരും സുഹൃത്തുക്കളും രാഷ്ട്രീയ പ്രവർത്തകരുമെല്ലാം കേൾവിക്കാരായ ആ അനുസ്മരണം വേറൊരു ബദൽ ആവിഷ്ക്കാരമായി തീർന്നുവെന്ന് പറയാം. ഉപന്യാസകാരൻ പ്രസംഗകൻ, നാടകകാരൻ, വായനശാലാപ്രവർത്തകൻ, സർഗ്ഗധനനായ സംഘാടകനും മനുഷ്യസ്നേഹിയുമൊക്കെ ആയിരുന്ന അഭയന് 22 വർഷം



2013 നവംബർ 14 ന് നടന്ന പരിപാടിയിൽ സി.എസ്.സുജാത
അഭയന്റെ ഛായാചിത്രം അനാച്ഛാദനം ചെയ്യുന്നു.

മാത്രം അനുവദിച്ചു നൽകിയ കാലത്തോട് കലാപം കൂട്ടുവാൻ തോന്നിപ്പിക്കുന്ന തീവ്രതയായിരുന്നു അവന്റെ കൂട്ടുകാരുടെ മുറിഞ്ഞു മുറിഞ്ഞു വീഴുന്ന വാക്കുകൾക്ക്. മദ്രാസ് ക്രിസ്റ്റ്യൻ കോളേജിലെ യഥാസ്ഥിതിക ക്യാമ്പസിലെ, രാഷ്ട്രീയം തൊട്ടുതീണ്ടാത്ത കുട്ടികൾ... തങ്ങളുടെ ഇടയിൽ കടന്നുവന്ന് കലാപം കൂട്ടുകയുംകലഹിക്കുകയും കളിയാക്കുകയും കവിത പാടുകയും കഥപറയുകയും, കൂട്ടംചേരാൻ പ്രചോദിപ്പിക്കുകയും സ്നേഹിക്കാൻ പഠിപ്പിക്കുകയുമൊക്കെചെയ്ത അഭയനെക്കുറിച്ച് വാചാലരായി. അങ്ങനെയൊരാൾ പെട്ടെന്നൊരുനാളിൽ മറഞ്ഞുപോയതിന്റെ തീവ്രമായനൊമ്പരം അവരുടെ വാക്കുകളിൽ നിഴലിട്ടുനിന്നിരുന്നു. പക്ഷെ, അവരിൽനിന്ന് ചിതറിവീണ വാക്കുകൾക്ക്, അവർക്കില്ലന്ന് അവരും നമ്മളും പറയുന്ന ഈ 'രാഷ്ട്രീയ' ത്തിന് കടുത്ത ചുവപ്പ് നിറം ആവോളമുണ്ടായിരുന്നു. അത് അഭയൻ നെഞ്ചിൽസൂക്ഷിച്ച ഇടതുപക്ഷരാഷ്ട്രീയവും പ്രതിബദ്ധതയും അതിന്റെ ആവിഷ്കാരം നൽകുന്ന അനുഭവസാക്ഷ്യങ്ങളുമായിരുന്നു. അവൻ അവരെ ദേഷ്യം പിടിപ്പിച്ചു. വഴക്കു പറഞ്ഞു. പിന്നെ ഒപ്പം നടന്നു. സ്നേഹം വാരിത്തന്നു. 'നമ്മൾ' ആണ് 'നീ'യും 'ഞാനു'മല്ലെന്ന് ബോധ്യപ്പെടുത്തി. അഭയന്റെ സഹപാഠി തമിഴ്നാട്ടുകാരി പെൺകുട്ടി ഓർത്തെടുത്തത് 'ഒന്നുമിണ്ടാൻ പേടിയായിരുന്ന തന്നെ അവനൊരു സാമൂഹ്യപ്രവർത്തകയാക്കിയ' കഥയായിരുന്നു

അവൻ ഞങ്ങളെ നാടകക്കാരും കവിതാസ്വാദകരുമാക്കി. അവൻ

ഞങ്ങളെ ഒരു യഥാസ്ഥിതിക ക്യാമ്പസിലെ കലാപകാരികളാക്കി. അവൻ വെറുതെ ചീത്തപറയുമ്പോൾ, അത് ഞങ്ങളുടെ സിരകളിൽ സ്നേഹത്തിന്റെ കുത്തൊഴുക്കായി തീരുകയായിരുന്നു. ഉണരാനും ഉന്നയിക്കാനും അവൻ ഞങ്ങളെ നിർബന്ധിച്ചുകൊണ്ടിരുന്നു. അവൻ ഞങ്ങളെ വ്യക്തിത്വമുള്ളവരാക്കി.. ആത്മവിശ്വാസത്തിന്റെ ഉറവകളായി ഞങ്ങൾ...

അഭയന്റെ ഈ പ്രത്യേകതകൾ അവൻ പിൻതുടർന്ന ദർശനത്തിന്റെ ജീവിതവീക്ഷണത്തിന്റെ, രാഷ്ട്രീയ പ്രതിബദ്ധതയുടെ പ്രതിഫലനമാണന്ന് അവരുടെ വാക്കുകൾ പറയാതെ പറഞ്ഞുകൊണ്ടിരുന്നു... അവനെ ഓർക്കാൻ ഏറെദൂരം താണ്ടി അവർ നേരത്തെ ഇവിടെ എത്തിയത്...അവന്റെ ഗ്രാമത്തിലും പ്രവർത്തനമേഖലകളിലുമായി കുറെനേരം ചിലവഴിക്കാൻ തീരുമാനിച്ചത്.. അവന്റെ കൂട്ടുകാരോടും സഖാക്കളോടും ഒപ്പം രണ്ടുനാൾ ജീവിക്കാൻ തീരുമാനിച്ചത്.... അത് വിളംബരം ചെയ്യുന്നത് അവരുടെ രാഷ്ട്രീയം തന്നെയാണ്. അത് അഭയന്റെ സംഭാവനയാണ്. ഈ പുതിയ തലമുറക്കാണോ രാഷ്ട്രീയം ഇല്ലെന്ന് നാം കരുതുന്നത്..? അതാണ് പുതിയ കാലത്തെ രാഷ്ട്രീയം. അഥ് തിരിച്ചറിയാത്തത് അവരുടെ കുറ്റമല്ല പ്രതിസ്ഥാനത്ത് നമ്മുടെ യഥാസസ്ഥിതികത്വമാണ്.

# അഭയം 2014

രാഷ്ട്രീയമില്ലാത്ത പുതുതലമുറക്കാരുടെ 'രാഷ്ട്രീയം' പറച്ചിലിന്റെ ഹൃദ്യതയുമായിട്ടാണണ് 'അഭയൻ അഭയൻ' എന്ന അരമണിക്കൂർ ഡോക്യുമെന്ററി ഞങ്ങൾ കണ്ടിരുന്നത്. ചരിത്രത്തിലെ വളരെ ചെറിയൊരിടവേളയിൽ ചരിത്രപരമായ ഇടപെടൽ നടത്തി പറന്നുപോയ അഭയൻ കൂട്ടുകാരുടെ മൊബൈലുകളിലൂടെ പുനർജ്ജനിച്ചത് കണ്ടപ്പോൾ നമ്മുടെ പരമ്പരാഗത-പുരോഗമന മാദ്ധ്യമങ്ങളുടെ വിലകൂടിയ ക്യാമറകളുടെ അരാഷ്ട്രീയതയുടെ ഭീകരതയാണ് തികട്ടിവന്നത്. പിന്നെ, നേരത്തെ തന്നെ പരാമർശിച്ച രണ്ട് നാടകാവതരണങ്ങൾ. അതിനിടയിൽ വിഖ്യാത മാർക്സിസ്റ്റ് ചിന്തകൻ പ്രഭാത് പട്നായിക് എത്തി. അദ്ദേഹത്തോടൊപ്പം പുതുതലമുറക്കാരുടെ സംവാദം ... വർത്തമാനങ്ങൾ... ബദൽ രാഷ്ട്രീയവും പ്രയോഗവും എന്താണ്? അദ്ദേഹം




സ്മരണികപ്രകാശനം. ആർ പാർവ്വതിദേവി
നിഖില സുധർമ്മയ്ക്കു നൽകി നിർവ്വഹിക്കുന്നു.

പറഞ്ഞുവെച്ചത് ആ ലേഖകന്റെ ഓർമ്മയിൽ ഏതാണ്ടിങ്ങനെയാണ്...

ബദൽ എന്നാൽ ഒരു പുരോഗമന ദർശനവും അതിന്റെ പ്രയോഗവുമാണ്. അത് അതിൽ തന്നെ സമ്പൂർണ്ണമാണ്. മൂർത്തമായ സാഹചര്യങ്ങൾക്കനുസരിച്ചുള്ള മൂർത്തമായ പ്രയോഗമാണ് മാർക്സിസം വിഭാവനം ചെയ്യുന്നത്. അതായത് സാഹചര്യങ്ങളെ സസൂക്ഷ്മം വിലയിരുത്തി. അതിന് അനുയോജ്യമായ പ്രവർത്തനപരിപാടിയുടെ പ്രയോഗം. അതില്ലാതെ മാർക്സിസം ഇല്ല. പുതിയ കാലത്തെക്കുറിച്ച് സസൂക്ഷ്മം പഠിച്ച്, സാമൂഹ്യവൈരുദ്ധ്യങ്ങളിൽ ഇടപെടുകയാണ് വേണ്ടത്. അതുണ്ടാവാതിരിക്കുമ്പോൾ മാർക്സിസം ജഡാവസ്ഥയിലാവും. ഈ ജഡാസ്ഥയാണ് ഇടതുപക്ഷം ഇപ്പോൾ നേരിടുന്നത്. ജനാധിപത്യരഹിത സോഷ്യലിസ്റ്റ് പ്രയോഗത്തിന്റെ സ്ഥാനത്ത് ജനാധിപത്യസോഷ്യലിസം പടുത്തുയർത്തുകയെന്ന ചരിത്രപരമായ ദൗത്യമാണ് ഇടതുപക്ഷത്തിന് നിർവ്വഹിക്കാനുള്ളത്. സോവിയറ്റ് യൂണിയനോ ചൈനയോ ക്യൂബയോ 'സോഷ്യലിസ്റ്റായി' തീർന്നതിന്റെ ചരിത്രസാഹചര്യങ്ങൾ നിലവിലില്ല. പുതിയ കാലത്ത് സോഷ്യലിസം പുതിയരൂപത്തിൽ ജനങ്ങൾ ഇടപെട്ടാണ് കരഗതമാകേ

ണ്ടത്. പുതിയ ഇടതുപക്ഷപരിപാടി പഴയതിന്റെ പുനരാവിഷ്കാരമാവുക വയ്യ. അതിനുള്ള വിദൂരസാധ്യതകൾപോലും ഇല്ല. അപ്പോൾ പുതിയ പരിപാടിയും അതിന് ചേർന്ന സംഘടനയും ആവിഷ്ക്കാരങ്ങളുമാണ് പുതിയ കാലത്തിന്റെ വർഗ്ഗസമരത്തിനു വേണ്ടത്.അത് തിരിച്ചറിയുകയാണ് വേണ്ടത്. അതിന് വൈകുന്തോറും ഇടതുപക്ഷം അപ്രസക്തമായിക്കൊണ്ടിരിക്കും. ഈ പ്രതിസന്ധിയിലാണ് സംഘടിത ഇടതുപക്ഷം ഉപേക്ഷിക്കുകയോ തിരസ്കരിക്കുകയോ ചെയ്യുന്ന ഇടങ്ങളിലേക്ക് ഇടതുപക്ഷ ആശയങ്ങൾ നെഞ്ചിലേറ്റുന്ന ചെറുസംഘങ്ങൾ കടന്നു കയറുന്നത്. അവരുടെ സർഗ്ഗാത്മകമായ ഇടപെടലുകളാണ് ബദലുകൾ. തീവ്രവലതുപക്ഷം ഇടതുപക്ഷം ഒഴിച്ചിടുന്ന ശൂന്യതകൾ അതിവേഗം പിടിച്ചെടുക്കുകയും ഇടതുപക്ഷത്തേക്കാൾ വലിയ 'ഇടതുപക്ഷ'മായി വിലസുകയും ചെയ്യുന്നതിനുള്ള സാധ്യതകൾ വലുതാണ്. അത് തടയുന്നത് ആ ബദലുകളാണ്. അവർ രാഷ്ട്രീയത്തെയും സംസ്കാരത്തെയും സർഗ്ഗാത്മകമാക്കുന്ന അനുഭവങ്ങൾ സൃഷ്ടിക്കുന്നു. അതിന്റെ ഒരു പ്രകാശനമാണ് അഭയനെ ഓർമ്മിച്ചുകൊണ്ട് നിങ്ങൾ നിർവ്വഹിക്കുന്നത്- അദ്ദേഹം പറയുന്നു...

# ബദൽ രാഷ്ട്രീയത്തിന്റെ സാദ്ധ്യതകൾ

ജൂൺ 15 ന് ഡോക്ടർ പ്രഭാതുമൊത്ത് ഒരു ദിവസം എന്ന സംവാദമായിരുന്നു നടന്നത്. സ. കെ. എൻ രവീന്ദ്രനാഥ് അദ്ധ്യക്ഷനായിരുന്നു. ഒരു മണിക്കൂർ സമയമെടുത്ത് ഡോക്ടർ പ്രഭാത് പട്നായിക് അവതരിപ്പിച്ചത് നവലിബറൽ കാലത്ത് ബദൽ രാഷ്ട്രീയ പ്രയോഗത്തിന്റെ അനിവാര്യതയും സാധ്യതകളും അനുഭവങ്ങളുമായിരുന്നു. 8% ശരാശരി സാമ്പത്തിക വളർച്ച കൈവരിച്ചപ്പോൾ (2004 –2011) 0.8 % വളർച്ചയാണ് തൊഴിലിൽ രാജ്യം നേടിയതെന്ന വസ്തുത നാം തിരിച്ചറിയണം. കേവല സാമ്പത്തിക വളർച്ചയെന്നത് സാമൂഹ്യ പുരോഗതിയുമായി യാതൊരർത്ഥത്തിലും കണ്ണിചേരുന്ന പ്രക്രിയ അല്ല. തൊഴിലില്ലായ്മയും കൂലി കുറഞ്ഞുകൊണ്ടിരിക്കുന്നതും വികസനമാണെന്നുള്ള നവലിബറൽ കാഴ്ചപ്പാടിന്റെ കെടുതി ഇന്ത്യയിൽ മാത്രമല്ല ലോകമാകെ അനുഭവിക്കുകയാണ്. അതിസമ്പന്നന് നൽകുന്ന പണം തൊഴിലുണ്ടാക്കുന്നില്ല.

അതേ രൂപ പാവപ്പെട്ടവന് നൽകുമ്പോൾ അത് രാജ്യത്ത് പുതിയ തൊഴിലും സമ്പത്തും സൃഷ്ടിക്കുന്നു. ദേശീയതൊഴിലുറപ്പ് പദ്ധതിക്കുവേണ്ടി ഖജനാവ് നീക്കിവയ്ക്കുന്ന ചെറിയതുക രാജ്യത്ത് നടത്തുന്നത് വളരെ വലിയ ഉദ്പ്പാദനമാണ്. അത് സാധാരണക്കാർക്കാവശ്യമായ വിഭവങ്ങളുടെ ഉദ്പ്പാദനവും ഉപഭോഗവുമായി വളരുമ്പോൾ അതിസമ്പന്നർക്ക് വലിയ ധനം ഒഴുക്കിക്കൊടുക്കുകയാണ് ഭരണകൂടം. ഇത് നിർവ്വഹിക്കുന്നത് പാവങ്ങളിൽ നിന്ന് പണം ശേഖരിച്ചെടുത്തിട്ടാണെന്ന് മാത്രമല്ല, അത, ആഡംബരവസ്തുക്കൾ ഇറക്കുമതി ചെയ്യാനും രാജ്യത്ത് തൊഴിൽ സൃഷ്ടിക്കാത്ത നിക്ഷേപങ്ങൾക്കുമായാണ് പോകുന്നത്. നവലിബറലിസത്തിൽ 'വളർച്ച' ഉദ്പാദനവളർച്ചയോ സാമൂഹ്യവളർച്ചയോ, തൊഴിലോ ആയി തീരാത്തതിന്റെ കാരണമിതാണ്. ഈ നയത്തിൽ നിന്നുള്ള മടങ്ങിപ്പോക്ക് മാത്രമാണ് അസമത്വങ്ങളിൽ നിന്ന് രക്ഷപെടുവാനുള്ള വഴി. കേരളത്തിലെ മുൻ ഇടതുപക്ഷഗവണ്മെന്റ് നടത്തിയ ബദൽവികസന പരിപാടികളുടെ പ്രസക്തി എന്തെന്ന് വിശദീകരിച്ച അദ്ദേഹം അത്തരം സാധ്യതകൾ ഇടതുപക്ഷം എപ്പോഴും ഉപയോഗിക്കണമെന്ന് ഓർമ്മിപ്പിച്ചു.

ബദൽ വികസന കാഴ്ചപ്പാടിലേക്ക് ജനങ്ങളേയും ജനകീയപ്രസ്ഥാനങ്ങളേയും നയിക്കുവാൻ ഇടതുപക്ഷമല്ലാതെ ആരുമില്ല. ഇടതുപക്ഷത്തിന്റെ ശക്തിയും സാമൂഹ്യമായ ഉയർത്തെഴുന്നേൽപ്പും, ബദൽവികസന പരിപാടി മുന്നോട്ട് വയ്ക്കുമ്പോൾ മാത്രമേ സാധ്യമാവുകയുള്ളൂ. ആഗോളവത്ക്കരണ സാമ്പത്തിക നയത്തിന് ബദൽ വയ്ക്കുന്നതിന്റെ അർത്ഥം മുതലാളിത്തത്തോടെ ചരിത്രം അവസാനിക്കുന്നില്ല എന്നതു തന്നയാണ്. സദസ്സിൽ നിന്നുയർന്ന ചോദ്യങ്ങൾക്ക് അദ്ദേഹം വിശദമായി മറുപടി പറഞ്ഞു. തെരഞ്ഞെടുപ്പ് ഫലത്തെ വിലയിരുത്തിക്കൊണ്ട് സഖാവ് കെ.എൻ. ആർ നടത്തിയ പ്രസംഗം  പുതിയസാഹചര്യങ്ങളിൽ നടക്കേണ്ട വർഗ്ഗസമരത്തിന്റെ ആഴവും പരപ്പും വ്യക്തമാക്കുന്നതായിരുന്നു. കോർപ്പറേറ്റ് - ഹിന്ദുത്വ ഐക്യമുന്നണി ദേശീയ അധികാരം പിടിച്ചെടുത്ത പശ്ചാത്തലവും ലോകമാകെ മുതലാളിത്തം നേരിടുന്ന പ്രതിസന്ധിയും അദ്ദേഹം എടുത്തു  പറഞ്ഞു.

അഭയൻ സ്മാരക ട്രസ്റ്റിനുവേണ്ടി, സി.ഐ.ടി.യു ദേശീയ സെക്രട്ടറിമാരിൽ ഒരാൾക്കൂടിയായ സ: എ. ആർ. സിന്ധുവിന്റെ സംക്ഷിപ്ത അവതരണമായിരുന്നു 2 ദിവസമായി നടന്ന പരിപാടിയിലെ അവസാന ഇനം. സാർത്ഥകമായ രണ്ട് ദിനങ്ങൾ. അത് ഞങ്ങൾക്ക് സമ്മാനിച്ച രാഷ്ട്രീയവും സാംസ്കാരികവുമായ ഉൾക്കാഴ്ചക്ക് അഭയം 2014-ന്റെ സംഘാടകരോട് നന്ദി പറഞ്ഞുകൊണ്ട്, ഞങ്ങൾ പൊൻകുന്നം വിടുമ്പോൾ 15-ാം തീയതി 5  മണി.

ലാൽ സലാം അഭയൻ! നിന്നെ ഓർക്കുവാൻ തക്ക കാരണമുണ്ടെന്ന്

നിന്റെ കൂട്ടുകാരും സഖാക്കളും ഞങ്ങൾക്ക് ബോധ്യപ്പെടുത്തി തന്നിരിക്കുന്നു. ചരമദിനാചരണം പോലും ഒരു രാഷ്ട്രീയ പ്രവർത്തനമാണെന്ന് നിന്റെ സഖാക്കൾ കാണിച്ചുതന്നിരിക്കുന്നു. തീർച്ചയായും നിങ്ങളെയോർത്ത് ഞങ്ങൾ അഭിമാനിക്കുന്നു.

(കടപ്പാട് പീപ്പിൾ എഗൻസ്റ്റ് ഗ്ലോബലൈസേഷൻ (PAG) ബുള്ളറ്റിൻ.)



പ്രകൃതിയുടെമേൽ നമ്മൾ മനുഷ്യർ നേടിയ വിജയങ്ങളെച്ചൊല്ലി അതിർകടന്ന ആത്മപ്രശംസ നടത്തേണ്ടതില്ല. അത്തരം ഓരോ വിജയത്തിനും പ്രകൃതി നമ്മോട് പകവീട്ടുന്നുണ്ട്. ഓരോ വിജയവും ഒന്നാമത് ഉളവാക്കുന്നത് നമ്മൾ പ്രതീക്ഷിച്ച ഫലങ്ങളാണെന്നത് ശരിതന്നെ. എന്നാൽ രണ്ടാമതും മൂന്നാമതുമായി അതുളവാക്കുന്നത് തികച്ചും വ്യത്യസ്തവും അപ്രതീക്ഷിതവും പലപ്പോഴും ആദ്യത്തേതിനെ തട്ടിക്കിഴിക്കുന്നതുമായ ഫലങ്ങളാണ്.

– ഫ്രെഡറിക് എംഗൽസ്

# അഭയന്റെ തൂലികയിൽനിന്ന്

# കുതിര

സമയം ഒരു കുതിരയെപ്പോലെ കുതിച്ചു പായുന്നു. അത് ഇടയ്ക്ക് കിതയ്ക്കുകയോ മുരളുകയോ ചെയ്യുന്നില്ല. അതിന്റെ സാന്നിദ്ധ്യം ഒരേസമയം ദു:ഖവും സന്തോഷവും നൽകുന്നു. അത് തന്റെ കടിഞ്ഞാൺ ആർക്കും നൽകുന്നില്ല. അതിന്റെ കുളമ്പടികളിൽപ്പെട്ട് ഉഴറുന്ന യാത്രക്കാരനാണിന്ന് ഞാൻ. എന്റെ മുകളിൽ കറുത്തനിറമുള്ള ആ കുതിരയുടെ കുളമ്പുകൾ പതിഞ്ഞിട്ടുണ്ട്. അത് എന്നെ നോക്കി ക്രൂരമായി ചിരിയ്ക്കുന്നു. അത് ചിന്തിയ്ക്കുന്നതെന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. 'എന്നെ തോൽപ്പിക്കാൻ ശ്രമിച്ച വിഢ്ഢിയായ യാത്രക്കാരാ... നിനക്കതിനാവില്ല' എന്നാവും. അത് എന്റെ മേലുള്ള ചവിട്ടിന്റെ ശക്തികൂട്ടുന്നു. ഞാൻ അതിന്റെ പിടിയിൽനിന്ന് രക്ഷപ്പെടാൻ ശ്രമിച്ചു. സാധിക്കുന്നില്ല. ഞാൻ പരാജയപ്പെടുകയാണ്. യാഥാർത്ഥ്യബോധമുള്ള യാത്രക്കാരനായി ഞാൻ കണ്ണീരോടെ അതിനൊപ്പം യാത്രയാവുന്നു. പ്രിയപ്പെട്ടവരേ എന്നെ അനുഗ്രഹിക്കൂ.

# മോണോ-ആക്ട്

(സ്കൂൾ യുവജനോത്സവത്തിൽ അവതരിപ്പിക്കാൻ സഹപാഠിക്കുവേണ്ടി പനമറ്റം ഗവ. ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥിയായിരിക്കെ അഭയൻ എഴുതിയത് - വിവിധ മത്സരങ്ങളിൽ ഈ മോണോ ആക്ട് സമ്മാനം നേടിയിട്ടുണ്ട്.)

ജമീല : ഇത്താത്ത, ങ്ങടെ ഫൈസലിന്റെ എയ്ത്തൊക്കെ വരാറുണ്ടോ?

ഉമ്മ : എയ്ത്തൊക്കെ വന്നിട്ട് കുറച്ചീസായി.

ഡെല്ലീല് എന്തോ ബെസനസ്സാവശ്യത്തിനായിട്ട് ഏതോ ചങ്ങായിയേ കാണാൻ പോയതാ.

ജമീല : ഡെല്ലീല് എന്തൊക്കെയോ പൊട്ടിത്തെറികളൊക്കെ ഒണ്ടാകുന്നെന്ന് പറേണ്. ഓന് ന്തെലും ബിസേസമുണ്ടോ എന്തോ?

ഉമ്മ : ന്റെ റബ്ബേ... ഓന് എന്തേലും അപകടമൊണ്ടാകുവോ എന്തോ. ഓൻ വിളിക്കാഞ്ഞിട്ട് ഒരു സമാധാനോം ഇല്ല. പറ്റോങ്കില് എന്തേലും ബഹളങ്ങളോ

പുക്കാറോ ഉണ്ടാകുമ്പോൾ ഓൻ അവിടന്നൊക്കെ മാറി നിന്നോളും. അതാ ഒരു സമാദാനം.

ജമീല : ഓന് ഇഞ്ചിനീർ പഠിപ്പൊക്കെക്കഴിഞ്ഞ് എന്തിനാ ഈ ബെസന സോക്കെ ചെയ്യുന്നേ?. ഓൻ നാട്ടിലെവിടേലും ജോലി ചെയ്താൽ ങക്ക് അബസാനകാലത്ത് ച്ചിരെ വെള്ളം കോരിത്തരാൻ ആരേലും കാണില്ലേ.

ഉമ്മ : ആയകാലത്ത് ഉള്ളതൊക്കെ വിറ്റുപെറുക്കി ഓന്റെ ബാപ്പാ ഓനെ പഠിപ്പിച്ച്. ഇവിടെ ഒണ്ടായിട്ടല്ല. ഓന്റെ മൂത്തതി ങ്ങൾക്ക് കഞ്ഞിവെള്ളം കൊടുത്ത് ഓന് വറ്റ് പെറുക്കി കൊടുത്താ ഓനെ ബളർത്തീത്. ഓന് ഒരു നല്ലകാലം ബരുമ്പം സന്തോശിക്കാന്ന് ഓന്റെ ബാപ്പ എപ്പളും പറയും. ഓന്റെ ഇഷ്ടത്തിന് ഒരിക്കലും എതിരുനിന്നിട്ടില്ല. പഠിത്തം കഴിഞ്ഞ് ഓന് ബെസനസിലാ താൽപര്യം എന്ന് പറഞ്ഞ പ്പോ എതിർക്കാൻ മനസ്സുവന്നില്ല. എന്ത് തൊഴിലുചെയ്താലും ഓൻ പടച്ചോനേം പെറ്റനാടിനേം മറന്ന് ജീവിക്കില്ലെന്ന് ഒറ പ്പാ.

ജമീല : ഇത്താത്ത, ങ്ങള് ബേജാറാവണ്ട. ഓൻ സുഖമായിട്ടിരിക്കു ന്നുണ്ടാവും ഓൻ ഒടനെ ബിളിക്കും. ങ്ങള് പേടിക്കണ്ട. ഞമ്മളു പോട്ടെ ഇത്താത്ത, ചെന്നിട്ട് തോരെ പണി ബാക്കീണ്ട്.

ഉമ്മ : ശരി ജമീലായ് ചെല്ല്. ള്ളാ, ന്റെ കുഞ്ഞിന് ഒരാപത്തും വരു ത്തല്ലേ. അഞ്ചുനേരം നിസ്ക്കരിക്കുന്ന ഈ കുടുംബത്തെ പടച്ചോ നേയ് കാത്തോണേ.

(ഇത് പറഞ്ഞുകൊണ്ട് ടി. വി ഓണാക്കുന്ന ഭാവചലനങ്ങൾ. ടിവിയിൽ വിവിധ ചാനലുകൾ മാറ്റുമ്പോൾ മുഖത്ത് ദൃശ്യമാകുന്നു - ഭയവും വേദനയും)

**ഒടുവിൽ ഒരു ചാനലിൽ നിർത്തുന്നു.**

നമസ്കാരം. ന്യൂസ് ആൻഡ് ന്യൂസിലേക്ക് സ്വാഗതം. ഞാൻ അനീഷ്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി നടന്ന ഭീകരമായ സ്ഫോട നപരമ്പരകളുടെ മുഖ്യ സൂത്രധാരന്മാരിൽ ഒരാളായ ഫൈസൽ ഇന്ന് രാവിലെ ഒമ്പത് മണിക്ക് ആഗ്രയിൽ അറസ്റ്റിലായി. മലപ്പുറം തിരൂർ പറ വട്ടാണി സ്വദേശിയായ ഇയാൾ സോഫ്ട്‌വെയർ ഡിസൈനിംങ്ങിൽ ബിരു ദധാരിയാണ്.

ഉമ്മ : (ഭ്രാന്തമായ അവസ്ഥയിൽ) മതി നിർത്ത്. ഇല്ല. ഇല്ല. ന്റെ മോൻങ്ങനെ ചെയ്യില്ല. ഓനെ പത്ത് മാസം ചുമന്ന് നൊന്തു പ്രസവിച്ച് ഇത്രനാളും വളർത്തിയ നിക്കറിയാം, ഓന്റെ മനസ്സ്. ഒരു കുഞ്ഞുറുമ്പിനെപ്പോലും ബേദനിപ്പിക്കാൻ ന്റെ കുഞ്ഞിനാവില്ല. ഈ മടിയിൽ കിടന്നന്റെ കുഞ്ഞ് ബളർന്നത്. ഈ കൈകൊണ്ടാ ഓന് ഞാൻ ചോറുബാരി കൊടുത്തിരുന്നത്. ന്റെ ചൂടുപറ്റി ന്നോട് ചേർന്ന് നിന്ന് ബളർന്ന ന്റെ കുഞ്ഞിന് പെറ്റ നാടിനെ ഒറ്റിക്കൊടുക്കുന്ന രാജ്യദ്രോഹിയാവാനാവില്ല. അഞ്ചുനേരം പടച്ചോനെ വിളിക്കുന്ന യഥാർത്ഥ

മുസൽമാനാ ഓൻ. മൂവർണ്ണപ്പതാക കൈകളിൽ വച്ച് കൊടുത്ത് ഓന്റെ ബാപ്പാ ഓനെ പടിപ്പിച്ച വന്ദേ മാതരം ഓൻ ഒരിക്കലും മറക്കില്ല. ഇല്ല. ന്റെ മോൻ ങ്ങനെ ചെയ്യില്ല.

(വീണ്ടും ടി. വി. ഓണാക്കുന്നു. ഭ്രാന്തമായ ആവേശത്തോടെ ചാനലുകൾ മാറ്റുന്നു. ഒരു ചാനലിൽ കണ്ണുടക്കുന്നു. ഭയത്തോടെ ദൃശ്യങ്ങൾ നോക്കുന്നു)

രാവിലെ അറസ്റ്റിലായ ഫൈസലിനെ ഭീകരവിരുദ്ധപ്രവർത്തനങ്ങൾക്കായുള്ള പ്രത്യേക കോടതിയിൽ ഹാജരാക്കി. കോടതിപരിസരത്ത് തടിച്ചുകൂടിയവരോട് ഫൈസൽ കയർത്തുസംസാരിക്കുകയും ആക്രോശിക്കുകയും ചെയ്തു. കൂടുതൽ വിവരങ്ങളുമായി ഞങ്ങളുടെ പ്രതിനിധി നിർമ്മൽ ലൈനിലുണ്ട്. നിർമ്മൽ, എന്തൊക്കെയാണ് കോടതിപരിസരത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നത്. അനിഷാ, രാജ്യം മുഴുവനുള്ള മലയാളികൾ നാണക്കേടിന്റെ പടുകുഴിയിൽ മുങ്ങിത്തപ്പിക്കൊണ്ടിരിക്കുകയാണ്. ഏതാനും മണിക്കൂറുകൾക്ക് മുമ്പ് ആഗ്രയിലെ ഗ്രേറ്റ് വിഹാർ ലൈനിലെ പാട്യാലാ ലോഡ്ജിൽനിന്നുമാണ് രാജ്യത്തെ നടുക്കിയ സ്ഫോടന പരമ്പരകളുടെ മുഖ്യ സൂത്രധാരനെന്ന് സംശയിക്കുന്ന മലപ്പുറം സ്വദേശിയായ ഫൈസൽ അറസ്റ്റിലായത്. ബി. ടെക് ബിരുദധാരിയായ ഫൈസൽ കോടതിപരിസരത്ത് തടിച്ചുകൂടിയവരോട് കയർത്തുസംസാരിക്കുകയും അവർക്കുനേരെ ആക്രോശിക്കുകയും ചെയ്തു. ഫൈസൽ: (അലറി) സ്റ്റോപ്പിറ്റ്! സ്കൗൻഡ്രൽസ് move out from this fort.

ഞാനാ ഞാൻ. ഇതൊക്കെ പ്ലാൻ ചെയ്തത് ഈ രാജ്യത്തെ

തകർക്കാൻ. സ്വതന്ത്രമായ അന്നുമുതൽ ഈ രാജ്യത്ത് എന്റെ കൂട്ടരനു ഭവിക്കുന്ന ക്രൂരമായ വിവേചനങ്ങൾക്ക് പ്രതികാരമായി ഈ മഹാരാജ്യത്തിന്റെ എല്ലാ പട്ടണങ്ങളും ഭരണസിരാകേന്ദ്രങ്ങളും തകർക്കാൻ ഞാനാ പദ്ധതി തയ്യാറാക്കിയത്. ഈ നാട് ചാമ്പലാകുന്ന ഒരു നിമിഷം സ്വപ്നം കാണുന്ന ആയിരങ്ങളുടെ, അല്ല. പതിനായിരങ്ങളുടെ പ്രതിനിധിയാണ് ഞാൻ. This country is avoiding our peopple. The dirty government is against our dream. ഇസ്‌ലിയേ ഈ നാടിനെ തകർക്കാൻ, ഈ നശിച്ച സംസ്കാരമവസാനിപ്പിക്കാൻ ഞങ്ങൾ തീരുമാനിച്ചു. ഹിന്ദുസ്ഥാൻ മൂർദാബാദ്. ഹിന്ദുസ്ഥാൻ മൂർദാബാദ്.

ഉമ്മ : (ഭ്രാന്തമായി എന്നാൽ, ദേഷ്യത്തോടെ)

നിർത്ത്. നിർത്താനാ പറഞ്ഞത്. ഇന്ത്യ എന്റെ നാടാണെന്ന് അനക്ക് ചൊല്ലിത്തന്നത് ഞാനാ. ബിസ്മി ചൊല്ലുന്നതിലും ഭക്തിയോടയാ ഞാനും അന്റെ ബാപ്പായും വന്ദേ മാതരം പറയുന്നത്. അഞ്ചുനേരം നിസ്കരിക്കുന്ന യഥാർത്ഥ മുസൽമാന്, റബ്ബിന്റെ കൽപ്പന പാലിക്കുന്ന ശരിയായ മുസൽമാന്, ജനിച്ച നാട് പെറ്റമ്മയെക്കാൾ വലുതാണ്. ഓന്റെ ജീഹാദ്, നാടിന്റെ ശത്രുക്കൾക്കെതിരെയാണ്. ഓന്റെ ലക്ഷ്യം മൂവർണ്ണക്കൊടീടെ സ്വാതന്ത്ര്യമാ. നാടിനെയും നാട്ടാരെയും ഒറ്റിക്കൊ

ടുക്കുന്ന ഇബിലീസുകളല്ല മുസൽമാൻമാര്. ഓര് നാടിനു വേണ്ടി പൊരുതുന്നവരാ. വിളിക്കടാ ബലാലേ വന്ദേ മാതരം. വേണ്ട, അല്ലങ്കിൽ വേണ്ട. ഈ രാജ്യത്തിനെതിരെ നിൽക്കുന്ന അന്നെപ്പോലെയുള്ള പിശാചുക്കളെ തലവെട്ടി കൊല്ലണം. അന്റെ ശവം പോലും എനിക്ക് കാണണ്ട...

(കരഞ്ഞുകൊണ്ട്.....)

# ഓർമ്മ

# ഒരു കത്ത്

My Dearest Borther Vinodji,

എങ്ങനെ തുടങ്ങണം എങ്ങനെ അവസാനിപ്പിക്കും എന്ന മുൻധാരണ ഇല്ലാതെ എഴുതി തുടങ്ങുകയാണ്. ഇത് ഒരു കത്ത് അല്ല. ഇത് എന്റെ മനസ്സിന്റെ, ഇന്നിന്റെ കനമാണ്. വിങ്ങലാണ്. ഒരു പക്ഷെ നാളെയും ഓർമ്മയും. അഭയന്റെ മരണം എന്ന സത്യത്തേക്കാൾ അവന്റെ കൂട്ടുകാരുടെയും ഗുരുസ്ഥാനീയരുടെയും പിതൃ-മാതൃസ്ഥാനീയരുടെയും ഓർമ്മക്കുറിപ്പുകളാണ് എന്നെ ഇതെഴുതാൻ പ്രേരിപ്പിക്കുന്നത് എന്ന് തോന്നുന്നു. അഭയന്റെ സ്മരണിക മുഴുവൻ വായിച്ചു കഴിഞ്ഞു. അത് വായിക്കാൻ തുടങ്ങിയത് മുതൽ, - അല്ല അവനെ അറിയാൻ തുടങ്ങിയത് മുതലുള്ള എന്റെ മനസ്സിന്റെ വേദന, ആ പിരിമുറുക്കം, അത് എത്രമാത്രം എഴുതി ഫലിപ്പിക്കാനാകുമെന്നറിയല്ല. ഒരു ശതമാനമെങ്കിലും പകർത്താൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു

അഭയൻ. വിനോദ്ചേട്ടന്റെയും ആശയുടെയും വാക്കുകളിലൂടെയാണ് ഞാൻ അവനെ കൂടുതൽ

കണ്ടിരിക്കുന്നത്. എന്റെയും ആശയുടെയും വിവാഹനിശ്ചയദിവസം കണ്ട തും കുറച്ച് നേരം സംസാരിച്ചതും പിന്നീട് വിനോദ് ചേട്ടന്റെ വീട്ടിലേക്ക് വിരുന്ന് വരാനിരുന്ന ഞങ്ങളുടെ വരവ് കാത്ത് മണിക്കൂറുകൾ കാത്തി രുന്ന് ഒടുവിൽ കണ്ട് സംസാരിച്ചതും, പിന്നെ കാണാം എന്ന് ഹസ്തദാനം നല്കി പറഞ്ഞുകൊണ്ട് സുഹൃത്തിനൊപ്പം ബൈക്കിൽ കയറി പോയതും... മിനിറ്റുകൾ നീണ്ട ആ പരിചയത്തേക്കാൾ അവനെ അറിഞ്ഞത് നിങ്ങളി ലൂടെയാണ്. ഇപ്പോൾ സ്മരണികയിൽ അഭയനുവേണ്ടി വരികൾ കുറിച്ച വരിലൂടെയും.

അഭയൻ, നിന്നെ എനിക്ക് ഇന്നേ വരെ അറിയാനോ മനസ്സിലാക്കാനോ കഴിഞ്ഞിട്ടില്ലായിരിക്കാം. പക്ഷെ ഇന്ന് ഒരുപാടുപേർ സ്നേഹിക്കുന്ന, ആരാ ധിക്കുന്ന നീ എനിക്ക് അക്ഷരങ്ങളിലൂടെ സുപരിചിതനാണ്. നിന്റെ ചിന്ത കൾ, നിന്റെ ആഗ്രഹങ്ങൾ, നിന്റെ സ്വപ്നങ്ങൾ എല്ലാം എനിക്ക് പരിചിത മാണ്. അഭയൻ, ഇന്ന് ഞാനും നിന്നെ സ്നേഹിക്കുന്നു. മറ്റുള്ളവരെപ്പലെ ഒരു പക്ഷെ അധിലധികവും.

വിനോദ്ചേട്ടൻ എന്നോട് പറഞ്ഞിട്ടില്ലേ അച്ഛനെ (ഗോപിച്ചേട്ടനെ) പരി ചയപ്പെടാൻ കഴിയാത്തത് നഷ്ടമാണെന്ന്. ഞാൻ അംഗീകരിക്കുന്നു. ഞാൻ സംസാരിച്ചിട്ടില്ലാത്ത, ഞാൻ അറിയാത്ത, ഞാൻ നിങ്ങളെ അറിയുന്നതിനും എത്രയോ മുൻപ് മരിച്ച പോയ ആൾ. ചിത്രങ്ങളിലൂടെയും നിങ്ങളുടെ വാക്കു കളിലൂടെയും ഞാനറിഞ്ഞ ആ സ്നേഹം, ആ കരുതൽ. നഷ്ടം, വേദന തോന്നിയിട്ടില്ല - സത്യം. പക്ഷെ അഭയൻ അങ്ങനെയല്ല. ഞങ്ങൾ കണ്ടി ട്ടുണ്ട്, സംസാരിച്ചിട്ടുണ്ട് പരിചയപ്പെടാനും സ്നേഹിക്കുവാനും പരസ്പരം അറിയാനും അവസരം ഉണ്ടായിരുന്നു. പലപ്പോഴും എനിക്ക് കൈയ്യെത്തും ദൂരെ അല്ലെങ്കിൽ ഒരു ഫോൺ കോളിന്റെ ദൂരം. എന്നിട്ടും, - കൈക്കുമ്പി ളിൽ നിന്നും ഒതുക്കികളഞ്ഞ ആ നന്മ, ആ സ്നേഹം, ആ സൗഹൃദം - 'നഷ്ടം' ഈ നഷ്ടം ഏത് കണക്ക്പുസ്തകത്തിൽ, എത് പേജിൽ, എങ്ങനെ ഞാനെഴുതി തള്ളണം?

അഭയൻ - അവനിലെ എന്താണ് എന്നെ അവനിലേക്ക് അടുപ്പിച്ചത്? അറിയില്ല. ഞാൻ അവനിലെ ആരെയാണ് കൂടുതൽ സ്നേഹിച്ചത്? അവ നിലെ കവിയെ? മനുഷ്യനെ? ആദർശത്തെ? ചിന്തയെ? സ്വപ്നങ്ങളെ? സൗഹൃദം കാത്ത് സൂക്ഷിക്കുന്ന കഴിവിനെ? കമ്മ്യൂണിസത്തെ? മറ്റുള്ള വരെ മനസ്സിലാക്കാൻ ശ്രമിക്കുന്നതിനെ? അറിയില്ല. അഭയൻ, നിന്നെ ഞാൻ സ്നേഹിക്കുന്നു. അസൂയോടെ തന്നെ സ്നേഹിക്കുന്നു. അഭയൻ, നിന്റെ ബന്ധുക്കൾ, നിനക്ക് രക്തബന്ധമുള്ള പലരും ഇന്നന്റെ അരെല്ലാമോ ആണ്. ചിലരെങ്കിലും എല്ലാമെല്ലാം ആണ് - ഞാൻ അഭിമാനിക്കുന്നു. അതിൽ അഹങ്കരിക്കുന്നു.

സെൻട്രൽ ഗവൺമെന്റ് ഉദ്യോഗം വേണ്ടന്ന് വച്ച് ജനകീയനായി ജന

കീയവായനശാലയുടെ സ്ഥാപകനായി പാർട്ടിക്കു വേണ്ടിയും പൊൻകുന്നത്ത്കാർക്കുവേണ്ടിയും ജീവിക്കുന്ന മധുചേട്ടൻ എന്റെ മനസ്സിൽ നന്മയുടെയും വിനയത്തിന്റെയും എളിയമുടെയും പ്രതീകമാണ്. എന്റെ സങ്കൽപങ്ങൾക്ക് അതീതനാണ്. അത് പോലെ പലരും. മകന്റെ വേർപാടിൽ വേദനയും ദുഃഖവും, മനസ്സിൽ ഒളിപ്പിച്ച്, അവന്റെ സുഹൃത്തുക്കളെ ആശ്വസിപ്പിക്കുന്ന – "കരയുന്നത് നിങ്ങളുടെ സുഹൃത്തിനു ഇഷ്ടമില്ല" എന്ന് ഓർമ്മിപ്പിക്കുന്ന അമ്മ എന്റെ മനസ്സിൽ സ്ത്രീത്വത്തിന്റെ, സ്ത്രീശക്തിയുടെ പ്രതീകമാണ് മിനിചേച്ചി. ആരുടെയും സ്നേഹവും സൗഹൃദവും പിടിച്ച് വാങ്ങാൻ കഴിയുന്ന, ആർക്ക് എപ്പോൾ വേണമെങ്കിലും എന്തിനും ഏതിനും സമീപിക്കാൻ കഴിയുന്ന നിന്റെ കൊച്ചച്ചൻ വിനോദ്ജി എനിക്ക് ഇനിയും പൂർണ്ണമായി മനസ്സിലാക്കാൻ സാധിക്കാത്ത പ്രതിഭാസമാണ്. അവയവദാനത്തിന്റെ മഹത്വം ലോകം അറിയുന്നതിനും അംഗീകരിക്കുന്നതിനും മുമ്പ് തന്റെ ഏറ്റവും നല്ല പ്രായത്തിൽ സഹോദരന് വേണ്ടി വൃക്കദാനം ചെയ്ത അനിൽകുമാർ, ഉള്ളിൽ സ്നേഹവും നന്മയും ഒപ്പം പ്രതിഭയും കെടാതെ സൂക്ഷിക്കുന്ന നിന്റെ സഹോദരി അവനി കണ്ടിട്ടില്ലെങ്കിലും സ്നേഹസ്വരൂപയായ നിന്റെ ചിറ്റ സിന്ധുചേച്ചി, മോളിച്ചേച്ചി, നിന്റെ മനസ്സിൽ സ്ത്രീ എന്ന പദത്തിന്റെ അർത്ഥം മുഴുവനായും ഉൾകൊണ്ട നിന്റെ ആശചേച്ചി – ഇവരെ എല്ലാം ഞാൻ സ്നേഹിക്കുന്നു. ബഹുമാനിക്കുന്നു. അത്ഭുതത്തോടെ ആരാധിക്കുകയും ചെയ്യുന്നു. നിന്റെ സ്മരണിക വായിച്ച് എന്റെ അനുഭവം പങ്കുവെച്ച എന്റെ സുഹൃത്ത് രാജേഷ് (ഡി.വൈ.എഫ്.ഐ. ബ്ലോക്ക് കമ്മിറ്റി മെമ്പർ) എന്നോട് തമാശയായി പറഞ്ഞു. "അപ്പോൾ നിനക്ക് ഒരു കമ്മ്യൂണിസ്റ്റ്കാരനോട് സ്നേഹവും ആരാധനയും തോന്നി അല്ലേ" എന്ന്. ശരിയാണ്. സത്യമാണ്. പക്ഷെ ഒരാളോടല്ല. ഈ പറഞ്ഞ എല്ലാവരോടും എനിക്ക് സ്നേഹമാണ്, ആരാധനയാണ്. വർഗ്ഗീയരുടെ ഈർപ്പം ഉണ്ടെന്ന് ആരോപിക്കുന്ന എന്റെ, ഞാൻ വിശ്വസിക്കുന്ന പ്രത്യയശാസ്ത്രത്തിന്റെ കൊടിക്കൂറയിൽ ഒരു കമ്മ്യൂണിസ്റ്റുകാരനോടുള്ള സ്നേഹത്തിന്റെ അടയാളം കണ്ണീർതുള്ളിയുടെ രൂപത്തിൽ പതിയട്ടെ എന്നവൻ കളിപറഞ്ഞു. രാജേഷ് നിനക്കറിയില്ല വ്യക്തമായ ആശയങ്ങളും ശക്തമായ ചിന്തകളും തിളങ്ങുന്ന സ്വപ്നങ്ങളും, അത് പ്രാവർത്തികമാക്കാൻ കഴിയുന്ന നിശ്ചയദാർഢ്യവും ചങ്കൂറ്റവും ഉള്ള, അതിന് വേണ്ടി മാത്രം സ്ഥാനമാനങ്ങൾ ത്യജിച്ച്, പ്രവർത്തിച്ചുകാണിച്ചു തന്ന അഭയനാണ് തണൽ വിരിച്ച് മുന്നിൽ നിൽക്കുന്നത്. ഞാൻ അവനെയാണ് സ്നേഹിക്കുന്നത്, ഞാൻ അവനെക്കുറിച്ചാണ് നിന്നോട് പറഞ്ഞത്. ഞാൻ ആ നന്മമരത്തിന്റെ തണലിലാണ്. മറ്റു പലരെയും പോലെ.

അഭയനായി ജനിച്ച്, അഭയനായി ജീവിച്ച്, അഭയനായി മരിച്ച അഭയൻ എന്ന അബു. ഇനി നിനക്ക് വിശ്രമിക്കാം. നിന്റെ ചിന്തകളും നിന്റെ

സ്വപ്നങ്ങളും യാഥാർത്ഥ്യമാക്കാൻ, "കപടലോകത്തിലെന്നുടെ കാപട്യം സകലരും കാൺമതാണെൻ പരാജയം" എന്ന് പാടിയ കുഞ്ഞുണ്ണിമാഷിനെ സ്നേഹിക്കുന്ന, നിന്നെ സ്നേഹിക്കുന്ന ഒരുപറ്റം സുഹൃത്തുക്കൾ തോൾചേർത്തു കഴിഞ്ഞു. നിന്റെ നന്മയുടെ പ്രകാശവും ചിന്തകളുടെ തെളിച്ചവും മാത്രം മതി അവർക്ക് വഴി നടക്കാൻ. നിന്റെ മരണം സൃഷ്ടിച്ച ശൂന്യത വിട്ടുണരുവാൻ കാലം അവരെ പ്രാപ്തമാക്കട്ടെ.

അഭയൻ, നിന്റെ മരണം ഈശ്വരന് ഒരു പക്ഷേ തനിക്ക് ഏറ്റവും പ്രിയപ്പെട്ട ഒരു പനിനീർപ്പൂ നുള്ളി എടുത്ത സ്വന്തമാക്കിയ ലാഘവമായിരിക്കാം. പക്ഷെ, നിന്നെ സ്നേഹിക്കുന്ന ഞങ്ങൾക്ക് ഒരായിരം പനിനീർപൂക്കളോട് കൂടിയ ഒരു വസന്തകാലമാണ് നഷ്ടമായത്. ഇനി ഒരിക്കലും തിരിച്ച് കിട്ടില്ലെന്ന് ബോധ്യമുള്ള വസന്തം. അഭയൻ, നീ എന്റെ ഉറക്കം വരാത്ത രാത്രികളിലെ ഓർമ്മകളിൽ, ചിന്തകളിൽ ഇനിയും വിരുന്നു വന്നേക്കാം. എനിക്കറിയാം. എനിക്കുറപ്പുണ്ട്. മറക്കില്ല - മറക്കാൻ കഴിയില്ല. എങ്കിലും ആഗ്രഹിക്കുന്നു, മറക്കാൻ... നിന്റെ വിയോഗമെങ്കിലും ...

മറ്റുള്ളവർ പറഞ്ഞും അല്ലാതെയും എനിക്ക് അറിയാം. ഞാൻ വളരെ സെൻസിറ്റീവ് ആണ്. ഒരു ചെറിയ കാര്യം മതി ഞാൻ ഡിസ്റ്റർബ് ആകാൻ. എന്റെ കണ്ണുകൾ നിറഞ്ഞൊഴുകാൻ. അഭയൻ, നീ എന്നെ ഇത്രമാത്രം സ്വാധീനിച്ചിട്ടുണ്ടെങ്കിൽ, എന്നെ ഇത്രമാത്രം വേദനിപ്പിച്ചെങ്കിൽ, ഇത്രമാത്രം ചിന്തിപ്പിച്ചുവെങ്കിൽ, എനിക്കൂഹിക്കാം നിന്നെ സ്നേഹിച്ച, നിന്നെ അടുത്തറിഞ്ഞവരുടെ അവസ്ഥ. അഭയൻ, ഒന്ന് ഞാൻ പറയട്ടെ, ഞാനാദ്യമായിട്ടാണ് എന്റെ മനസ്സിന്റെ ചിന്തകളെ വേദനയെ പേപ്പറിൽ പകർത്തുന്നത്. കോളേജിൽ പഠിക്കുമ്പോൾ ക്ലാസ്സ് മുറികളെക്കാൾ കാമ്പസിനെയും ചൂളമരച്ചുവടുകളെയും സ്നേഹിച്ച കവിസുഹൃത്തുക്കളുമായുള്ള ചങ്ങാത്തത്തിനും, ഒ.വി. ഉഷ എന്ന കവയിത്രിയുടെ വായിൽ നിന്നും കോളേജിൽ, കാമ്പസിൽ മലയാളം കവിത മരിച്ചിട്ടില്ല എന്ന ഗുഡ് സർട്ടിഫിക്കറ്റ് മേടിച്ച സുഹൃത്തിനോടൊപ്പമുള്ള സല്ലാപങ്ങൾക്കും തരാൻ കഴിയാതെപോയ ധൈര്യം. അഭയൻ നീ മരിച്ചിട്ടില്ല. നീ ജീവിക്കും. നിന്നെ സ്നേഹിച്ചവരിലൂടെ. അവരുടെ മനസ്സുകളിൽ, പ്രവൃത്തികളിൽ ചിന്തകളിൽ. അബുവായി, അപ്പുവായി, സഖാവ് അഭയൻ എം. സാവിത്രിയായി.

അഭയൻ - സഖാവ് അഭയൻ -
സഹോദരൻ അഭയൻ,
ഇഷ്ടമാണിഷ്ടമാണത്ര മാത്രം നിന്നെ
ഇഷ്ടമാണിഷ്ടമാണത്രമാത്രം

- രഞ്ജിത് ആർ പണിക്കർ.

- Joan

“Irene lets go someplace else, I see a huge group of people coming towards us and I don’t think they are very friendly. Come on man ,we are just juniors,we shouldn’t be hanging around here”

Well I am glad Irene didn’t listen to me that day.

‘Pegasus 2011’, that’s when I first saw him. A huge guy with a beard and an evil grin walked towards us with his gang of faithful followers and friends. Oh yes, I knew he was trouble and Oh yes, I knew he was my senior.

He stood right in front of us and asked us with a smile “which college are you girls from”? I got the shivers when he asked me that. Well my very hyper friend Irene said “Madras Christian college”.

His smile grew wider and he told us to come with him. All I could think was “ ohhhh we are dead meat”. I wanted to kill Irene so badly that night. He

took us to the canteen and I asked us to grab a seat and sit with him and his friends who were also “SENIORS”. He asked us what event were we participating for. We both said ‘dance’. Around 15 seniors of MCC were there and they just gave me and only me a puzzled look and they all said together “DANCE??!!!???”

Some of you might be wondering why they narrowed me down. You see, I was a very huge girl and by huge I mean very huge. High school for everyone was a joyride, but for me it was no bed of roses. I was a weirdo back in school,never settled any of my disputes through words, stubborn and one goth of a girl

I was pain in the ass for all those kids back in school because I was trying to protect myself from getting hurt, in short I was scared. Back home I tried being responsible, tried being a good daughter, sister and granddaughter. In school the kids would comment on how fat I was and how stupid I was . I tried protecting my younger brother and sister from all the drama, but I failed in that as well. I used to think whether I was useless. Music was good escapism for me and I loved to dance. I used to sneak up to the terrace and just dance when no one’s around.

Madras Christian College changed my life. Everybody who knows me well knows that I give a rat’s ass about my department and that I would die for my hall, Margaret. This place is paradise. I fell in love with mcc only after I met him.

That night Just after I shocked the whole lot of seniors with the news that I dance, he gave me a dare to prove myself in front of everyone. I said “vendaaa chetttaa,please”. And then he got up and told me “ do what I say, get up and dance!!. To support him, his friends Fawaz , Sooraj and Anthony started telling me as well. I got up, went straight to the centre of the canteen.

had glasses and since it was kind of dark, they couldn’t see me crying. What a wimp I was!!!. They told Irene to play something and i started dancing. For the next 45 seconds I thought my heart stopped beating and the whole world was spinning. I closed my eyes and when I was done,I heard them clapping and cheering, that’s when I realised I was exactly where I was supposed to be.

My life changed completely after that night. When we got back to college, I heard a lot of weird stuff about him, mostly negative.in mcc rumours go around like wildfire. People told me to stay away from him,later did I realise they were the ones I should stay away from.

Everytime I see him he would be shouting,screaming,fighting or cheering.! thought to myself he would be the last person on the planet I would want to mess around with. He would kill for his hall and college. Everyone in college knew if they wanted to win or shine, he would be the right person they should go to. He loved art,he appreciated those who loved it as well.

Deepwoods 2012, I worked under him in cultural committee. The night before the big day,he called me and my friends to come to the examination hall. He assigned us duties of scrapping paint, sweeping,washing the floor, getting dirt in buckets, cutting,painting,running around. That night he introduced us not to his friends but our batch mates.

The very next day all of us started off in full swing. That man made me do everything. I had fun running around,! had no complaints but I wold have appreciated if he would have given me water breaks. He was tough on all of us. Some of us used to curse and some us thought it was our fate,at the end of the day it was all worth it. Before we all parted to our halls after the 3 days of deepwoods , he just looked up to me and said ‘you are promising[7].I had no clue what he meant. After a few weeks he calls me up late night and said “come to Anderson hall by 4pm tomorrow and don’t ask me why, what and air and he hung up. It was the college union society valedictory function that day. Me and my six other friends went over there. They had an informal function as well, where they awarded people who worked for the college. I was awarded the most promising volunteer that night. Words couldn’t describe how surprised and honoured I was that day. During dinner he came up to and just gave me a smile, that night I realised why he scolded me when 1 asked him for breaks, why he made me run around and why he wanted everything perfect. I went to him and thanked

him . after he graduated that year we both became close.he taught me everything he knew,tried to correct me when I was wrong, second year and the word senior just got into all our heads,.we were the courtiers now and the first years the slaves .yes I do admit I was rude to a few. he told me to calm down whenever I lose it. i was arrogant, adamant, rude, spirited and aggressive, he would say that it was good but a lot of it could get me into trouble

well he was right it got me into trouble^ lot of fights and a lot of heartbreaks. He was there to get me out of my depression and sadness,through my every step he would put in his word of advice and made sure I was in a good place, he fought through me ,he fought beside me ,he fought for me and he fought with me .

he motivated me to stand for something i didnt want to not beacuse of lack of passion but confidence, he was not only a helping hand or motivator just for me but too a lot of people, anytime of the day you need him he'll be there, as a shoulder to lean on

may 27th 2013 i was foolishly posting stupid photos of my friends on their timeline., i did not know about him passing away, rohini called me and told me what happened, i did not realise what happened to me after i heard it., i didnt realise i was gasping for breathe, thats what i felt when i think of it.breathless. rohini was another version of him strong at the hour of distress but sensitive when alone, sherin knew that i needed someone to talk to., when she called i couldnt say anything because i didnt have words to describe it.it was the worst feeling you could have, the last conversation with him was on may 25th.it was short and i didnt even get to say goodbye because he told me he was sick and hung up.

when i saw his cremation thats when i realised, let it be his worst enemy,his bestfriend, everyone and anyone who knew him couldnt control their emotions, he took a part of us when he left.

he gifted me and taught me a lot. things that i should be knowing even after i leave mcc. he taught me things that my family or friends couldnt have,,he had the patience to go through every single good and bad experience of mine

him leaving us would have been the worst thing most of us would have experienced but then he taught us to live without him but to live through him. everytime i get stuck in making a decision i would just think of him and the answer comes to me directly. people say that he never left,but he did but thats not the end everybody moved on. do u know who helped us to move on. he did.

he taught us to be different because being different is a challenge, he guided us to make our own path and let others follow, he told us to use our spirit and hardwork.

we are honoured, privileged and lucky to know him who is he?

hes a caring brother,hes a responsible son, hes a guiding mentor,hes a patient teacher,hes a passionate comrade,hes a loving friend,hes a diplomatic leader,hes a spirited selaiyurian and hes the gentleman of mcc

Hes abhayan m savithri

# 9 WAYS TO PEACEFULLY RUN THE HALL

* BAN ABHAYAN From the Floor.
* BAN ABHAYAN From the Interblock Events.
* BAN ABHAYAN From the premises of Elections
* BAN ABHAYAN From the Cricket ground.
* BAN ABHAYAN From the Football ground.
* BAN ABHAYAN From the Resident's meeting.
* BAN ABHAYAN From bringing GUNDAS From
* GANAPATHIPURAM into the hall.
* BAN ABHAYAN From sitting near the pond on the stone benches.
* BAN ABHAYAN From Birthday parties.

FROM
ANONYMOUS

Counter Signed by

(THE TORCHMAN)
I Swear didn't do this !!

(2014 ഫെബ്രുവരി ലക്കം അസ്സീസി മാസികയിൽ ഫാ. ബോബി ജോസ് കട്ടിക്കാട്ട് എഴുതിയത്)

"ഭംഗിയുള്ള ഒരു ചുവടുവയ്പിന് കഴിഞ്ഞ ദിവസങ്ങളിൽ സാക്ഷിയാവാൻ പറ്റി. കോട്ടയത്ത് കാനം എന്നൊരു ഗ്രാമത്തിൽ വിശാലമായ ഒരു പാട ശേഖരത്തിൽ ദീർഘവർഷങ്ങളുടെ ഇടവേളയ്ക്കു ശേഷം കൃഷി ആരംഭിക്കുകയാണ്. ഹിലാലിന്റെ നേതൃത്വത്തിൽ അഭയൻ സാംസ്കാരിക സംഘ മാണത് ഏറ്റെടുത്തിരിക്കുന്നത്. അസാധാരണമായ രാഷ്ട്രീയ ബോധമുണ്ടായിരുന്നു, അകാലത്തിൽ പൊലിഞ്ഞ അഭയൻ എന്ന ആ ചെറുപ്പക്കാരന്. ഞാറുനടീലിൽ പങ്കുചേരാൻ കുറെയേറെ ചെറുപ്പ ക്കാർ ഉണ്ടായിരുന്നു. മുതിർന്ന വിദ്യാർത്ഥികൾ എന്നു പറയുന്നതായിരിക്കും ശരി. വരമ്പത്ത് ചെരു പ്പുകൾ അഴിച്ചുമാറ്റി മുട്ടോളം ചേറിൽ നിന്ന് ഞാറ് നടുന്ന കാഴ്ച ആരുടെ മിഴികളെയാണ് സജലങ്ങ ളാക്കാത്തത്. സാധാരണക്കാരുടെ ആഴവും അഴകും തിരിച്ചറിയാൻ ആഭിമുഖ്യമുള്ള ആ മക്കൾ വരമ്പത്തെ ചെരുപ്പുകളെ അണിയാതെ പച്ചയായ ജീവിതത്തിലേക്ക് എന്നേക്കുമായി ഇറങ്ങിപ്പോകു മെന്ന് ഞങ്ങളിൽ തെല്ലു മുതിർന്നവർ കിനാവു കാണുന്നു."



# വിദ്യാഭ്യാസം ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ

- വിദ്യാഭ്യാസത്തിന്റെ അവസാനമല്ല
  തുടക്കം മാത്രമാണ് സാക്ഷരത.
- ചൂഷകന്റെ ആവശ്യത്തിനല്ല, ചൂഷിതരായ
  ഗ്രാമീണരുടെ ആവശ്യത്തിനുവേണ്ടി വേണം
  വിദ്യാഭ്യാസ പരിവർത്തനം.
- നന്മയും തിന്മയും തിരിച്ചറിയാൻ
  സഹായിക്കാത്തത് വിദ്യാഭ്യാസമല്ല
  മറ്റെന്തോ ആണ്.
- നിലവിലുള്ള ദേശീയ സാഹചര്യങ്ങൾ
  പഠിപ്പിക്കാത്തതിനെ
  ദേശീയ വിദ്യാഭ്യാസമെന്നു
  നാം എങ്ങനെ പറയും?
- ഇംഗ്ലീഷ് അറിയുന്നതാണ് വിദ്യാഭ്യാസം
  എന്നുകരുതുവോളം
  നാം വഷളായിരിക്കുന്നു.

# അഭയൻ സ്മാരകകേന്ദ്രം (ASK) 2014–15 ലെ റിപ്പോർട്ടും വരവുചെലവുകണക്കും

# അഭയൻ സ്മാരക കേന്ദ്രം ട്രസ്റ്റ് (ASK) റിപ്പോർട്ട്

അഭയന്റെ വേർപാടിനെത്തുടർന്ന് 2013 ജൂൺ 8 ന് പൊൻകുന്നത്തു ചേർന്ന അനുശോചന യോഗത്തിൽ സംസാരിച്ചവരെല്ലാം അവന്റെ ജീവിതവും ദർശനവും മുമ്പോട്ടു കൊണ്ടു പോകുന്നതിനുള്ള കർമ്മ പരിപാടികൾക്കു രൂപം കൊടുക്കണമെന്നു നിർദ്ദേശിച്ചു. തുടർന്ന് പനമറ്റം ദേശീയ വായനശാലയുടെ പ്രവർത്തകർ ഒരു സ്മരണിക തയ്യാറാക്കുന്നതിനും വർഷം തോറും അർത്ഥപൂർണ്ണമായ പരിപാടികൾ നടത്തുന്നതിനും മുൻകൈ എടുത്തു. ഇതിനെല്ലാമുള്ള ആലോചനകളിൽ നിന്നാണ് ട്രസ്റ്റ് രൂപവത്ക്കരണം എന്ന ആശയമുണ്ടായത്.

2013 സെപ്തംബർ 14 ന് ഗ്രന്ഥശാലാദിനത്തിൽ പൊൻകുന്നം ജനകീയവായനശാലയിൽ ചേർന്ന പൊതുയോഗം അഭയൻ സ്മാരക കേന്ദ്രം ട്രസ്റ്റ് (ASK) എന്ന പേരിൽ ഒരു സംഘടനയ്ക്കു രൂപം കൊടുത്തു. സമൂഹത്തെ മാനവീകരിക്കാനുള്ള ബോധപൂർവ്വമായ പ്രക്രിയയുടെ ഭാഗമായിത്തീരുക

എന്നതാണ് ട്രസ്റ്റിന്റെ ലക്ഷ്യം.

നവംബർ 14 ന് 'അഭയൻ അഭയൻ' ഓർമ്മപുസ്തകം ശ്രീമതി ആർ പാർവ്വതീ ദേവി അഭയന്റെ സുഹൃത്ത് നിഖില സുധർമ്മയ്ക്കു നൽകി പ്രകാശനം ചെയ്തു. രാധാകൃഷ്ണൻ മോതിരപ്പള്ളി വരച്ച അഭയന്റെ ചിത്രം സി.എസ് സുജാത അനാഛാദനം ചെയ്തു.

നവംബർ 24 ന് മാനേജിംഗ് കമ്മറ്റികൂടി ഭാരവാഹികളെ തെരഞ്ഞെടുത്തു.

2014 ജനുവരി 13 ന് കാനം പാടശേഖരത്തിൽ പ്രകൃതികൃഷിയുടെ ഉദ്ഘാടനം നടന്നു. പ്രകൃതികൃഷിയുടെ കേരളത്തിലെ പ്രചാരകരിൽ ഒരാളായ ശ്രീഹിലാലിന്റെ നേതൃത്വത്തിൽ ഏഴര ഏക്കർ നെൽവയലിൽ കൃഷിയിറക്കി. കാഞ്ഞിരപ്പള്ളി എം. എൽ.എ ഡോ. എൻ. ജയരാജ്, വാഴൂർ തീർത്ഥപാദാശ്രമ സെക്രട്ടറി ശ്രീമദ്  ഗരുഡധ്വജാനന്ദ സ്വാമികൾ, ഫാ. ബോബി ജോസ്, സി.എം. ഐ എന്നിവർ നടീലിന് സമാരംഭം കുറിച്ചു. അഭയന്റെ സുഹൃത്തുക്കളുൾപ്പെടെ ഒട്ടേറെപ്പേർ ചടങ്ങിൽ പങ്കെടുത്തു.

ജൂൺ 14,15 തീയതികളിൽ 'അഭയം 2014' വാർഷിക അനുസ്മരണ സമ്മേളനം ലീലാമഹൽഓഡിറ്റോറിയത്തിൽ നടന്നു. വിജയകരമായ ബദലുകൾ എന്ന അവതരണത്തിൽ എട്ട് വ്യത്യസ്ത മേഖലകളിലെ ബദലുകൾ അവതരിപ്പിക്കപ്പെട്ടു. അഭയൻ സ്മരണകളുമായി സുഹൃത്തുക്കളും സഖാക്കളും ബന്ധുക്കളും ഒത്തു ചേർന്നു.

'ഹാർട്ട് അറ്റാക്ക്' ബാൻഡ് അവതരിപ്പിച്ച കവിതകളുടെ ആവിഷ്ക്കാരം ശ്രദ്ധേയമായി. അഭയന്റെ 'എന്റെ നിലാവിന്' എന്ന കവിത ട്യൂൺ ചെയ്ത് ബാന്റ് അവതരിപ്പിക്കുകയുണ്ടായി. പ്രസ്തുത കവിതയുടെ സി.ഡി പ്രൊഫ. സുജ സൂസൻ ജോർജിന് നൽകി പ്രകാശനം ചെയ്തു.

മംഗളം കോളേജ് ഓഫ് എൻജിനീയറിംഗിലെ വിദ്യാർത്ഥികൾ 'ചിരിക്കുന്ന രാജാവ്' എന്ന ലഘുനാടകം അവതരിപ്പിച്ചു.

പാലാ തീയറ്റർഹട്ടും' ജനകീയ വായനശാലയിലെ 'രംഗയൗവ്വനം' 'ഉണ്ണിയരങ്ങ്' എന്നീ നാടകവേദികളും ചേർന്ന് അഭീഷ് ശശിധരൻ സംവിധാനം  ചെയ്ത 'പ്രേതഭാഷണം' എന്ന സി അയ്യപ്പന്റെ കഥയുടെ നാടകാവതരണം നടത്തി.

'ഇന്ത്യയിലെ വർത്തമാന കാല രാഷ്ട്രീയത്തെപ്പറ്റി രണ്ടാം ദിവസത്തെ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച പ്രമുഖ തൊഴിലാളി നേതാവ് ശ്രീ.കെ എൻ രവീന്ദ്രനാഥ് സംസാരിച്ചു. ട്രസ്റ്റ് പ്രവർത്തനങ്ങളുടെ ഔപചാരിക ഉദ്ഘാടനം നിർവ്വഹിച്ച് ആദ്യ അഭയൻ സ്മരണ പ്രഭാഷണം നടത്തിയത് കേരള പ്ലാനിംഗ് ബോർഡ്  മുൻ വൈസ് ചെയർമാനും പ്രമുഖ മാർക്സിസ്റ്റ് സൈദ്ധാന്തികനും ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി റിട്ടയേഡ് പ്രൊഫസറുമായ ശ്രീ. പ്രഭാത്പട്നായിക്കാണ്.





ലൈബ്രറി കൗൺസിൽ അവാർഡു ദാനം



സെറിനിറ്റി ഹോം

സെപ്തംബർ 4 ന് പൈകയിലെ സെറ്റിനിറ്റി ഹോമിലെ അന്തേവാസികൾക്ക് ഓണസദ്യയും ഓണക്കോടിയും നൽകി. ഉറ്റവർ ഉപേക്ഷിച്ച വൃദ്ധരായ അവിടുത്തെ മാതാപിതാക്കളുമൊത്ത് (71 പേർ) ട്രസ്റ്റിലെ അംഗങ്ങൾ കുറേസമയം ചിലവഴിച്ചു.

സെപ്തംബർ 23 ന് കോട്ടയം ജില്ലാലൈബ്രറികൗൺസിൽ സംഘടിപ്പിച്ച പാലിത്രനാരായണൻസ്മാരക പ്രഭാഷണയോഗത്തിൽ ട്രസ്റ്റിന്റെ അവാർഡുകൾ സമ്മാനിച്ചു. മികച്ചബാലവേദിക്ക് അദ്ധ്യാപകനും നാടക പ്രവർത്തകനുമായിരുന്ന എം. എസ് ശശിധരന്റെ സ്മരണക്കായി ഏർപ്പെടുത്തിയ 5000 രൂപയുടെ ക്യാഷ്അവാർഡും പ്രശസ്തിപത്രവും സഹൃദയഗ്രന്ഥശാല സൗത്ത് പാമ്പാടിക്ക് സമ്മാനിച്ചു. ജനകീയവായനശാലയുടെ ലൈബ്രേറിയനായിരുന്ന കണ്ണൻദയാലിന്റെ ഓർമ്മയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള 5000 രൂപയും പ്രശസ്തിപത്രവും ജില്ലയിലെ മികച്ചലൈബ്രേറിയനായി തെരഞ്ഞെടുക്കപ്പെട്ട വൈക്കം അംബികാമാർക്കറ്റ് പോപ്പ്ജോൺ മെമ്മോറിയൽ ലൈബ്രറിയിലെ ശ്രീമതി എൻ.ജെ. കൊച്ചുറാണി ഏറ്റുവാങ്ങി.

അഖില കേരള വായനമത്സരത്തിൽ ജില്ലയിൽ ഒന്നാം സ്ഥാനം നേടിയ ജിബു കെ.ജോസ് (ഹോളിഗോസ്റ്റ് ബി.എച്ച്.എസ്. എസ് മുട്ടുചിറ) അഭയന്റെ സ്മരണക്കായി ഏർപ്പെടുത്തിയ 5000 രൂപ ക്യാഷ് അവാർഡും പ്രശസ്തി പത്രവും ഏറ്റുവാങ്ങി.

ട്രസ്റ്റ് ഏർപ്പെടുത്തിയ മികച്ച ഗ്രന്ഥശാലാ പ്രവർത്തകയ്ക്കുള്ള 5000 രൂപ ക്യാഷ് അവാർഡും, പ്രശസ്തിപത്രവും (എഴുത്തുകാരനും ഗ്രന്ഥശാലാ പ്രവർത്തകനുമായ പി. മുരളിമോഹനന്റെ സ്മരണയ്ക്ക്) കുറിച്ചിത്താനം പി. ശിവരാമപിള്ള മെമ്മോറിയൽ പീപ്പിൾസ് ലൈബ്രറിയിലെ എം. സരിതയ്ക്ക് സമ്മാനിച്ചു.

അഭയൻ സ്മാരക കേന്ദ്രത്തിന്റെ പേരിൽ ഒരു വെബ്സൈറ്റ് ആരംഭിക്കണമെന്ന നിർദ്ദേശമനുസരിച്ച് ഒരു വെബ്സൈറ്റ് www.abhayansmarakakendram.org എന്ന പേരിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

അഭയൻ സ്മാരകകേന്ദ്രം ട്രസ്റ്റ് ഇന്നും വ്യക്തമായ സംഘടനാരൂപം കൈവരിച്ചിട്ടില്ല. ‘അഭയം 2015’ ലെ ചർച്ചകൾ ട്രസ്റ്റിന്റെ സംഘടനാരൂപവും കാഴ്ചപ്പാടുകളും എന്തായവണമെന്ന് തീരുമാനിക്കും എന്ന് പ്രത്യാശിക്കുന്നു. ട്രസ്റ്റിന്റെ പ്രവർത്തന മേഖലകളെക്കുറിച്ചും വ്യക്തമായ കാഴ്ചപ്പാട് രൂപീകരിക്കേണ്ടതുണ്ട്. 2015 ജൂൺ 2 ൽ ചേർന്ന കമ്മറ്റി ട്രസ്റ്റിന്റെ അംഗത്വം ചേർക്കുന്നതിനെപ്പറ്റി ആലോചിച്ചിരുന്നു. ട്രസ്റ്റ് പ്രവർത്തനങ്ങളുമായി സഹകരിക്കുന്നവരെ അംഗങ്ങളാക്കാനാണ് ആലോചന

സെക്രട്ടറി

# അഭയൻ സ്മാരകകേന്ദ്രത്തിന്റെ നിലവിലുള്ള ട്രസ്റ്റികൾ


| | |
|---|---|
| എ.ആർ. സിന്ധു | മാനേജിംഗ് ട്രസ്റ്റി |
| അഡ്വ. ഗിരീഷ് എസ്. നായർ | പ്രസിഡന്റ് |
| അഡ്വ. പി. വനോദ്ജി | വൈസ്പ്രസിഡന്റ് |
| വിവേക് ഐപ് കുരുവിള | വൈസ്പ്രസിഡന്റ് |
| എ.ആർ. സാബു | വൈസ്പ്രസിഡന്റ് |
| ബി. സുനിൽ | സെക്രട്ടറി |
| കെ. ഷിബു | ജോ. സെക്രട്ടറി |
| നിഖില സുധർമ്മ | ജോ. സെക്രട്ടറി |
| വി.എസ്. അനിൽകുമാർ | ജോ. സെക്രട്ടറി |
| പി.എൻ. സോജൻ | ട്രഷറർ |
| അവനി എം. | |
| രാജീവ് എസ്. | |
| ടി.എസ്. ബാബുരാജ് | |
| അർജുൻരാജ് | |
| രാഹുൽ പ്രസാദ് | |
| രാജേഷ് പി.എസ്. | |
| എ.ആർ. മീന | |
| ബിനുകുമാർ എം.പി. | |
| അഭീഷ് എസ്.എസ്. | |
| സുശീന്ദ്ര വി. | |
| പി. മധു | |
| ശ്രീവിദ്യ എസ്.കെ. | (സ്ഥിരം ക്ഷണിതാവ്) |
| അമൽ ജി കൃഷ്ണ | (സ്ഥിരം ക്ഷണിതാവ്) |

# 2015-16 വരവു ചെലവ് സംക്ഷിപ്തം

| വരവ് | | ചെലവ് | | |
|---|---|---|---|---|
| എ.ആർ മീന | 300000.00 | രൂപീകരണയോഗം | | |
| | | വിവിധ ചെലവുകൾ | | 15090.00 |
| പി. വിനോദ്ജി | 20000.00 | ട്രസ്റ്റ് രജിസ്ട്രേഷൻ | | |
| | | പ്രാരംഭചെലവ് | | 2180.00 |
| ബി. സുനിൽ | 10500.00 | സ്മരണിക അച്ചടി | | 125000.00 |
| എ.ആർ സാബു | 5000.00 | അഭയം 2014 | | |
| എ.ആർ സിന്ധു | 5000.00 | സംഘടനാച്ചെലവ് | 24539 | |
| അരുണാദേവി പി. | 3000.00 | വാടക | 33300 | |
| പൊതുജനങ്ങളുടെ | | | | |
| സംഭാവന* | 102845.00 | സ്റ്റേജ് | 18620 | |
| നിക്ഷേപം പിൻവലിച്ചത് | 49500.00 | ലൈറ്റ് സൗണ്ട് | 37000 | |
| ബാങ്കു പലിശ | 360.00 | പ്രചാരണം | 37044 | |
| | | പെർഫോമൻസ് | 40253 | |
| | | ഭക്ഷണം | 50450 | |
| | | ഡോക്യുമെന്റേഷൻ | 2500 | |
| | | | | 243706.00 |
| | | ചാരിറ്റി: | | |
| | | വിവേകാനന്ദ | | |
| | | സേവാകേന്ദ്രം | 8000.00 | |
| | | സെറിനിറ്റിഹോം | | |
| | | ഓണസദ്യ | | |
| | | ഓണക്കോടി | 19000.00 | |
| | | | | 27,000.00 |
| | | പുരസ്ക്കാരം | | 22600.00 |
| | | നിക്ഷേപം | | 58360.00 |
| (*സംഭാവന തന്നവരുടെ | | ക്യാഷ് ഇൻ ഹാൻഡ് | | 2269.00 |
| വിശദാംശങ്ങൾ അന്യത്ര) | | | | |
| ആകെ | 496205.00 | ആകെ | | 496205.00 |

# 2014 ജൂൺ 14 ന് ലഭിച്ച സംഭാവനയുടെ വിശദാംശങ്ങൾ

| | |
|---|---|
| ആർ.കെ. മഞ്ചക്കുഴി | 100.00 |
| രവീന്ദ്രൻ പി.ജി. പൂഴിക്കുന്നേൽ | 100.00 |
| അനിൽകുമാർ | 100.00 |
| രാധാകൃഷ്ണൻ മാഞ്ഞൂർ | 100.00 |
| സോണി എലിക്കുളം | 100.00 |
| സന്തോഷ് ബി. ന്യൂഹാൾ | 100.00 |
| കെ.എം. മാത്യു മടുക്കക്കുഴി | 150.00 |
| രവിശങ്കർ, ചങ്ങനാശ്ശേരി | 200.00 |
| രാഹൂൽ നാരായണൻ, പയ്യന്നൂർ | 200.00 |
| ഹരോൾഡ് ജെയിംസ്, തിരുവനന്തപുരം | 200.00 |
| നജില, കൊച്ചി | 200.00 |
| ക്ലിന്റ് ആർ, കുടുക്കച്ചിറ | 200.00 |
| കെ.പി. ഗോപാലൻനായർ, കറുകച്ചാൽ | 250.00 |
| പ്രദീപ് ആർ. പനമറ്റം | 300.00 |
| അനു പി. | 300.00 |
| ജിബിൻ കെ. തോമസ്, കൊല്ലമ്പറമ്പിൽ, കൂവപ്പള്ളി | 300.00 |
| ദീപക് വിജയൻ, പ്ലാത്തോട്ടത്തിൽ | 500.00 |
| സിബി ജേക്കബ്, പന്തിരുവേലിൽ | 500.00 |
| സദാശിവൻ, കൃഷ്ണകൃപ, കൊച്ചി - 16 | 500.00 |
| രമേഷ്കുമാർ, തിരൂർ (പി.എ.ജി) | 500.00 |
| എൻ.പി. ബാലകൃഷ്ണൻ, കൊയിലാണ്ടി | 500.00 |
| പി.എസ്. ബാലചന്ദ്രൻ പനമറ്റം | 500.00 |
| സതീഷ് ചന്ദ്രൻ, പ്ലാവോലിൽ | 500.00 |
| പത്മിനി | 500.00 |
| സൽമാൻ വള്ളിക്കുന്ന് | 500.00 |
| ടി.പി. രാധാകൃഷ്ണൻനായർ, തുമ്പയിൽ | 500.00 |
| എം.എൻ. ഗംഗാധരൻ, ഇളങ്ങുളം | 500.00 |
| തോമസ് എം.യു. സംക്രാന്തി, കോട്ടയം | 500.00 |
| എ.ആർ. സാഗർ | 500.00 |
| എസ്.എബി രമാലയം | 500.00 |
| വാണി മുരളീമോഹൻ | 501.00 |
| പി.എൻ. സോജൻ | 561.00 |
| മാത്യു വർഗീസ് ആനിക്കാമുണ്ടയ്ക്കൽ | 1000.00 |
| പി. സനൽകുമാർ ആളുറുമ്പിൽ | 1000.00 |

| | |
|---|---|
| സി.ജി. അനിൽകുമാർ (ജയൻ) കാഞ്ഞിരക്കാട്ട് | 1000.00 |
| അഭിലാഷ് ഡി. മുട്ടത്തുകുന്നേൽ | 1000.00 |
| പി.എസ്. സതീശ്കുമാർ, പറപ്പിള്ളാത്ത് | 1000.00 |
| മാത്യു സെബാസ്റ്റ്യൻ, ചിറമുഖത്ത് | 1000.00 |
| ബാബു സെബാസ്റ്റ്യൻ പനച്ചിമറ്റത്തിൽ | 1000.00 |
| വിജു പോൾ, തെക്കേക്കര (പി.എ.ജി) | 1000.00 |
| അജയൻ (പി.എ.ജി) | 1000.00 |
| ഷാജി എം.റ്റി., മഴുക്കാവിൽ | 1000.00 |
| കെ.പി എൻ അമൃത, തൃശൂർ | 1000.00 |
| മോളി ടി, ആളുറുമ്പിൽ | 1000.00 |
| സുജാത ടി, ആളുറുമ്പിൽ | 1000.00 |
| ഗീത നായർ, ആളുറുമ്പിൽ | 1000.00 |
| കെ.ബി അജിത് കുമാർ, ചിത്രാലയം, ചെറുവള്ളി | 1000.00 |
| മനോജ്, ഇളങ്ങുളം | 1000.00 |
| മൃദുല സ്വാമിനാഥൻ | 1000.00 |
| എം. കെ രാധാകൃഷ്ണൻ, മാടത്താനിൽ | 1500.00 |
| ടി.എൻ സനാതനക്കുറുപ്പ് | 1500.00 |
| എം. പി ബിനുകുമാർ, മോതിരപ്പള്ളിൽ | 1500.00 |
| പി.വി കുട്ടിയമ്മ | 1500.00 |
| സെക്രട്ടറി, ദേശീയവായനശാല, പനമറ്റം | 2000.00 |
| ശശി ടി.എസ്, തടത്തിൽ | 2000.00 |
| എസ്. രാജീവ് ദേശീയ വായനശാല, പനമറ്റം | 2000.00 |
| കെ.ജി ഉണ്ണികൃഷ്ണൻനായർ, ആണ്ടുമഠം | 2000.00 |
| എൻ. ഉണ്ണികൃഷ്ണൻ നായർ കളരിയ്ക്കൽ ആണ്ടുമഠം | 2000.00 |
| വിജയകുമാർ, പ്ലാത്തോട്ടത്തിൽ | 2500.00 |
| രാജേഷ് ജി, ആണ്ടുമഠം | 2500.00 |
| ജി അനിൽകുമാർ, കളരിക്കൽ, മണിമല | 2500.00 |
| ബി. സുരേഷ്കുമാർ, കൊട്ടാരത്തിൽ, തമ്പലയ്ക്കാട് | 2500.00 |
| ലക്ഷ്മി ശശിധരൻ, കാർത്തികാലയം, പുലിയന്നൂർ | 5000.00 |
| ജ്യോതിവാസ് എ.കെ | 5000.00 |
| ഗിരിജാദേവി എ. ആണ്ടുമഠം | 5000.00 |
| ഭാസ്ക്കരൻ നായർ, പേരുക്കുന്നേൽ, പനമറ്റം | 6000.00 |
| പി.കൃഷ്ണപ്രസാദ്, ചന്ദ്രാലയം, സുൽത്താൻ ബത്തേരി | 6000.00 |
| എ.ആർ സിന്ധു, ആളുറുമ്പിൽ | 1130.00 |
| അഭീഷ് എസ്.എസ്, തിയേറ്റർഹട്ട് , പാലാ | 8253.00 |
| ക്യാബിനെറ്റ് കമ്മ്യൂണിക്കേഷൻസ്, | 12500.00 |
| ആകെ | 102845.00 |



മൃഗം അതിന്റെ പരിസരത്തെ
ഉപയോഗപ്പെടുത്തുന്നു;
സ്വന്തം സാന്നിദ്ധ്യം കൊണ്ടു മാത്രം
അതിൽ മാറ്റങ്ങൾ വരുത്തുന്നു.
മനുഷ്യനാകട്ടെ,
അവന്റെ ഉദ്ദേശസിദ്ധിക്കുവേണ്ടി
അതിൽ മാറ്റങ്ങൾ വരുത്തുന്നു,
അതിനെ വരുതിയിലാക്കുന്നു.
മനുഷ്യനും മറ്റുജന്തുക്കളും
തമ്മിലുള്ള അന്തിമമായ,
കാതലായ, വ്യത്യാസം ഇതാണ്.
അദ്ധ്വാനമാണ് ഈ വ്യത്യാസം
കൈവരുത്തുന്നത്.

-ഫ്രഡറിക് എംഗൽസ്


BE



ഭൂമിയിൽ ജീവനുണ്ടെന്ന
ശാസ്ത്രസത്യത്തെക്കാൾ
പ്രാധാന്യമുള്ളത്
ഭൂമിക്കു ജീവനുണ്ടെന്ന
മൗലികയാഥാർത്ഥ്യത്തിനാണ്.

മാനവികത
കേവലം മനുഷ്യക്ഷേമത്തെ
തുണയ്ക്കുന്നതല്ല,
സർവ്വജീവജാലത്തെയും
കണക്കിലെടുക്കുന്നതാണ്.

കുറുംകവിതകൾ – വി. ബാലചന്ദ്രൻ